നം.കെ.എസ്.എ-കെ.ടി.എം.പി17/108/2020 തീയതി : 07.05.2020

# കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ നഗരപാലികാ നിയമം 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുതൽ 30.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27-01-2020ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2020 മുതൽ 27.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഡാനിമോൾ.കെ.ജെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത്ത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബാബുരാജ് കെ.ബി | ഓഡിറ്റർ |
| | ശ്രീ.ജോഷി തോമസ് | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| മുനിസിപ്പൽ ചെയർമാൻ | ശ്രീ റ്റി.എം. റഷീദ് | 1.04.2018 മുതൽ04.05.2018 വരെ |
| | ശ്രീ വി.കെ.കബീർ | 05-05-2018മുതൽ31-03-2019വരെ |
| സെക്രട്ടറി | ശ്രീമതി കവിത എസ്.കുമാർ | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ.ഷാജു.എൻ (സൂപ്രണ്ട്), അഡീഷണൽ ചാർജ് | 21.06.2018 മുതൽ 4.07.2018 വരെ |
| | ശ്രീമതി രാജശ്രീ പി.നായർ | 05.07.2018 മുതൽ 02.11.2018 വരെ |
| | ശ്രീമതി.മിനി പി.എ.(സൂപ്രണ്ട്), അഡീഷണൽ ചാർജ് | 03.11.2018 മുതൽ 28.02.2019 വരെ |
| | ശ്രീ.സാനന്ദസിംഗ്.ബി | 01.03.2019 മുതൽ 31.03.2019 വരെ |

**<u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അതുൽ വി.ജയപാൽ. | 1.04.2018 മുതൽ 07.04.2018 വരെ |
| | ശ്രീമതി.സന്ധ്യ ആർ | 08.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഗ്രേസിക്കുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സണ്ണി മാത്യൂ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഗ്രേസി തോമസ് | 01.04.2018 മുതൽ 24.07.2018 വരെ |
| | ഡോ നിഹാൽ മുഹമ്മദ് | 25.07.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശോഭനകുമാരി എം.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മുനിസിപ്പൽ എൻജിനീയർ | ശ്രീ.സതീഷ് കുമാർ (ഓവർസിയർ) അഡീഷണൽ ചാർജ്ജ് | 01.04.2018 മുതൽ 04.07.2018 വരെ |
| | ശ്രീമതി.അനു.ജി.വർഗ്ഗീസ് | 05.07.2018 മുതൽ 28.12.2018 വരെ |
| | ശ്രീ.ടോമി ലൂക്കോസ്, ഓവർസിയർ ഗ്രേഡ് I (അഡീഷണൽ ചാർജ്ജ്) | 29.12.2018 മുതൽ 06.01.2019 വരെ |
| | ശ്രീമതി.അതുല്യ.എ | 07.01.2019 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ ബേബി സഫീന റ്റി.എം | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ഭാഗം 1- ഓഡിറ്റ് റിപ്പോർട്ട് | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷികകണക്കിന്റെ അവലോകനം |
| 1-8-1 | ബാങ്ക് ബുക്ക് – ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തൽ-അപാകതകൾ |
| 1-8-2 | രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ |
| 1-8-3 | വിവിധ ദിവസങ്ങളിൽ നികുതി പിരിവ് - വരവ് ഇനങ്ങളിൽ ഫ്രണ്ട് ഓഫീസിൽ വന്ന ചെക്ക്/ഡിഡി തുകകൾ കളക്ഷനാക്കിയില്ല |
| 1-9 | വസ്തുനികുതി, വസ്തുനികുതി നിർണ്ണയം, "സഞ്ചയ" - അവലോകനം |
| 1-10 | അനധികൃത നിർമ്മാണങ്ങൾ വ്യാപകം- ബാധകമായ വസ്തുനികുതി ഈടാക്കിയില്ല |

| | |
|---|---|
| 1-11 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ |
| 1-12 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- |
| 1-13-1 | വാടക ബൈലോ തയ്യാറാക്കിയിട്ടില്ല |
| 1-13-2 | വാടക കുടിശിക ഈടാക്കാനവശേഷിക്കുന്നു |
| 1-13-3 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ/മുറികൾ ഒഴിവായി കിടക്കുന്നു |
| 1-14-1 | വിവിധ ലേലനടപടികൾ - വരവ് ലഭിച്ചിട്ടില്ല |
| 1-14-2 | ഉപയോഗശൂന്യമായ മെറ്റീരിയൽസും പത്രക്കടലാസും - ലേലനടപടികൾ അടിയന്തിരമായി സ്വീകരിക്കണം |
| 1-14-3 | ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ മുറിച്ചു മാറ്റിയ അക്കേഷ്യ മരങ്ങൾ ലേലം ചെയ്തിട്ടില്ല |
| 1-15 | ആവശ്യമായ മാലിന്യസംസ്കരണ സൗകര്യങ്ങൾ ഒരുക്കാതെയും കരാറില്ലാതെയും സ്ലോട്ടർ ഹൗസ് പ്രവർത്തനം നടത്തി |
| 1-16 | നഗരസഭാകൗൺസിൽ മിനിറ്റ്സ് ബുക്ക് നഷ്ടപ്പെട്ടു- ഗുരുതരമായ കൃത്യവിലോപം |
| 1-17 | മഴക്കാലപൂർവ്വശുചീകരണം/ആരോഗ്യജാഗ്രത പരിപാടികൾ - നിർവഹണത്തിലെ അപാകതകൾ. |
| 1-18 | സെക്രട്ടറിയുടെ ശമ്പളം/പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാരിലേയ്ക്ക് തുക ഒടുക്കുന്നില്ല. |
| 1-19 | നഗരസഭാ കാര്യാലയത്തിലെ ഇലക്ട്രിക്കൽ വർക്കുകൾ - നിർവഹണത്തിലെ അപാകതകൾ |
| 1-20 | ഇ.പി.എഫ് വിഹിതം യഥാസമയം ഒടുക്കാതിരുന്നതിനാൽ നഗരസഭ പിഴ ഒടുക്കി. |
| 1-21 | പുത്തൻപള്ളി ജുമാമസ്ജിദ് ജംഗ്ഷനിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് - നഗരസഭയെ ഏൽപ്പിക്കാത്ത പ്രവൃത്തി നിർവഹിച്ചു. |
| 1-22 | ലൈബ്രറിസെസ് - ഒടുക്കുന്നില്ല. |
| 1-23 | ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിയ്ക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടതാണ് |
| 1-24 | സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല- വക്കീൽ ഫീസ് അനുവദിച്ചതിലെ അപാകതകൾ. |
| 1-25 | വാഹനപരിപാലനത്തിലെ അപാകതകൾ |
| 1-26 | ഭക്ഷണത്തിന് തുക ചെലവഴിച്ചത് - അനുബന്ധരേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-27 | പത്താഴപ്പടി പുതിയ ജലസേചന പദ്ധതിക്ക് പൈപ്പും മോട്ടോറും വാങ്ങൽ - ചെലവഴിച്ച തുക ഫലപ്രദമായില്ല |
| 1-28 | കംഫർട്ട് സ്റ്റേഷൻ നിർമ്മാണം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 1-29 | ഭരണസമിതിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച - ആസ്തിവികസനഫണ്ട് 80 ലക്ഷം രൂപ നഗരസഭക്ക് നഷ്ടപ്പെട്ടു |
| 1-30 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - മാർക്കറ്റ് നിരക്ക് നിർണ്ണയത്തിൽ നടപടിക്രമം പാലിച്ചില്ല |
| 1-31 | വാർഷികപദ്ധതിയിൽപെടുത്തി അംഗീകാരം ലഭ്യമാക്കാത്ത പ്രോജക്ടിന് തനത്ഫണ്ടിൽ നിന്നും തുക നല്കി |
| 1-32 | അളവുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തൽ നടത്തി-നഗരസഭക്ക് നഷ്ടവും ഗുണനിലവാരത്തിൽ കുറവും |
| 1-33 | ആധുനിക മത്സ്യ/മാംസ മാർക്കറ്റ് നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവകരിച്ചിട്ടില്ല |
| 1-34 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഭവനപുനരുദ്ധാരണം - സർക്കാർ |

| | |
|---|---|
| | ഉത്തരവുകൾക്ക് വിരുദ്ധം |
| 1-35 | സംയോജിത മുട്ടഗ്രാമം -വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു-നടപടി ക്രമവിരുദ്ധം |
| 1-36 | തയ്യൽ മെഷീൻ വിതരണം - പ്രോജക്ട് സർക്കാർ ഉത്തരവിന് വിരുദ്ധം |
| 1-37 | പിവിസി വാട്ടർടാങ്ക് വാങ്ങി നൽകൽ -സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിൽ അധികം തുക ചെലവഴിച്ചു |
| 1-38 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമായില്ല |
| 1-39 | വാർഷികപദ്ധതി രൂപീകരണം -ചെലവ് രേഖകളിൽ അവ്യക്തത |
| 1-40 | കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ശ്രവണസഹായികൾ വാങ്ങൽ - രേഖകൾ ലഭ്യമായില്ല |
| 1-41 | കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 1-42 | പൊതു വിദ്യാഭ്യാസ സംരക്ഷണം -പഠന നിലവാരം മെച്ചപ്പെടുത്തൽ-അപാകതകൾ |
| 1-43 | ദേശീയ നഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം) |
| 1-44 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിലെ അപാകതകൾ |
| 1-45 | ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കി -കൺവീനർക്ക് അധിക തുക നൽകി |
| 1-46 | പി.എം.എ.വൈ ലൈഫ് മിഷൻ ഭവനപദ്ധതി |
| 1-47 | വിവിധ ഫോമുകളുടെ വിതരണം-രജിസ്റ്റർ സൂക്ഷിക്കുകയോ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല |
| 1-48 | ദുരിതാശ്വാസനിധി രൂപീകരിച്ചിരുന്നില്ല |
| **ഭാഗം 2 - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ** | |
| 3-1 | തയ്യൽ മെഷീൻ വിതരണം - പ്രോജക്ട് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം |
| 3-2 | പിവിസി വാട്ടർടാങ്ക് വാങ്ങി നൽകൽ -സബ്സിഡി മാർഗരേഖപ്രകാരം അനുവദനീയമായതിൽ അധികം തുക ചെലവഴിച്ചു |
| 3-3 | ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിയതിനാൽ -കൺവീനർക്ക് അധിക തുക നൽകി |
| 3-4 | അളവുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തൽ നടത്തി-നഗരസഭക്ക് നഷ്ടവും ഗുണനിലവാരത്തിൽ കുറവും |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പ/വായ്പാ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

| | |
|---|---|
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 63135074 | 15144581 |
| വരവ് | 299165567 | 146660927 |
| ആകെ | 362300641 | 161805508 |
| ചെലവ് | 319516465 | 138095506 |
| നീക്കിയിരിപ്പ് | 42784176 | 23710002 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും മതിയായ ശ്രദ്ധ പതിയേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഓ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18473871 | 18473871 | 16979395 | 1494476 | 92 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 963000 | 963000 | 712600 | 250400 | 74 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 663000 | 663000 | 312600 | 350400 | 47 |
| മെയിന്റനൻസ് | 0 | 5506000 | 5506000 | 3960424 | 1545576 | 72 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്, റോഡ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4078000 | 4078000 | 2841455 | 1236545 | 70 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7065000 | 7065000 | 6956681 | 108139 | 98 |
| പി.എം.എ.വൈ+ സ്വച്ഛ് ഭാരത് | 8384158 | 78809705 | 87193863 | 76717262 | 10476601 | |
| അയ്യൻകാളി തൊഴിലുറപ്പ പദ്ധതി | 4318002 | 5134281 | 9452283 | 6087334 | 3364949 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 9711203 | 9711203 | 9711203 | - | - |
| തനത് ഫണ്ട് | | 19291314 | 19291314 | 18765333 | - | വരവ് / ചെലവ് തുകകൾ രസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. |
| എൻ.യു.എൽ.എം | 97234 | 2803895 | 2901129 | 2639615 | 261514 | |
| ഗുണഭോക്തൃ വിഹിതം | 57705 | 282155 | 339860 | 333555 | 6305 | |

# 1-3 പദ്ധതി അവലോകനം

<u>പദ്ധതി രൂപീകരണം</u>

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് 2018-19 വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് കരട് വികസനരേഖ തയ്യാറാക്കിയിരുന്നു. പദ്ധതി രൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 17/2018 ത.സ്വ.ഭ.വ./2-2-2018) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിങ് ഗ്രൂപ്പുകളുടെ സംഘാടനം നടത്തിയിരുന്നില്ലെങ്കിലും സ്റ്റേക്ക് ഹോൾഡേഴ്സിന്റെ യോഗംചേരൽ, വാർഡ്സഭകളുടെ സംഘാടനം, കരട് പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| ഗ്രാമസഭാപൂർത്തീകരണം | 15-2-18 മുതൽ 13-5-18 വരെയുള്ള വിവിധ |

| | |
|---|---|
| | തീയതികൾ |
| വർക്കിങ്ങ് ഗ്രൂപ്പ് | പുന:സംഘടിപ്പിച്ചിട്ടില്ല |
| ആസൂത്രണ സമിതി യോഗം | 29-11-2017 |
| വികസനസെമിനാർ | 28-2-2018 |

**പദ്ധതി അംഗീകാരം**

ഈരാറ്റുപേട്ട നഗരസഭയുടെ 01-03-2018 ന് കൂടിയ കൗൺസിൽ യോഗത്തിലെ 22-ാം നം തീരുമാനപ്രകാരം അംഗീകരിച്ച 2018-19-ലെ അന്തിമ വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15-05-2018ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 6,72,19,472/- രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്. 56 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 268 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

**പദ്ധതിനിർവ്വഹണം**

അഗീകാരം കിട്ടിയ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 170 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വാർഷികപദ്ധതിച്ചെലവ് കേവലം 47% മാത്രമാണ്. 2018-19 സാമ്പത്തികവർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| നിവ്വഹണോദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 154620 | 146665 | 95 |
| വെറ്ററിനറി സർജൻ | 5 | 2 | 758000 | 325000 | 43 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ- പിഎച്ച്സി | 2 | 2 | 915000 | 760691 | 83 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ | 3 | 0 | 462027 | 0 | 0 |
| ഹെഡ്മാസ്റ്റർ | 5 | 2 | 613000 | 228000 | 37 |
| ഐസിഡിഎസ് സൂപ്പർവൈസർ | 4 | 3 | 4728535 | 3747500 | 79 |
| സെക്രട്ടറി | 42 | 26 | 13991357 | 10364900 | 74 |
| മുനിസിപ്പൽ എഞ്ചിനീയർ | 202 | 131 | 45296933 | 15890399 | 35 |
| **ആകെ** | 268 | 170 | 67219472 | 31763155 | 47 |

പിഎംഎവൈ പദ്ധതിയിൽപ്പെടുത്തി 113 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി നഗരസഭാ വിഹിതമായി 37,79,600/-രൂപ നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്താതിരുന്നതിനാൽ നിർവ്വഹണം വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 202 പ്രോജക്ടുകളിൽ 131 എണ്ണം

മാത്രമാണ് 2018-19 വർഷം നടപ്പാക്കിയത്. 85ലക്ഷം രൂപ അടങ്കലായി തയ്യാറാക്കിയ നഗരസഭാ ഓഫീസ് കെട്ടിടനിർമ്മാണം 2018-19 വർഷം ആരംഭിക്കാൻ പോലും കഴിഞ്ഞില്ല. സ്വച്ഛഭാരത് മിഷൻ വിഹിതവും വികസനഫണ്ടും ഉൾപ്പടെ 29,70,000/- രൂപ വിനിയോഗിച്ച് നിർമ്മാണം നടത്താൻ ഉദ്ദേശിച്ച പൊതുസ്ഥലങ്ങളിൽ ശുചിത്വാലയങ്ങൾ, വനിതാ ക്യാന്റീൻ പൂർത്തീകരണം, പത്താഴപ്പടി ജലസേചനപദ്ധതി, എന്നീ പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. തൻമൂലം മുനിസിപ്പൽ എഞ്ചിനീയർക്ക് ചെലവ് ശതമാനം 35% മാത്രമാണ്. വെറ്ററിനറി സർജൻ, ഹെഡ്മാസ്റ്റർ എന്നിവർ ഏറ്റെടുത്ത 5 പ്രോജക്ടിൽ 3 എണ്ണവും ഉപേക്ഷിക്കുകയുണ്ടായി. നഗരദാരിദ്രനിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ ഏറ്റെടുത്ത 3 പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയിരുന്നില്ല. പ്രോജക്ടുകൾ തയ്യാറാക്കിയതിന് ശേഷം നിർവ്വഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2018-19 വർഷം 89 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിയ്ക്കായി 18,75,000/-രൂപ ചെലവഴിച്ചിരുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്ക് വൻതുകകൾ കൈമാറിയിട്ടുണ്ട്.

<u>പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 49,85,536/- രൂപ നഗരസഭയ്ക്ക് നഷ്ടമായി</u>

വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമായ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങിയവ വകയിരുത്തി വാർഷികപദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ തയാറാക്കി ആസൂത്രണസമിതി അംഗീകാരം നേടിയിരുന്നു. എന്നാൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയുണ്ടായില്ല. വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത സർക്കാർ ഗ്രാന്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | ലാപ്സായതുക |
|---|---|---|---|
| വികസനഫണ്ട്, ജനറൽ | 18473871 | 16979395 | 1494476 |
| എസ്.സി.പി. | 963000 | 712600 | 250400 |
| ടി.എസ്.പി | 663000 | 312600 | 350400 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7065000 | 6956681 | 108139 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 5506000 | 3960424 | 1545576 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 4078000 | 2841455 | 1236545 |
| ആകെ | | | 4985536 |

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 49 ലക്ഷത്തിലധികം രൂപയാണ്. കൂടാതെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാൻ വൈകിയതിനാൽ 'ക്യൂ'വിലായ 40 ബില്ലുകൾ 2019-20 സാമ്പത്തിക വർഷം മാറിയിട്ടുണ്ട്. ഇപ്രകാരം മാറിയ തുകകൾക്കായി 2019-20 വർഷത്തെ ഗ്രാന്റ് അലോട്ട്മെന്റ്കളിൽ നിന്നാണ് കുറവ് വന്നിട്ടുള്ളത്. ഇതുമൂലം 37,64,358/- രൂപ തൻവർഷം പുതുതായി ഏറ്റെടുക്കാമായിരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ തുകകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിയ്ക്കാത്തതിനാൽ ഫലത്തിൽ 87,49,894/- രൂപ നഗരസഭയ്ക്ക് ആത്യന്തികമായി നഷ്ടമായി. പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാക്കി ഇത്തരം നഷ്ടം ഭാവിയിൽ ഒഴിവാക്കാൻ ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടില്ല - പദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല</u>

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ 2016-17 ൽ വർക്കിങ്ങ് ഗ്രൂപ്പ് കൂടിയതിന് ശേഷം നാളിതുവരെ വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടില്ലെന്ന് കാണുന്നു. പതിമൂന്നാം പദ്ധതിയിൽ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്യാതെ ഫലപ്രദമായ വർക്കിംഗ് ഗ്രൂപ്പ് പുന:സംഘാടനം ഒഴിവാക്കിയെന്നത് അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ്. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ

ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ അഭാവത്തിൽ മോണിറ്ററിങ്ങ് നഗരസഭയിൽ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>

<u>ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

പൊതുഭരണം, നികുതി, നികുതിയേതര വരവുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ സ്റ്റാന്റിംഗ്കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കുകൾ കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല. മാസംതോറും വരവ് ചെലവ്കണക്കുകൾ തയ്യാറാക്കി ബാങ്ക് അക്കൗണ്ടുകളുമായി ശരിയായ രീതിയിൽ പൊരുത്തൽപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലം വാർഷികകണക്കിൽ ഒട്ടേറെ അപാകതകൾ നിലനിൽക്കുന്നു.

<u>വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും ചർച്ച ചെയ്യുകയും തീരുമാനങ്ങളും നിർദ്ദേശങ്ങളും നഗരസഭാ കൗൺസിലിൽ അവതരിപ്പിക്കുകയും ചെയ്തുവെങ്കിലും പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തിയിരുന്നില്ലായെന്ന് കാണുന്നു. തൻമൂലം 72 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കാൻ സാധിച്ചിരുന്നില്ല.

<u>ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

<u>ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി</u>

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

<u>പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി</u>

പൊതുമരാമത്ത് സ്റ്റാന്റിംഗ്കമ്മിറ്റി 2015ന് ശേഷം മിനിറ്റ്സ് എഴുതി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത സ്റ്റാന്റിങ്ങ്കമ്മറ്റിയുടെ ചുമതലകൾ വേണ്ടരീതിയിൽ നിർവ്വഹിച്ചിരുന്നില്ലെന്നതാണ് ഇതിലൂടെ വെളിവാക്കപ്പെടുന്നത്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-4 ആഭ്യന്തരനിയന്ത്രണ സംവിധാനം

ധനകാര്യ പത്രികകളുടെ കൃത്യത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, എന്നിവ ഉറപ്പാക്കാൻ സാധിക്കുന്ന എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി. ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി അടിസ്ഥാനമാക്കി ഈരാറ്റുപേട്ട നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിയ്ക്കുകയുണ്ടായി.

കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഈരാറ്റുപേട്ട നഗരസഭയ്ക്ക് വളരെയധികം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിനായി ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിട്ടുണ്ട്. എങ്കിലും നഗരസഭയുടെ ഭരണപരമായ തീരുമാനങ്ങളുടെ പ്രധാന രേഖയായ ജനറൽ കൗൺസിൽ മിനുട്സ് ബുക്ക് തുടർച്ചയായ

വർഷങ്ങളിൽ കാണാതായിട്ടും നഗരസഭ നടപടികൾ സ്വീകരിച്ചില്ലായെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ കാര്യക്ഷമതയില്ലായ്മയുടെ ഏറ്റവും വലിയ തെളിവാണ്.(1.7.2016 മുതൽ 31.7.2018 വരെയുള്ള കാലഘട്ടത്തിലെ മിനിറ്റ്സ് ബുക്കുകൾ നഷ്ടപ്പെട്ടിരുന്നു). നഗരസഭയുടെ കണക്കുകളുടെ സൂക്ഷിപ്പും രേഖപ്പെടുത്തലുകളും വെളിപ്പെടുത്തേണ്ട വാർഷികധനകാര്യപത്രിക അപാകതകൾ നിറഞ്ഞതും അപൂർണ്ണവുമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതും മതിയായ സ്ഥിതിവിവരക്കണക്കുകളുടെയും രേഖകളുടെയും പിന്തുണയില്ലാതെ തയാറാക്കിയതുമാണ് എന്ന് ഇതുസംബന്ധിച്ച് നല്കിയ, നിരവധി വിശേഷണങ്ങളോടുകൂടിയ നിരാകരണ സർട്ടിഫിക്കറ്റ് വ്യക്തമാക്കുന്നു. വാർഷികപദ്ധതി രൂപീകരണം, വരവ് ചെലവുകളുടെ നിയന്ത്രണം എന്നിവയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഭരണസമിതിയും കാര്യമായ പങ്ക് വഹിക്കുന്നില്ല.

**അക്കൗണ്ടിംഗ്സമ്പ്രദായം**

അക്കൗണ്ടന്റ് തസ്തിക ഉണ്ടെങ്കിലും മതിയായ പരിശീലനത്തിന്റെ അഭാവം മൂലം സാംഖ്യാ സമ്പ്രദായത്തിലുള്ള അക്കൗണ്ടിങ്ങിൽ നിരവധി പിഴവുകൾ സംഭവിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ സെക്രട്ടറിയുടെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരം കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. ക്യാഷ്ബുക്ക്, ബാങ്ക്ബുക്ക് തുടങ്ങിയവ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ച് റിക്കൺസിലിയേഷൻ തയാറാക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പിട്ടുസൂക്ഷിക്കുകയോ ചെയ്യുന്നില്ല. രസീതുകളുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് ഒട്ടനവധി അപാകതകൾ നിലനിൽക്കുന്നുവെന്നതും നഗരസഭയുടെ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിന്റെ പോരായ്മയാണ് സൂചിപ്പിക്കുന്നത്.

**നികുതി പിരിവ്, ഡി.സി.ബി. എന്നിവ സംബന്ധിച്ച്**

28 വാർഡുകളിലും വസ്തുനികുതിനിർണ്ണയം പൂർത്തിയാക്കി സഞ്ചയയിൽ ചേർത്തിട്ടില്ല. ഇതിൽനിന്ന് വസ്തുനികുതി സംബന്ധിച്ച ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. സ്ഥാപനങ്ങളുടെ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയുടെ വിവരങ്ങൾ ഇല്ലാത്തതിനാൽ തൊഴിൽനികുതി, ലൈസൻസ് ഇനങ്ങളിലെ കൃത്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ നിർണ്ണയിക്കുന്നതിന് സാധിച്ചിട്ടില്ല. 2015ൽ നഗരസഭ രൂപീകരിച്ച് നാളിതുവരെയായിട്ടും വാടക, ലേലം പിരിവ് സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മറ്റി ഈ വിഷയത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല.

**ചെലവ് രേഖകളുടെസൂക്ഷിപ്പ്**

സാമ്പത്തികവർഷത്തെ എല്ലാ ചെലവുകളുടെയും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. ചെക്ക് നൽകി ഒരു മാസത്തിന് ശേഷം പേയ്മെന്റ് വൗച്ചർ നൽകുന്നതായും കാണുന്നു. കൂടാതെ വൗച്ചറുകൾ ടാഗ് ചെയ്തോ, ബൈന്റ് ചെയ്തോ സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ ഫർണീച്ചർ, മറ്റ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ലെന്നതും നിയന്ത്രണസംവിധാനത്തിന്റെ പോരായ്മയാണ്.

**ആസ്തിരജിസ്റ്റർ**

നഗരസഭയിൽ ആസ്തിരജിസ്റ്റർ പരിപാലിക്കുന്നില്ല. നിലവിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംബന്ധിച്ച യാതൊരുവിവരവും നഗരസഭയിലില്ലെന്നത് അതീവ ഗൗരവമർഹിക്കുന്നു. പുതുതായി നിർമ്മിക്കപ്പെടുകയോ ആർജ്ജിക്കുകയോ ചെയ്യുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിന്റെ അഭാവത്തിൽ കൂട്ടിച്ചേർക്കൽ നടത്താൻ സാധിച്ചിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ കൃത്യമായ വിവരം, രേഖകളുൾപ്പെടെ ലഭ്യമല്ല. ആസ്തിരജിസ്റ്റർ സ്ഥാപനത്തിന്റെ ആസ്തികളെ ശരിയായവിധം വർഗീകരിച്ച് പൂർണവും കൃത്യവുമായ വിവരങ്ങൾ ചേർത്ത് പരിപാലിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെയും എൻജിനീയറിംഗ് വിഭാഗത്തിന്റെയും സംയോജിത നടപടികൾ ഉണ്ടാവേണ്ടതാണ്.

**വാഹനങ്ങൾ**

നഗരസഭയുടെ ഉടമസ്ഥതയിൽ 8 വാഹനങ്ങളാണുള്ളത്. വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. വാഹനങ്ങളുടെ സൂക്ഷിപ്പും ഉപയോഗക്രമവും സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2017 ലെ ഉത്തരവ് (എം.എസ്)170/17 ലെ നിബന്ധനകൾ കൃത്യമായി പാലിക്കുന്നില്ലെന്ന് കാണുന്നു. വാഹന ഉപയോഗത്തിൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നതിൽ ഉത്തരവാദിത്തപ്പെട്ടവരുടെ നിഷ്കർഷ ഉണ്ടാവേണ്ടതാണ്.

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം തീർത്തും അപര്യാപ്തമാണെന്ന് നിലവിലെ സ്ഥിതി വ്യക്തമാക്കുന്നു. പരിഹാരനടപടികളിലൂടെ ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-1-2019 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18728 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2018 മുതൽ 12.12.2018 വരെ | 2013-14 മുതൽ 2017-18 വരെ | LBA (HQ)II/1/8A-163/ 2018-19 dtd.14.1.2019 |

## 1-7 വാർഷികകണക്കിന്റെ അവലോകനം

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവുകൾ അനുസരിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ബാങ്ക് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ദിനാന്ത്യ/മാസാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.
3. RP40(b) യിൽ ഉൾപ്പെട്ട 450430100, 450410300, 450620100, 450650600 എന്നീ ശീർഷകങ്ങളിലുള്ള അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. ജീവനക്കാരുടെ തൊഴിൽ നികുതി ഒഴികെയുള്ള വരവിനങ്ങളുടെ രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
5. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിലുള്ള ഡിമാന്റ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
6. ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, സ്ലോട്ടർ ഹൗസ് എന്നീ ഇനങ്ങളിലുള്ള വരവ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. 140409900 എന്ന ശീർഷകത്തിൽ 8,38,525/- രൂപ വരവ് ഉണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ/രേഖകൾ സൂക്ഷിച്ചിട്ടില്ല.
8. ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തൽ പ്രക്രിയയിൽ 27,75,253/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 27,76,253/- രൂപയാണ്. 1,000/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.
9. PMAY HUDCO ലോൺ ഇനത്തിൽ 2,30,00,000/- രൂപ 21.02.2019ൽ വരവുണ്ട്. എന്നാൽ ലോൺ തുക വാർഷിക ധനകാര്യ പത്രികയിൽ സെക്യൂർഡ് ലോൺ ആയി അക്കൗണ്ട് ചെയ്തിട്ടില്ല. ആയത് RP(24)ൽ 320100100 എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.
10. B-7 ഷെഡ്യൂളിൽ ഉൾപ്പെട്ട 20,14,988/- രൂപയുടെ ഡെപ്പോസിറ്റ് റിസീവ്ഡ് എന്ന ശീർഷകത്തിലെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

11. ബി-18 ഷെഡ്യൂളിൽ 01.04.18ൽ മുൻബാക്കിയുണ്ടായിരുന്ന മുൻകൂറുകൾ എന്ന ഇനത്തിലുള്ള 18,52,233/- രൂപ 31.03.2019ൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആയത് ബാദ്ധ്യത തിരികെ കൊടുക്കുന്ന ശീർഷകത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

12. സെക്രട്ടറിയുടെ ശമ്പളം/പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുക ബാധ്യതകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയിട്ടുള്ള തുകകൾ ബി-18 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. വാർഷികധനകാര്യ പത്രികയിൽ 350200125 ഓഡിറ്റ് റിക്കവറി എന്ന ശീർഷകത്തിൽ 196816/- രൂപ വരവ് ചേർത്തിരുന്നുവെങ്കിലും ആയത് യഥാർത്ഥത്തിൽ ഓഡിറ്റ് റിക്കവറിയിനത്തിലെ വരവല്ല. ലെഡ്ജർ പ്രകാരം ലോൺ അക്കൗണ്ട് എന്നാണ് ചേർത്തിട്ടുള്ളത്.

## 1-8-1 ബാങ്ക് ബുക്ക് – ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തൽ-അപാകതകൾ

മുനിസിപ്പാലിറ്റിയുടെ വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് ദിനം പ്രതി ക്ലോസ് ചെയ്ത് അക്കൗണ്ടന്റ് സൂക്ഷിക്കേണ്ടതാണ് എന്ന് 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 6 ഉം , ബാങ്ക് ബുക്കിലെ എല്ലാ രേഖപ്പെടുത്തലുകളും ബാങ്ക്/ ട്രഷറി പാസ്സ് ബുക്ക് /സ്റ്റേറ്റ്മെന്റുമായി ഒത്തുനോക്കി ബാങ്ക് നീക്കിയിരിപ്പ് ബാങ്ക്/ ട്രഷറി പാസ്സ് ബുക്ക് /സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തൽ നടത്തി പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രിക അടുത്ത മാസം 7ന് മുമ്പായി തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ് എന്ന് ചട്ടം 53 ഉം വ്യവസ്ഥ ചെയ്യുന്നു. എങ്കിലും അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. പലപ്പോഴും വരവുകളും ചെലവുകളും അതത് സമയം രേഖപ്പെടുത്താതെ മാസങ്ങൾക്ക് ശേഷമാണ് രേഖപ്പെടുത്തൽ നടത്തുന്നത് . ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള ഒത്തുനോക്കൽ നടത്തുന്നില്ല എന്ന് മാത്രമല്ല മാർച്ച് മാസത്തെ ഒഴികെയുള്ള പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ നീക്കിയിരിപ്പിലുള്ള വ്യത്യാസം "Directly Credited by the Bank / Directly Debited by the Bank" എന്ന് രേഖപ്പെടുത്തി പൊരുത്തപ്പെടുത്തൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. എസ്.ബി.ഐ.ഈരാറ്റുപേട്ടയിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2019 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Particulars | Amount | Amount |
|---|---|---|
| Closing Balance as per Bank Book | | |
| ADD | | |
| Cheque issued but not presented to Bank | 6,938,754 | |
| Directly Credited by the Bank | 93,733 | |
| Sub Total | 0.00 | 7,032,487 |
| LESS | 0.00 | 7,032,380 |
| Cheque Deposited but not Collected from Bank | 107.00 | |
| Directly Debited by the Bank | | |
| Total (Sub Total-LESS) | | |
| Closing Balance as per Bank Statement | | 7,032,380 |

മാർച്ച് 30,31 തീയതികളിൽ ഇഷ്യൂ ചെയ്തിട്ടുള്ള 9 ചെക്കുകളുടെ തുകയാണ് 'Cheque issued but not presented to Bank' ായി രേഖപ്പെടുത്തിയിട്ടുള്ള 93,733/- രൂപ. 30.3.2019 തീയതിയിലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക 4,86,629/-രൂപ 31.3.19 തീയതിയിൽ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുക ബാങ്കിൽ ക്രെഡിറ്റ് വന്നിട്ടുള്ളത് 2.4.2019 ൽ മാത്രമാണ്. ഈ തുക പോലും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ

ഉൾപ്പെട്ടിട്ടില്ല. ഇത് കൂടാതെ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ബാങ്കിൽ ക്രെഡിറ്റ് വരാതെയും ചെലവ് തുകകൾ ബാങ്കിൽ നിന്ന് പിൻവലിക്കപ്പെടാതെയും ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത തുകകൾ പിൻവലിക്കപ്പെട്ടതായും എല്ലാം വളരെയധികം വൈരുദ്ധ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) താഴെപ്പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണുന്നില്ല.

| ബാങ്ക് ബുക്ക് പേജ് നം | ഇൻസ്ട്രുമെന്റ് നം/ തീയതി/ വിവരണം | തുക (വരവ്) ₹ | തുക(ചെലവ്) ₹ |
|---|---|---|---|
| 16 | 11.9.18/കാഷ് | 112270 | - |
| 23 | 14278/24.10.18(excess provisions written back) | 196816 | |
| 25 | 21.11.18/ക്യാഷ് | 79905 | - |
| 26 | 11.12.18/ക്യാഷ് (correcion) | - | 38612 |
| 33 | 27.12.18/ക്യാഷ് (correcion) | 212692 | - |
| 37 | 29.12.18 /ക്യാഷ് (correcion)<br>/ക്യാഷ് (correcion)<br>/ക്യാഷ്(correcion) | 42764 | 76325<br>78626<br>85528 |
| 45 | ചെക്ക് നം.3033201/2.2.19 | 38000 | - |
| 50 | ചെക്ക് നം.9535233/19.2.19 | 17000 | - |
| 88 | 27.2.19 /ക്യാഷ് (correcion) | 608657 | - |
| 89 | ചെക്ക് നം.8093188/27.2.19 | 22500 | - |
| 89 | 28.2.19 /ക്യാഷ്(correcion) | 635300 | - |
| 91 | ചെക്ക് നം.969720/27.2.19<br>ചെക്ക് നം.969720/27.2.19 | 6000<br>5000 | |
| 99<br>101 | ചെക്ക് നം.594773714/21.2.19<br>ചെക്ക് നം.594773714/21.2.19 | 55727<br>4070 | |
| 121 | 23.3.19 /ക്യാഷ്(correcion) | - | 998783 |
| 129 | 28.3.19 /ക്യാഷ്(collecion) | 64681 | |
| 134 | 30.3.19 /ക്യാഷ്(collecion) | - | 309765 |

2) താഴെപ്പറയുന്ന തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണുന്നുണ്ടെങ്കിലും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വന്നിട്ടുള്ളതായി കാണുന്നില്ല.

| ബാങ്കിൽ വരവ് വന്ന/ചെലവ് തീയതി | ഇൻസ്ട്രുമെന്റ് നം/ തീയതി/ വിവരണം | തുക (വരവ്) ₹ | തുക(ചെലവ്) ₹ |
|---|---|---|---|
| 12.10.18 | ചെക്ക് നം.239796 | - | 42854 |
| 1.11.18 | കാഷ് | 42640 | |
| 23.11.18 | കാഷ് | 82514 | - |
| 15.3.19 | ചെക്ക് നം.606902 | - | 33777 |

കൂടാതെ,3.10.18 മുതൽ 10.10.18 വരെയുള്ള തീയതികളിൽ ബാങ്ക് ബുക്ക് പ്രകാരവും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവുമുള്ള വരവ്/ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | ബാങ്ക് ബുക്ക് പ്രകാരം | സ്റ്റേറ്റ്മെന്റ് പ്രകാരം | റിമാർക്സ് |
|---|---|---|---|
| 3.10.18 | 49699 | 66380 | |
| 4.10.18 | 62886 | - | |
| 5.10.18 | 20858 | - | |
| 6.10.18 | 14406 ,1536 | - | |
| 9.10.18 | 17567 | - | |
| 10.10.18 | 89440 | 88850 | |

മേൽപ്പറഞ്ഞവ കൂടാതെ നിരവധി അപാകതകൾ ബാക്കി നിൽക്കുന്നുണ്ട്. നഗരസഭയുടെ തനത് ഫണ്ട് ഉൾപ്പെടെയുള്ള അക്കൗണ്ടുകളുടെ പരിപാലനത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയതായി കാണുന്നില്ല. 30.3.2019 തീയതിയിലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക 4,86,629/-രൂപ 2.4.2019 തീയതിയിൽ ക്രെഡിറ്റായിട്ടുണ്ട് എന്നത് മാത്രമാണ് മേൽപ്പറഞ്ഞ അപാകതകളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം.29/22.01.2020 & നം.38/24.01.2020) മറുപടിയായി അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8-2 രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

രസീതുകളുടെ ഉപയോഗത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാനുവൽ രസീതുകൾ ഉപയോഗിക്കുമ്പോൾ കാൻസൽ ചെയ്യുന്ന രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ ഒപ്പു വെക്കുന്നില്ല. 21.1.2020 മുതൽ ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ കാരണം രേഖപ്പെടുത്തുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

2. മാനുവൽ രസീതുകൾക്ക് ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല. (ഉദാ. രസീത് ബുക്ക് നം. 25 -2401 മുതൽ 2435 വരെ രസീതുകൾ). ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നതിനെ കുറിച്ച് നിർദേശങ്ങളൊന്നും ലഭിച്ചിരുന്നില്ലെന്നും ഇനി മാനുവൽ രസീതുകൾ ഉപയോഗിക്കുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

3. രസീത് ബുക്ക് നം. 21 ൽ രസീത് നം. 2004- ഒറിജിനൽ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് രസീതു ബുക്കിലില്ലാത്തതാണെന്നും കാണുന്നു. തുകയൊന്നും രേഖപ്പെടുത്തുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. ആയത് ക്യാൻസൽ ചെയ്ത രസീതാണെന്നും തുകയൊന്നും അടവു വരുത്തിയിട്ടില്ലെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

ക്യാൻസൽ ചെയ്യുന്ന രസീതുകളുടെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും നഷ്ടമാകാതെ സൂക്ഷിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതുമാണ്.

4. 6.6.19 ൽ ഫ്രണ്ട് ഓഫീസ് സംവിധാനം തകരാറിലായി. മാന്യുവൽ രസീത് ബുക്ക് അക്കൗണ്ടന്റിന്റെ കൈവശമായിരുന്നതിനാലും അവധിയിലായിരുന്നതിനാലും സാംഖ്യ രസീത് സ്റ്റേഷനറിയിൽ മാന്യുവലായി രസീത് എഴുതി നൽകി. ഫ്രണ്ട് ഓഫീസ് സംവിധാനം തകരാറിലായതിനാലും മാന്യുവൽ രസീത് ലഭ്യമല്ലാത്തതിനാലും മേലധികാരിയുടെ നിർദ്ദേശ പ്രകാരമാണ് സാംഖ്യ സ്റ്റേഷനറിയിൽ മാന്യുവലായി തുക രേഖപ്പെടുത്തിയതെന്നും അപാകത പരിഹരിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചു. കമ്പ്യൂട്ടർ സംവിധാനം തകരാറിലാകുന്ന സാഹചര്യത്തിൽ ഉപയോഗിക്കാൻ മാനവൽ രസീതുകൾ ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാകുന്നത് തികഞ്ഞ അനാസ്ഥയായാണ് കാണുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

5. സാംഖ്യ രസീതുകളുടെ സ്റ്റേഷനറി വരവ് വന്നത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്റ്ററിലില്ല. നിലവിൽ എത്ര സാംഖ്യ സ്റ്റേഷനറികൾ നീക്കിയിരുപ്പുണ്ടെന്ന് രജിസ്റ്റർ പ്രകാരം വിശദാംശങ്ങൾ ലഭ്യമല്ല. സാംഖ്യ രസീതുകൾ ഗ്രാമലക്ഷ്മിയിൽ നിന്നും ലഭ്യമാകുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഫ്രണ്ട് ഓഫീസിലേക്ക് ആവശ്യമുള്ള എണ്ണം രസീതുകൾ മാത്രം നൽകി ചുമതലയുള്ള ജീവനക്കാരിൽ നിന്നും ഒപ്പ് വാങ്ങുകയും ചെയ്യേണ്ടതാണ്.

6. 1.4.18 മുതൽ 31.12.19 വരെ 689 രസീതുകൾ ക്യാൻസൽഡ് രസീത് പത്രിക പ്രകാരമുണ്ട്. ഇതിൽ ഒരു രസീതിൽ പോലും ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് വെച്ചിട്ടില്ല. സാംഖ്യ സോഫ്റ്റ്‌വെയറിൽ കാരണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും രസീതിൽ കാരണം രേഖപ്പെടുത്തിയിരുന്നില്ലെന്നും അപാകതകൾ ആവർത്തിക്കുന്നതല്ലെന്നും മറുപടി ലഭിച്ചു.

7. പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടുള്ള ഡേ ബുക്കിലെ തുകകളും ഇപ്പോൾ ലഭ്യമാകുന്ന ഡേ ബുക്കും തമ്മിൽ വ്യത്യാസം കാണുന്നു. 12.3.19 ലെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ഡേ ബുക്ക് പ്രകാരം 175521/- രൂപയും നിലവിലെ ഡേ ബുക്ക് പ്രകാരം 162417/- രൂപയുമാണ് കാണുന്നത്. ഡേ ബുക്ക് ഏതാനും രസീതുകൾ കാൻസൽ ചെയ്യുന്നതിന് മുമ്പ് എടുത്ത് സൂക്ഷിച്ചവയാണെന്നും യഥാർത്ഥത്തിൽ വരവുള്ള തുക അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. ഡേ ബുക്ക് കൃത്യമായി എല്ലാ ദിവസവും പ്രിന്റെടുത്ത് സൂക്ഷിക്കാത്തതിനാലും തുകകൾ വരവ് വന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്താത്തതിനാലുമാണ് ഇത്തരം പിഴവുകളുണ്ടാകുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8. 26.2.19 ലെ രസീത് നം. 118110108563 (സ്റ്റേഷനറി നം. 13467) പ്രകാരം 24520/- രൂപ വസ്തു നികുതിയിനത്തിൽ വരവുണ്ട്. ക്യാൻസൽഡ് രസീത് പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത തുക ബാങ്കിൽ അടവാക്കിയിട്ടില്ല. പ്രസ്തുത രസീത് ക്യാൻസൽ ചെയ്തിട്ടുള്ളതാണെന്നും ക്യാൻസൽഡ് പത്രികയിൽ സോഫ്റ്റ് വെയർ തകരാർ മൂലം ഉൾപ്പെട്ടിട്ടില്ലെന്നും ടി തുക പിന്നീട് വരവ് വന്നിട്ടുള്ളതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

വളരെയേറെ ശ്രദ്ധ പുലർത്തേണ്ട രസീതുകളുടെ ഉപയോഗത്തിൽ യാതൊരു ജാഗ്രതയും പുലർത്താത്തത് അനാസ്ഥയായി വിലയിരുത്തുന്നു. രസീതുകളുടെ ഉപയോഗക്രമത്തിലും അക്കൗണ്ടുകളിൽ തുക വരവ് വന്നെന്ന് ഉറപ്പ് വരുത്തുന്നതിലും മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-8-3 വിവിധ ദിവസങ്ങളിൽ നികുതി പിരിവ് - വരവ് ഇനങ്ങളിൽ ഫ്രണ്ട് ഓഫീസിൽ വന്ന ചെക്ക്/ഡിഡി തുകകൾ കളക്ഷനാക്കിയില്ല

വിവിധ ദിവസങ്ങളിൽ നികുതി പിരിവ്, വരവ് ഇനങ്ങളിൽ ഫ്രണ്ട് ഓഫീസിൽ വന്ന ചെക്ക്/ഡിഡി തുകകൾ കളക്ഷനാകാത്തതായി പാസ് ബുക്കുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വരവ് ഇനം | കളക്ഷൻ വരവ് വന്ന തീയതി | തുക |
|---|---|---|---|
| 1 | വസ്തു നികുതി | 30.8.18 | 10680 |

| | | | |
|---|---|---|---|
| 2 | അദർ ഫീസ് | 4.12.18 | 196816 |
| 3 | എംപി ഫണ്ട് | 12.2.19 | 698099 |
| 4 | തൊഴിൽ നികുതി ബിഡിഒ | 20.2.19 | 17000 |
| 5 | തൊഴിൽ നികുതി, എക്സൈസ് റേഞ്ച് ഓഫീസർ | 27.2.19 | 22500 |
| 6 | തൊഴിൽ നികുതി പിഡബ്ല്യൂഡി റോഡ് സെക്ഷൻ | 6.3.19 | 6250 |
| 7 | തൊഴിൽ നികുതി, മുൻസിഫ് മജിസ്ട്രേറ്റ് കോടതി | 7.3.19 | 55727 |
| 8 | തൊഴിൽ നികുതി, മുൻസിഫ് കോടതി | 22.8.19 | 21250 |
| 9 | തൊഴിൽ നികുതി, സജീവ് കുമാർ | 19.10.19 | 1250 |
| 10 | ജനറൽ പർപ്പസ് ഫണ്ട്, മാനേജിംഗ് ഡയറക്ടർ | 31.10.19 | 1500 |

ഫ്രണ്ട് ഓഫീസ് വഴി വരവിനത്തിൽ ചെക്ക്/ഡിഡി വഴി ലഭിച്ച മേൽ സൂചിപ്പിച്ച തുകകൾ കളക്ഷനാകാത്തത് സംബന്ധിച്ച് വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.34/24.01.2020) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ദൈനംദിന വരവുകൾ കൃത്യമായി അടവ് വരുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ലെന്നും പണമിടപാടുകൾ കൃത്യമായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ലെന്നും പരിശോധനകളിൽ വ്യക്തമാണ്. റീ കൺസിലിയേഷൻ പത്രികകളിൽ ചെക്കുകൾ കളക്ഷനാകാതെ അവശേഷിക്കുന്നത് ഉൾപ്പെടുത്തുന്നതിൽ വ്യക്തതയില്ല. ദൈനം ദിന പണമിടപാടുകളിലെ സുതാര്യത ഉറപ്പാക്കാത്തത് പണമിടപാടുകളിൽ ക്രമക്കേടുകളുണ്ടാകുന്നതിനും നഗരസഭാഫണ്ടിന്റെ നഷ്ടത്തിനും വഴി തെളിക്കുമെന്നതിനാൽ ഈ വിഷയത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 1-9 വസ്തുനികുതി, വസ്തുനികുതി നിർണ്ണയം, "സഞ്ചയ" - അവലോകനം

വാർഷികധനകാര്യപത്രിക പ്രകാരം 35,82,253/- രൂപ തൻവർഷ വസ്തുനികുതിയിനത്തിലും 11,36,710/- രൂപ വസ്തുനികുതി കുടിശികയിനത്തിലും പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്നുണ്ട്. നഗരസഭയുടെ വസ്തുനികുതി പരിഷ്കരണനടപടികൾ അടുത്തയിടെ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 2018-19 വർഷത്തിന്റെ ആരംഭത്തിൽ വസ്തുനികുതി പരിഷ്കരണ നടപടികൾ പാതിവഴിയിലായിരുന്നതിനാൽ തൻവർഷ വസ്തുനികുതി ഡിമാന്റായി 92,38,093/- രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വസ്തുതാപരമല്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' സോഫ്റ്റ്‌വെയർ 'സാംഖ്യ'യുമായി ബന്ധിപ്പിച്ചിട്ടില്ല. മാത്രമല്ല, 2013 മുതലുള്ള രസീതുകൾ 'സഞ്ചയ'യിൽ രേഖപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. ജീവനക്കാരുടെ ഗണ്യമായ കുറവുമൂലം 2014-15 വരെയുള്ള രസീതുകളുടെ എൻട്രി മാത്രമാണ് പൂർത്തിയായിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. 2018-19 വരെയുള്ള രസീതുകളുടെ എൻട്രി പൂർത്തിയാക്കി 'സഞ്ചയ'സോഫ്റ്റ്‌വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചാൽ മാത്രമേ യഥാർത്ഥ കുടിശിക വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. ആയതിനാൽ വാർഷികധനകാര്യപത്രികയിൽ പ്രതിഫലിക്കുന്ന കുടിശിക തുകകൾ യഥാർത്ഥമല്ല.

വസ്തുനികുതി നിർണ്ണയ വിവരങ്ങൾ 'സഞ്ചയ'യിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1)ശ്രീ.ബിജു തോമസ്,ഇളന്തോട്ടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന് (2/421) വാണിജ്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് 11.9 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ്. അതുപോലെ, ശ്രീ.സി.എം.മുഹമ്മദ്, ശ്രീ.സി.എം. ഷംസുദിൻ, ചാത്തുഖാൻപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന് (21/341) ടി ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് 30 ച.മീ തറവിസ്തീർണ്ണത്തിനാണ് എന്നും കാണുന്നു. കനോപ്പി ഉൾപ്പെടുന്ന ഭാഗം പരിഗണിക്കാതെ ഓഫീസ് കെട്ടിടത്തിന്റെ തറവിസ്തീർണ്ണം മാത്രമാണോ ടി പെട്രോൾ പമ്പുകളുടെ നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (47 തീയതി 27.1.2010)

സ്ഥലപരിശോധന നടത്തി തറവിസ്തീർണ്ണത്തിൽ മാറ്റം കാണുന്ന പക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

2) ചെയർമാൻ,മുഹമ്മദീയ പള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ള പി.എം.സി ഹോസ്പിറ്റലിന് (20/1166) 2015 രണ്ടാം അർദ്ധവർഷത്തെ വസ്തുനികുതി പരിഷ്ക്കരണത്തിൽ 28188/- രൂപയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ, സഞ്ചയയിലെ ഡിമാന്റും ബാലൻസും പരിശോധിക്കുമ്പോൾ 9866/- രൂപയാണ് വാർഷിക വസ്തുനികുതിയായി രേഖപ്പെടുത്തി കാണുന്നത്. ടി കെട്ടിടത്തിന്റെ വസ്തുനികുതി ഡിമാന്റിൽ യഥാർത്ഥ നികുതിയുമായുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റിനെ അറിയിച്ചിട്ടുള്ളതും അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

3) ശ്രീ.അലക്സ് തോമസ്, ശ്രീ.പി.എൻ.സതീശൻ, നടുപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഫിഞ്ച് ഹോട്ടൽസ് എന്ന സ്ഥാപനത്തിന്റെ 2/397 മുതൽ 2/401 വരെ നമ്പറുകളിലുള്ള കെട്ടിടങ്ങൾക്ക് കാലപ്പഴക്കത്തിന്റെയും വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യസ്തമായ രീതികളിൽ ഇളവ് നല്കിയിട്ടുള്ളതായി കാണുന്നു. പൂഞ്ഞാർ ഏറ്റുമാനൂർ ഹൈവേയിൽ സ്ഥിതി ചെയ്യുന്ന ടി ഹോട്ടലിന്റെ 2/397 നമ്പർ കെട്ടിടത്തിന് കുറുമുളംതടം മദ്രസാ റോഡ് -1.5 മീറ്ററോ അതിലോ കുറവ് എന്നതിൽ 10%ഇളവ് നൽകിയിട്ടുണ്ട്. 2/399 നമ്പർ കെട്ടിടത്തിന് 5 വർഷം മാത്രം പഴക്കം രേഖപ്പെടുത്തിയിട്ടുള്ളപ്പോൾ മറ്റ് കെട്ടിടങ്ങൾക്ക് 11 വർഷത്തെ പഴക്കം രേഖപ്പെടുത്തിയിട്ടുണ്ട്. അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടങ്ങൾ 2010-11 വർഷത്തിൽ നിർമ്മിച്ചിട്ടുള്ളതാണ് എന്നും കാലപഴക്കം, വഴി സൗകര്യം എന്നിവയിൽ വേണ്ട തിരുത്തലുകൾ വരുത്തി നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

മേഖലാ വിഭജനം, റോഡിന്റെ തരം എന്നിവയിൽ വ്യാപകമായ വൈരുദ്ധ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. "സഞ്ചയ"യിൽ ടി ഇനങ്ങൾ കൃത്യമായി സെറ്റ് ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് മേൽപ്പറഞ്ഞ ഓഡിറ്റന്വേഷണക്കുറിപ്പിലൂടെ വ്യക്തത തേടിയിരുന്നു. നഗരസഭ അതിർത്തികൾ, റോഡുകൾ, റോഡിന്റെ തരം തിരിവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ "സഞ്ചയ"യിൽ കൃത്യമായി സെറ്റ് ചെയ്തിട്ടില്ലാത്തതും സ്ഥപരിശോധനയിൽ കാണുന്ന വിവരങ്ങൾ അനുസരിച്ച് വർദ്ധനവ്, ഇളവ് ഇവ നൽകുയാണ് നിലവിൽ ചെയ്തുവരുന്നത് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ റോഡുകൾ, റോഡിന്റെ തരം തിരിവ് എന്നിവയിൽ വ്യക്തത വന്നിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുകയും മേഖലാ വിഭജനം, റോഡിന്റെ തരം ഉൾപ്പെടെയുള്ള വിവരങ്ങൾ "സഞ്ചയ"യിൽ കൃത്യമായി അപ്‌ലോഡ് ചെയ്ത് നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 അനധികൃത നിർമ്മാണങ്ങൾ വ്യാപകം- ബാധകമായ വസ്തുനികുതി ഈടാക്കിയില്ല

ഒക്യുപൻസി/നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശ്രീ.അഭിലാഷ് മാത്യു, കണ്ണമുണ്ടയിൽ എന്നയാൾക്ക് നഗരസഭയിലെ BL-48,49/12-2 ൽ പെട്ട സ്ഥലത്ത് താഴെപ്പറയുന്ന തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 109/2016-17 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നൽകിയിരുന്നു.

തറ നില : 132.91 ച.മീ

ഒന്നാം നില : 132.91 ച.മീ

രണ്ടാം നില : 142.09 ച.മീ

എന്നാൽ, ഈരാറ്റുപേട്ട വടക്കേക്കരയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടത്തിന് നാല് നിലകളുള്ളതായും പാർക്കിംഗ് എന്ന് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള മുറി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതായും കാണുന്നു.

2) ശ്രീഎം.കെ.റെസ്‌ലി, മുരിക്കോലിൽ, അൻവർ നിസായി, ഷെർമിൻ,ആര്യശേരിൽ എന്നിവരുടെ പേരിൽ നഗരസഭയുടെ BL-48,43/3, 43/4 നമ്പറിൽപെട്ട സ്ഥലത്ത് താഴെപ്പറയുന്ന തറവിസ്തീർണ്ണമുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 26.10.2017 തീയതിയിലെ 223/2017-18 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നൽകിയിരുന്നു.

പാസ്സേജ് : 65.22 ച.മീ

ഒന്നാം നില : 147.68 ച.മീ

രണ്ടാം നില : 147.68 ച.മീ

8.9.2018ൽ നിർമ്മാണം പൂർത്തീകരിച്ചതായി സാക്ഷ്യപത്രം നൽകി ഒക്യുപെൻസിയ്ക്ക് അപേക്ഷിക്കുകയും കംപ്ലീഷൻ പ്ലാനിന്റെയടിസ്ഥാനത്തിൽ താഴെ ചേർത്തിട്ടുള്ള പ്രകാരം 25.1.2019 ൽ ഒക്യുപെൻസി നൽകുകയും തുടർന്ന് വസ്തു നികുതി നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഈരാറ്റുപേട്ട വടക്കേക്കരയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടത്തിന് ഒക്യുപെൻസി നൽകിയതിലും കൂടുതൽ നിലകളുള്ളതായും ഇടതുവശത്തെ പാസ്സേജിന്റെ ഭാഗത്ത് സ്റ്റെയർ നിർമ്മിച്ചിട്ടുള്ളതായും കാണുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഉൾപ്പെടെ ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങളിൽ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം.28/23.01.2020) ചുവടെ ചേർത്തിട്ടുള്ള നിർമ്മാണങ്ങളെ സംബന്ധിച്ച വിവരങ്ങൾ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് ലഭിക്കുകയുണ്ടായി.

(3) നഗരസഭയുടെ 3-ാം വാർഡിൽ മുട്ടം ജംഗ്ഷന് സമീപം തൊടുപുഴ റോഡിൽ മീനച്ചിലാറിന്റെ തീരത്ത് ശ്രീ.പി.കെ.പരീത്, പൊന്തനാൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് മുകളിൽ RCC Column നിർമ്മിച്ച് Sheet roofing നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(4) വാർഡ് XI ൽ ശ്രീ. വി.എ.പരീക്കൊച്ച്, വെള്ളൂപ്പറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഇരുനില കെട്ടിടത്തിന് മുകളിൽ രണ്ടാം നിലയും സ്റ്റെയർ ക്യാബിനും നിർമ്മിക്കുന്നതായും ഭൂനിരപ്പ് നിലയിൽ 5 കടമുറികൾ പ്രവർത്തിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂനിരപ്പ് നില, ഒന്നാം നില, സ്റ്റെയർ ക്യാബിൻ എന്നിവയുടെ നിർമ്മാണത്തിന് പെർമിറ്റും ഒക്യുപെൻസിയും ലഭിച്ചിട്ടുള്ളതായി ടിയാൻ 30.8.19 തീയതിയിൽ നടന്ന ഹിയറിംഗിൽ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായി കാണുന്നു. ഇപ്രകാരം നിർമ്മാണ പെർമിറ്റും ഒക്യുപൻസിയും നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വസ്തുനികുതി നിർണ്ണയിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

(5) ശ്രീ.റഫീക്ക് പി.എസ്, പേഴുംകാട്ടിൽ എന്നയാളുടെ ഉടമസ്ഥതയിൽ നഗരസഭ 2ം വാർഡിൽ സൂര്യാ തിയേറ്ററിന് എതിർവശം വ്യത്യസ്ത ഗണത്തിൽ നിർമ്മിച്ച കെട്ടിടത്തിന്റെ സെല്ലാർ, ഭൂനിരപ്പ് നില, ഒന്നാം നില, രണ്ടാം നില എന്നിവയ്ക്ക് കെട്ടിട നമ്പർ നൽകിയിട്ടുള്ളതാണ്. എന്നാൽ, ടിയാൻ അനധികൃതമായി മൂന്നാം നിലയും സൈഡ് യാർഡിലും റിയർ യാർഡിലും വരാന്തയും നിർമ്മിക്കുകയും ഫ്രണ്ട് യാർഡിൽ മൂന്നാം നിലയുൾപ്പെടെ എസിപി പാനലിംഗ് നടത്തുകയും റിയർ യാർഡിൽ വരാന്ത ഷീറ്റ് റൂഫിംഗ് നടത്തുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(6)നഗരസഭ 20-ാം വാർഡിൽ 20/1037 നമ്പർ കെട്ടിടത്തിന് പിന്നിലായി ശ്രീ.വി.എം.സുൽത്താൻ ഇബ്രാഹിം, നെടുമാക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് ട്രസ്സ് വർക്ക് നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(7) നഗരസഭയുടെ III-ാം വാർഡിൽ ശ്രീ.നവാസ്, കണിയാംകുന്നേൽ എന്നയാൾ 56/5-1-4-1-2 റീ സർവ്വേ നമ്പരിൽപെട്ട സ്ഥലത്ത് F കാറ്റഗറിയിൽപെട്ട 26.52 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഒക്യുപെൻസിയും കെട്ടിട നമ്പരും അനുവദിച്ചിരുന്നു. അതിന് ശേഷം ടി കെട്ടിടം പൂർണ്ണമായും പൊളിച്ചുനീക്കി 172 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടം അനധികൃതമായി നിർമ്മിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242 (1) "ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 233 വകുപ്പ് (2)-ാം ഉപവകുപ്പിൽ

പറയുന്ന ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്" എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 താഴെപ്പറയുന്ന കാര്യങ്ങൾ നിഷ്കർഷിക്കുന്നുണ്ട്.

(1) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫാറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

(2) നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന "യു.എ." എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത്, 242-ാം വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാകുന്നു.

(3) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 242-ാം വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയക്കേണ്ടതുമാണ്. അപ്രകാരം നികുതി ചുമത്തുന്നതുമൂലം കെട്ടിടനിർമ്മാണം ക്രമവത്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കില്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ളതുൾപ്പെടെയുള്ള അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിൽ മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242, കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/23.01.2020) മറുപടി ലഭിച്ചിട്ടില്ല. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ തുടരുമ്പോൾ തന്നെ മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1. നഗരസഭാ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കായിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഇന്റൽ മണി പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 2 | ആദം ക്രിയേഷൻസ് | ഒന്നാം അർദ്ധവർഷം |
| 3 | അയിഷാദ് ഗാർമന്റ്സ് | ഒന്നാം അർദ്ധവർഷം |
| 4 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 5 | മീനച്ചിൽ ഈസ്റ്റ് അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക്(ഇവനിംഗ് ബ്രാഞ്ച്) | ഒന്നാം അർദ്ധവർഷം |
| 6 | എളംതോട്ടം എന്റർപ്രൈസസ് | ഒന്നാം അർദ്ധവർഷം |
| | | |

| 7 | പിഎംസി ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം |
|---|---|---|

തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

2. തൊഴിൽ നികുതി പത്രികകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമായില്ല. ലഭിച്ച പത്രികകളിൽ തൊഴിൽ നികുതി കുറവായി അടവാക്കിയത് ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം, ജീവനക്കാരന്റെ പേര്, തസ്തിക | പത്രിക പ്രകാരം അർദ്ധവർഷത്തെ വരവ് | ഈടാക്കേണ്ട തൊഴിൽ നികുതി | അടവാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | സിജി തോമസ്, ജൂനിയർ അസിസ്റ്റന്റ്, അസി. ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, കെഎസ്ആർടിസി | 138010 | 1250 | 1000 | 250 |
| 2 | സുനിത സി.പി., ജൂനിയർ അസിസ്റ്റന്റ്, അസി. ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, കെഎസ്ആർടിസി | 138010 | 1250 | 1000 | 250 |
| 3 | ശ്രീവിദ്യ, എച്ച്എസ്എ, അൽ മാനാർ പബ്ലിക് സ്കൂൾ | 48000 | 450 | 300 | 150 |
| 4 | അന്നമ്മ വർഗീസ്, പോസ്റ്റ് ഓഫീസ്, ഈരാറ്റുപേട്ട | 130706 | 1250 | 1000 | 250 |

കുറവായി അടവാക്കിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

3. അൽഫോൻസാ പബ്ലിക് സ്കൂൾ ആന്റ് ജൂനിയർ കോളജ് ജീവനക്കാരുടെ പത്രികകൾ പ്രകാരം ആകെ തുക 40700/- രൂപ ആണ്. എന്നാൽ അടവാക്കിയ തുക 40250/- രൂപമാത്രമാണ്. (രസീത് നം.103876/24.9.18). കുറവായി അടവാക്കിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

4. തൊഴിൽ നികുതി രജിസ്റ്ററിൽ ഇൻഡക്സ് രേഖപ്പെടുത്തുന്നില്ല. ക്രമ നമ്പർ പ്രകാരം പത്രികകൾ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുകയും കുറവായി അടവാക്കിയത് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. തനതു ഫണ്ടിലേക്കുള്ള വരവ് പൂർണ്ണമായും വരവിലെടുക്കാനാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം നഗരസഭാപരിധിയിൽ വ്യാപാര, വ്യവസായസ്ഥാപനങ്ങൾ നടത്തുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ തരം | എണ്ണം |
|---|---|
| | |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 3659 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 532 |
| | |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 3 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 75 |
| അസംബ്ലി കെട്ടിടം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം, ലോഡ്ജ് | 382 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 4 |
| വ്യവസായാവശ്യത്തിനുള്ള – കൈത്തറിഷെഡ്, കയർപിരിഷെഡ് | 25 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 43 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 112 |
| ആകെ | 4835 |

സഞ്ചയയിലെ വിശദാംശം പ്രകാരം നഗരസഭാ പരിധിയിൽ 4,835 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണയിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ ആയിരത്തിൽ താഴെ വ്യാപാരികൾ മാത്രമാണ് ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത്. നഗരസഭാപരിധിയിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ പുതുക്കിയ വാർഡ് അടിസ്ഥാനത്തിലല്ല ലൈസൻസ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. 28 വാർഡുകളാണ് ആകെയുള്ളതെങ്കിലും 18 വാർഡുകളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഫീൽഡ് സ്റ്റാഫിന്റെ അഭാവം മൂലം താൽക്കാലിക ജീവനക്കാരുടെ സഹായത്തോടെയാണ് ലിസ്റ്റെടുത്തതെന്നും ഈ വർഷം മുതൽ പുതുക്കിയ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജീവനക്കാരുടെ അഭാവം നിലനിൽക്കുന്നതിനാലാണ് പ്രധാനമായും എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാകാത്തത് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

പുതുക്കിയ വാർഡിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13-1 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത വാടകക്കാരുമായി ആവശ്യമായ ഉപാധികളും വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ലെന്ന് കാണുന്നു. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുകയൊന്നും വാങ്ങി സൂക്ഷിക്കാതെയാണ് മുറികൾ വാടകയ്ക്ക് നൽകുന്നത്. താഴെ കൊടുത്തിട്ടുള്ള വാടകക്കാർക്ക് കരാർ ചമയ്ക്കാതെയാണ് മുറികൾ നൽകിയിട്ടുള്ളതെന്ന് കാണുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | മുറി നം. | വാടകക്കാരന്റെ പേര്, വിലാസം | പ്രതിമാസ വാടക |
|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 9 | ജോബി ജോസഫ്, നടുത്തൊട്ടിയിൽ | 6830 |
| 2 | | 10 | പി.ജെ. ജോൺസൻ, പാലയ്ക്കൽ | 4348 |
| 3 | | 16 | മുഹമ്മദ് സലി പിഎസ്, പുതുപ്പറമ്പിൽ | 4348 |
| 4 | | 19 | ജോമി ജോസഫ്, വലിയപറമ്പിൽ | 1864 |
| 5 | | 21 | പി.എം.സവദ്, പുത്തൻ പീടികയിൽ | 1864 |
| 6 | | 23 | അനസ് പി.പി., പുത്തൻപറമ്പിൽ | 1864 |

| | | | | |
|---|---|---|---|---|
| 7 | | 29 | സജ്ന സാജൻ, കൊന്നച്ചാടത്ത് | 1864 |
| 8 | | 31 | ജോവമ്മ ജോസഫ്, മഴവന്നൂർ | 1864 |
| 9 | | 32 | കെ.എസ്. മുഹമ്മദ് ബഷീർ, ഇഞ്ചക്കാട്ടിൽ | 1864 |
| 10 | | 35 | പ്രസിഡന്റ്, സ്വതന്ത്രതൊഴിലാളി യൂണിയൻ | 1864 |
| 11 | | 37 | സ്വാലിഹ് കെ.എസ്., കൊന്നച്ചാടത്ത് | 4348 |
| 12 | | 38 | എ.കെ. അബ്ദുൾ ഖാദർ, ആലുംതറ | 6830 |
| 13 | | 41 | പ്രസിഡന്റ്, ഫേസ് | 2249 |
| 14 | വനിതാ ഉൽപ്പന്ന വിതരണ കേന്ദ്രം | 4/405 B | നെജ്മ സെയ്ദ്, മറ്റക്കൊമ്പനാൽ | 5208 |
| 15 | | 4/405 D | ഷെരീഫ് കാസിം, അൽ ബരാക്കത്ത് | 5208 |
| 16 | | 4/405 E | ബഷീർ ഇ.പി., ഇലവുങ്കൽ താഴെ | 5208 |
| 17 | | 4/405 H | യഹീനമോൾ, വെള്ളൂപറമ്പിൽ | 5192 |

മേൽ സൂചിപ്പിച്ച മുറികൾ കൂടാതെ മറ്റുള്ള വാടകക്കാരിൽ നിന്നും എഗ്രിമെന്റ് വെക്കുന്നതിനായി മുദ്രപത്രം വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും യാതൊരു രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. എഗ്രിമെന്റ് വെക്കാത്തവരിൽ നിന്നും അടിയന്തിരമായി എഗ്രിമെന്റ് വാങ്ങി സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. വനിതാ ഉൽപ്പന്ന കേന്ദ്രത്തിലെ കടമുറികൾ വാടകക്കെടുത്തവരിൽ നിന്നും സെക്യൂരിറ്റി ഇനത്തിൽ തുക വാങ്ങിയിട്ടുണ്ടെന്നും പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ വാടകമുറികളുടെ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് കൗൺസിലിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചു. കൃത്യമായ കരാർ വ്യവസ്ഥകളുണ്ടാക്കാതെയും ഡെപ്പോസിറ്റ് തുക ഈടാക്കാതെയും വാടകയ്ക്ക് മുറികൾ നൽകുന്നതിനാൽ നിയമപരമായി വാടകക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വരുന്നു. കൂടാതെ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കാനും സാധിക്കാതെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട്. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-13-2 വാടക കുടിശിക ഈടാക്കാനവശേഷിക്കുന്നു

1. നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടത്തിന്റെ 2018-19 വർഷത്തെ 6 മാസത്തെ വാടക അടവാക്കിയിട്ടില്ലെന്ന് രജിസ്റ്റർ പ്രകാരം കാണുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ വിവരം | വാടകക്കാരന്റെ പേര്, വിലാസം | വാടക അടവാക്കാനുള്ള മാസം | പ്രതിമാസ വാടക(ജിഎസ് ടി ഉൾപ്പെടെ) | അടവാക്കാനുള്ള തുക (ജിഎസ് ടി ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം, റൂം നം. 4/405 E | ബഷീർ ഇ.പി., ഇലവുങ്കൽ താഴെ | 10/18-3/19 | 5208 | 6x5208 = 31248 |

വാടക കുടിശിക സംബന്ധിച്ച എൻക്വയറിക്ക് കുടിശികക്കാർക്ക് നോട്ടീസ് നൽകിയതായി മറുപടി നൽകി.

2. വാടക കുടിശികയായതിനെ തുടർന്ന് താഴെ കൊടുത്തിട്ടുള്ള കടമുറികൾ നഗരസഭ പൂട്ടിയെടുത്തിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | വാടകക്കാരന്റെ പേര്, വിലാസം | നിശ്ചയിച്ച പ്രതിമാസ വാടക (ജിഎസ് ടി ഉൾപ്പെടെ) | വാടക അടവാക്കിയത് സംബന്ധിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 29 | സജ്ന സാജൻ, കൊന്നച്ചാടത്ത് | 1864 | 2006 (രസീത് നം. 10551/15.12.18) | --- |
| 2 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 31 | ജോവമ്മ ജോസഫ്, മഴുവന്നൂർ | 1864 | 2017-18 മുതൽ വാടക കുടിശികയാണ് | |
| 3 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 35 | പ്രസിഡന്റ്, സ്വതന്ത്ര തൊഴിലാളി യൂണിയൻ | 1864 | 2017-18 മുതൽ വാടക കുടിശികയാണ് | |
| 4 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 41 | പ്രസിഡന്റ്, ഫേസ് | 2249 | 2017-18 മുതൽ വാടക കുടിശികയാണ് | |

മുറികൾ പൂട്ടിയെടുത്തിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വാടകക്കാർ ഏതു മാസം വരെ മുറി ഉപയോഗിച്ചിട്ടുണ്ടെന്നും ആ കാലയളവിലെ വാടക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഫയലുകളിൽ നിന്നും വ്യക്തമല്ല. കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താനും ഉപയോഗിച്ച കാലയളവിലെ വാടക കുടിശിക ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13-3 നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ/ മുറികൾ ഒഴിവായി കിടക്കുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ/മുറികൾ വാടകക്ക് പോകാതെ ഒഴിവായി കിടക്കുന്നതായി ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | മുൻ വർഷത്തെ വാടകക്കാരന്റെ | നിശ്ചയിച്ച പ്രതിമാസ | റിമാർക്സ് |
|---|---|---|---|---|

| | | പേര്, വിലാസം | വാടക (ജിഎസ്ടി ഉൾപ്പെടെ) | |
|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 42 | യാഹിയാ, കൊച്ചേപ്പറമ്പിൽ | 9082 | ആർ.ഐ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി മുറി വാടകയ്ക്ക് കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ് |
| 2 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 43 | സിദ്ധിഖ്, കണ്ടൻകുളം | 2999 | ആർ.ഐ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി മുറി വാടകയ്ക്ക് കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ് |
| 3 | കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം A | രജിസ്റ്ററിൽ വിശദാംശങ്ങൾ ലഭ്യമല്ല. | വിശദാംശങ്ങൾ ലഭ്യമല്ല. | |
| 4 | കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം B | സാബു നീണ്ടുകുന്നേൽ | 5712 | |
| 5 | കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം C | ഷാഹുൽ, ആറ്റുചാലിൽ | 6568 | |
| 6 | കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം E | ഹാജാ ബി., പഴയപറമ്പിൽ | 7497 | |
| 7 | കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം F | യാഹിയാ സലിം, വടയത്തറയിൽ | 7853 | |
| 8 | കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം G | ഷംസുദീൻ, കുന്നിപ്പറമ്പിൽ | 6340 | |

കൂടാതെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 20 കടമുറികളുടെ പണി പൂർത്തിയായി മാസങ്ങളായിട്ടും ഇതേ വരെ വാടകയ്ക്ക് കൊടുക്കുന്നതിന് വേണ്ട നടപടികളെടുത്തിട്ടില്ലെന്നു കാണുന്നു. കടമുറികൾ ഒഴിവായി കിടക്കുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ അന്വേഷണക്കുറിപ്പിന് ക്രമ നം. 1,2 കെട്ടിടങ്ങൾ വാടക കുടിശിക വരുത്തിയതിനാൽ പൂട്ടിയെടുത്തിട്ടുള്ളതാണെന്നും കെട്ടിടത്തിന്റെ മേൽക്കൂര തകർന്നതിനാൽ ഉപയോഗപ്രദമല്ലെന്നും മെയിന്റനൻസിനു ശേഷം മാത്രമേ വാടകയ്ക്ക് കൊടുക്കാനായി സാധിക്കുവെന്നും മറുപടി ലഭിച്ചു. ക്രമ നം 3-8 വരെ കെട്ടിടങ്ങൾ ബസ് സ്റ്റാന്റിൽ, ബസുകൾ കയറാത്തതിനാൽ ലാഭകരമല്ല എന്ന കാരണത്താൽ ഒഴിവായിട്ടുള്ളതാണെന്നും പുനർലേലം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ 2 തവണ ലേലത്തിൽ വെച്ചിട്ടും ലേലത്തിൽ പോകാത്തതാണെന്നും മൂന്നാമതും ലേലം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളതാണെന്നും മറുപടി ലഭിച്ചു. നഗരസഭയുടെ പ്രധാന തനതു വരുമാനങ്ങളിലൊന്നായ വാടക പിരിവ് ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മെയിന്റനൻസ് ആവശ്യമുള്ള വാടക മുറികൾ ഉപയോഗയോഗ്യമാക്കി വാടകയ്ക്ക് കൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14-1 വിവിധ ലേലനടപടികൾ - വരവ് ലഭിച്ചിട്ടില്ല

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനായി 23.3.18ൽ നടന്ന ലേലത്തിൽ ഇ.ഐ. ഐഷ എന്ന വ്യക്തി 2,75,000/- രൂപയ്ക്ക് ലേലം കൊണ്ടെങ്കിലും തുക ഒടുക്കിയില്ല. 31.3.18 ൽ നടത്തിയ പുനർലേലത്തിൽ ടിയാൾ തന്നെ 4,02,000/- രൂപയ്ക്ക് ലേലം പിടിച്ചെങ്കിലും നാളിതു വരെയായി തുക അടവാക്കുകയോ കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് തുക അടവാക്കാത്തതിനാൽ 11.4.18 ലും 20.4.18ലും ടിയാളെ വിലക്കി പുനർലേലം നടത്തിയെങ്കിലും ആരും ലേലം പിടിക്കാത്തതിനാൽ നഗരസഭ നേരിട്ട് നടത്തി വന്നതായി മറുപടി ലഭിച്ചു. അന്വേഷണത്തിൽ ഇ.ഐ. ഐഷ, ഇലവുങ്കൽ തന്നെ പിരിവ് നടത്തി തുക നഗരസഭയിൽ അടയ്ക്കുന്നതായാണ് മനസിലാക്കിയത്. എന്നാൽ പിരിവിനായി രസീതുകൾ നഗരസഭയിൽ നിന്നും നൽകുന്നതായോ പിരിക്കുന്ന തുകയുടെ ആധികാരികത സംബന്ധിച്ചോ യാതൊരു രേഖകളും നഗരസഭയിൽ ലഭ്യമല്ല. കൂടാതെ പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന് അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. വളരെയേറെ ജനങ്ങൾ വന്നു പോകുന്ന ഈരാറ്റുപേട്ട പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ഉപയുക്തമാക്കേണ്ടത് നഗരസഭയുടെ അടിസ്ഥാനപരമായ കർത്തവ്യമാണ്. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും രസീത് പിരിവ് ക്രമപ്രകാരമാക്കുന്നതിനും കൗൺസിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഫലവൃക്ഷങ്ങളിൽ നിന്നും ആദായമെടുപ്പ് – ലേലം നടത്തി വരവ് ലഭിക്കാത്തത് സംബന്ധിച്ച് അന്വേഷണക്കുറിപ്പിന് ആരും ലേലം കൊണ്ടില്ലെന്നു മറുപടി ലഭിച്ചു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആദായങ്ങൾ നഷ്ടമാകാതിരിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14-2 ഉപയോഗശൂന്യമായ മെറ്റീരിയൽസും പത്രക്കടലാസും - ലേലനടപടികൾ അടിയന്തിരമായി സ്വീകരിക്കണം

നഗരസഭാ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ആക്രിസാധനങ്ങൾ വിൽക്കുന്നതിലേക്ക് എസ്റ്റിമേറ്റ് എടുക്കുന്നതിനായി എഞ്ചിനീയറിംഗ് സെക്ഷനെ ഏൽപ്പിക്കുന്നതിന് 1.10.18 ലെ കൗൺസിൽ തീരുമാനം എടുത്തിരുന്നു. 19 ഇനങ്ങൾക്കായി 13226/- രൂപയുടെ എസ്റ്റിമേറ്റ് എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്നും എടുത്ത് നൽകിയിരുന്നു. എന്നാൽ വീണ്ടും വിശദമായ എസ്റ്റിമേറ്റ് എടുക്കുന്നതിനായി എഞ്ചിനീയറിംഗ് സെക്ഷന് ഫയൽ കൈമാറുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ ആക്രിസാധനങ്ങൾ ലേലം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആക്രി സാധനങ്ങൾ സൂക്ഷിച്ചിട്ടുള്ള മുറിയിൽ ടി വസ്തുക്കൾ കണക്കെടുക്കാൻ സാധിക്കാത്ത വിധം കുന്നുകൂടി കിടക്കുന്നതിനാലാണ് കൃത്യമായ എസ്റ്റിമേറ്റ് എടുക്കാൻ സാധിക്കാത്തതെന്നും മെറ്റീരിയൽസ് പുറത്തെടുക്കാൻ ക്രമീകരണങ്ങൾ ചെയ്തു കിട്ടാത്തതിനാലാണ് കാലതാമസമുണ്ടാകുന്നതെന്നും മറുപടി ലഭിച്ചിട്ടുണ്ട്. കാലതാമസം ഉണ്ടാകുംതോറും ടി സാധനങ്ങൾ നശിച്ചു പോകാനും കൃത്യമായ വില ലഭിക്കാതിരിക്കാനും സാഹചര്യമുണ്ടാകുമെന്നതിനാൽ അടിയന്തരമായി വേണ്ട ക്രമീകരണങ്ങൾ ചെയ്ത് മെറ്റീയരിയൽസ് ലേലം ചെയ്ത് തുക നഗരസഭാ ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14-3 ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ മുറിച്ചു മാറ്റിയ അക്കേഷ്യ മരങ്ങൾ ലേലം ചെയ്തിട്ടില്ല

ഈരാറ്റുപേട്ട ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കോമ്പൗണ്ടിൽ നിന്നും മുറിച്ചു മാറ്റിയ 2 അക്കേഷ്യ മരങ്ങൾ ലേലം നടത്തി തുക റവന്യൂ അക്കൗണ്ട് ഹെഡിൽ ഒടുക്കണമെന്ന് നിർദേശിച്ച് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഹെഡ്മാസ്റ്റർ 27.10.2017ൽ നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നു. 19.06.17ൽ അസി. ഫോറസ്റ്റ് കൺസർവേറ്ററാഫീസ്, കോട്ടയം മരങ്ങൾക്ക് 22700 രൂപ വാല്യുവേഷൻ നിർണയിച്ച് നൽകി. ഇതിനെ തുടർന്ന് 24.1.18, 30.1.18,15.10.18 തീയതികളിൽ ലേലം ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. മരങ്ങളുടെ വാല്യുവേഷൻ തുക പുനർനിർണയിക്കുന്നതിനായി വീണ്ടും അസി. ഫോറസ്റ്റ് കൺസർവേറ്ററാഫീസിലേക്ക് കത്തയച്ചതിന് സർക്കാർ നിർണയിച്ച നിരക്കുകളിൽ പുനർമൂല്യനിർണയം സാധിക്കാത്തതിനാൽ ലേലം ചെയ്യുന്ന സമയത്തെ തടിയുടെ ഗുണനിലവാരവും ഭൗതിക അവസ്ഥയും അടിസ്ഥാനമാക്കിയും പുനർലേലം നടത്തിയാൽ

ലഭിക്കാവുന്ന വിലയുടെ സാധ്യതകൾ പരിശോധിച്ചും നടപടിക്രമങ്ങൾ പാലിച്ച് ലേലം നടത്തുന്ന ഉദ്യോഗസ്ഥന് തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മറുപടി ലഭിച്ചു. 11.4.19, 29.4.19, 2.5.19 തീയതികളിലും ലേലം/ ഓഫർ ക്ഷണിച്ചെങ്കിലും തടികൾ ലേലത്തിൽ പോയില്ല. 26.6.19 ലെ കൗൺസിൽ തീരുമാനപ്രകാരം തടികൾ വിറക് വ്യാപാരികൾക്ക് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടും ആരും പങ്കെടുത്തില്ല. ഇതു സംബന്ധിച്ച് നിലവിലെ അവസ്ഥ വിശദീകരിക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് മരങ്ങൾ ലേലം ചെയ്യാനായിട്ടില്ലെന്നും നിലവിൽ ജീർണാവസ്ഥയിലുള്ളതായി കാണപ്പെടുന്നു എന്ന് ആർ ഐ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കൗൺസിലിന്റെ ശ്രദ്ധയിൽപെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. 2017 ൽ മരങ്ങൾ ലേലം ചെയ്യുന്നതിനായി തീരുമാനമെടുത്തെങ്കിലും തുടർനടപടികളിലെ കാലതാമസം മൂലമാണ് നിലവിൽ മരങ്ങൾ ഉപയോഗശൂന്യമായിത്തീർന്നത്. നാശോന്മുഖമാകാൻ സാധ്യതയുള്ള ഇനങ്ങളിൽ ലേലം നടത്തുമ്പോൾ സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-15 ആവശ്യമായ മാലിന്യസംസ്കരണ സൗകര്യങ്ങൾ ഒരുക്കാതെയും കരാറില്ലാതെയും സ്ലോട്ടർ ഹൗസ് പ്രവർത്തനം നടത്തി

23.3.18ൽ നടന്ന ലേലത്തിൽ നഗരസഭ സ്ലോട്ടർ ഹൗസ്, മാട്ടിറച്ചി സ്റ്റാളുകൾ എന്നിവ താഴെ കൊടുത്തിട്ടുള്ള തുകയ്ക്ക് ലേലത്തിൽ പോയിട്ടുള്ളതാണ്. മതിയായ മാലിന്യസംസ്കരണ സംവിധാനങ്ങളൊരുക്കാതെ പ്രവർത്തിച്ചതിനെ തുടർന്ന് മാലിന്യപ്രശ്നം രൂക്ഷമായതിനാലും ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലും നഗരസഭാ കൗൺസിലിന്റെ 31.8.18 ലെ 5-ാം നമ്പർ തീരുമാനപ്രകാരം 15.10.18 ൽ സ്ലോട്ടർഹൗസ് അടച്ചു പൂട്ടാൻ തീരുമാനിച്ചു. സ്ലോട്ടർഹൗസ് പൂട്ടിയതിനാൽ നിയമാനുസൃതം സ്ലോട്ടർഹൗസിൽ ഉരുക്കളെ കശാപ്പ് ചെയ്ത് മാംസവിൽപ്പന നടത്തുന്നതിന് സാധിക്കാത്തതിനാൽ കുത്തകാവകാശം കൊണ്ട മറ്റു മാട്ടിറച്ചി സ്റ്റാളുകളും അടച്ചുപൂട്ടിയിട്ടുള്ളതാണ്. സ്ലോട്ടർഹൗസും സ്റ്റാളുകളും ഉപയോഗിച്ചതിന് ശേഷമുള്ള കാലയളവിലെ തുകകൾ തിരികെ നൽകുന്നതിലേക്ക് 26.10.18ൽ ചേർന്ന നഗരസഭാ കൗൺസിൽ 3-ാം നമ്പർ തീരുമാനപ്രകാരം തുകകൾ നിശ്ചയിച്ച് തീരുമാനിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേലം ഇനം | ലേലം കൊണ്ട വ്യക്തിയുടെ പേര്, വിലാസം | ലേലം കൊണ്ട തുക | അടവാക്കിയ തുക | ഉപയോഗിച്ച മാസങ്ങൾ കിഴിച്ച് ബാക്കി തുക |
|---|---|---|---|---|---|
| 1 | സ്ലോട്ടർ ഹൗസ് നടത്തിപ്പ് | നവാസ് ഇ.ജെ. , വെള്ളാപ്പള്ളിൽ | 255000 | 229500 (രസീത് 101172/23.3.18) | 91375 |
| 2 | മാർക്കറ്റ് ഭാഗം മാട്ടിറച്ചി സ്റ്റാൾ | അൻസാരി വി.ബി., വഞ്ചാങ്കൽ | 255000 | 229500 (രസീത് 101169/23.3.18) | 91375 |
| 3 | മറ്റക്കാട്ട് മാട്ടിറച്ചി സ്റ്റാൾ | മുഹമ്മദ് യൂസഫ് | 85000 | 76500 (രസീത് 101170/23.3.18) | 30458 |
| 4 | തേവരുപാറ കവല മാട്ടിറച്ചി സ്റ്റാൾ | മാഹിൻ കെ.എസ്., കണ്ടത്തിൽ | 112000 | 100800 (രസീത് 101167/23.3.18) | 40133 |
| 5 | കടുവാമൂഴി മാട്ടിറച്ചി സ്റ്റാൾ | മുഹമ്മദ് കെ.കെ. | 18000 | 16200 (രസീത് 101166/23.3.18) | 6450 |

| | | | | | |
|---|---|---|---|---|---|
| 6 | തെക്കേക്കര മാട്ടിറച്ചി സ്റ്റാൾ | അൻസാർ ഇ.എ., ഈറ്റില്ലക്കയം | 122000 | 109800 (രസീത് 101167/23.3.18) | 43717 |
| 7 | മാർക്കറ്റ് ഭാഗം മാട്ടിറച്ചി സ്റ്റാൾ | ഇ.ഐ. ഷെറീഫ്, ഈറ്റില്ലക്കയം | 177000 | 159300 (രസീത് 101168/23.3.18) | 63425 |
| 8 | കടുവാമൂഴി മാട്ടിറച്ചി സ്റ്റാൾ | സഹൽ, വാഴമറ്റം | 110000 | 99000 (രസീത് 100589/26.4.18) | 39417 |
| 9 | നടയ്ക്കൽ ഭാഗം മാട്ടിറച്ചി സ്റ്റാൾ | ഹനീഫ കെ.കെ., കാട്ടാമല | 100000 | 90000 (രസീത് 100586/26.4.18) | 35833 |
| 10 | നടയ്ക്കൽ മാട്ടിറച്ചി സ്റ്റാൾ | അബ്ദുൾ സലാം, ഈറ്റില്ലക്കയം | 10000 | 10000 (രസീത് 100580/26.4.18) | 4583 |
| 11 | തോട്ടുമുക്ക് മാട്ടിറച്ചി | അബ്ദുൾ വഹാബ്, തലപ്പള്ളിൽ | 100000 | 90000 (രസീത് 100584/26.4.18) | 35833 |
| 12 | തെക്കേക്കര മാട്ടിറച്ചി | അനസ് വി.ജെ., വെള്ളാപ്പള്ളിൽ | 53000 | 47700 (രസീത് 100583/26.4.18) | 18992 |

കേരള മുനിസിപാലിറ്റി (പാട്ടക്കാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങൾ 4-ാം ചട്ടം പ്രകാരം പതിനായിരം രൂപയിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുള്ളതിനാൽ നഗരകാര്യ ഡയറക്ടർക്ക് അനുമതിക്കായി അപേക്ഷ സമർപ്പിച്ചു. എന്നാൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും കരാറിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് തിരികെ ലഭിച്ച കത്തിന് പ്രസ്തുത വ്യക്തികളുമായി കരാറൊന്നും ചമച്ചിട്ടില്ല എന്ന മറുപടിയാണ് നഗരസഭയിൽ നിന്നും നൽകിയത്. മാലിന്യസംസ്കരണം ഫലപ്രദമായി കൈക്കൊള്ളുവാൻ ചുമതലപ്പെട്ട നഗരസഭ തന്നെ ആയതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താത്തത് ഗുരുതരമായ വീഴ്ചയാണ്. ലേലം കൊണ്ട വ്യക്തികളുമായി നിയമപരമായി നിലനിൽക്കുന്ന കരാർ വെക്കാതിരുന്നതിനും കാരണം വ്യക്തമാക്കേണ്ടതാണ്. അന്വേഷണക്കുറിപ്പ് നൽകിയതിന് ലേലത്തിന് മുമ്പ് പരാതികളൊന്നുമുണ്ടായിരുന്നില്ലെന്നും മാലിന്യ സംസ്കരണം സംബന്ധിച്ച് ഹെൽത്ത് വിഭാഗം അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിരുന്നില്ലെന്നും പിന്നീട് പരാതി ഉയർന്ന സാഹചര്യത്തിലാണ് സ്ലോട്ടർ ഹൗസ് അടച്ചു പൂട്ടിയതെന്നും മറുപടി ലഭ്യമാക്കി. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിനും മാലിന്യസംസ്കരണം ഫലപ്രദമാക്കുന്നതിനും നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-16 നഗരസഭാകൗൺസിൽ മിനിറ്റ്സ് ബുക്ക് നഷ്ടപ്പെട്ടു- ഗുരുതരമായ കൃത്യവിലോപം

**ഫയൽ നം. G1(A2)-5547/2017**

2016-17 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് മിനിറ്റ്സ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1-7-2016 മുതലുള്ള മിനിറ്റ്സ് ബുക്കുകൾ നഷ്ടപ്പെട്ടതായി നഗരസഭ മനസിലാക്കുകയും

27-9-2017 ന് നം. A2-5547/17 ആയി സ്റ്റേഷൻ ഓഫീസർ, സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ഈരാറ്റുപേട്ടയ്ക്ക് കേസ് ഫയൽ ചെയ്ത് അന്വേഷണം നടത്തുന്നതിനായി പരാതി നൽകുകയും ചെയ്തിരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം 1-10-2016 മുതൽ ജനറൽ കമ്മറ്റിയുടെയും വിവിധ കമ്മറ്റികളുടെയും മിനിറ്റ്സ് രേഖപ്പെടുത്തുക, മിനിറ്റ്സ്ബുക്ക് സൂക്ഷിക്കുക തുടങ്ങിയ കൗൺസിൽ സംബന്ധമായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യേണ്ട ചുമതല കൗൺസിൽ ക്ലാർക്ക് ശ്രീ. അഖിൽ സി.വർഗ്ഗീസിനായിരുന്നു. 1-7-2016 ന് ശേഷം 13-6-17 വരെ വിവിധ തീയതികളിൽ നടന്ന 26 കമ്മറ്റികളുടെയും മിനിറ്റ്സ് രേഖപ്പെടുത്തിയിരുന്നത് ഈ ബുക്കിലായിരുന്നു. പ്രസ്തുത വിഷയത്തിൽ 12-12-17 ന് വീണ്ടും കത്ത് നൽകിയിരുന്നുവെങ്കിലും പോലീസിന്റെ ഭാഗത്ത് നിന്നും നടപടിയുണ്ടായില്ല. സെക്ഷൻ ക്ലാർക്കിനെതിരെ നഗരസഭയും നടപടിയൊന്നും സ്വീകരിച്ചിരുന്നില്ലെന്ന മാത്രമല്ല, ഇത്തരത്തിൽ ഗുരുതരമായ കൃത്യവിലോപം നടന്നിട്ടും തുടർന്നും ടിയാനെ മിനിറ്റ്സ് സൂക്ഷിക്കുന്ന ചുമതലകളിൽ നിന്നും ഒഴിവാക്കിയിരുന്നുമില്ല. നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചമൂലം വീണ്ടും 2017-18, 2018-19 (31-7-2018വരെ) വർഷത്തെ മിനിറ്റ്സ് ബുക്കുകളും നഷ്ടപ്പെട്ടു. അതീവഗുരുതരമായ വീഴ്ചയുണ്ടായതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് 21-12-2018 ന് കുറ്റാരോപണമെമ്മോ നൽകിയതൊഴികെ മറ്റ് നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. മിനിറ്റ്സ് ബുക്കുകൾ വീണ്ടും നഷ്ടപ്പെട്ടുവെന്നും അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് 31-10-18ന് വീണ്ടും പോലീസിൽ പരാതി നൽകി. 2011ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്ക നടപടികൾ ഉത്തരവാദിയായ സെക്ഷൻക്ലാർക്കിനെതിരെ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 1/20-1-20) മറുപടിയായി നഗരസഭാഡയറക്ടറേറ്റിലേക്ക് അറിയിച്ചിരുന്നുവെന്നും മറുപടി ലഭ്യമായില്ലായെന്നും അറിയിച്ചു. 1995ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ പ്രകാരം 1-4-2018 മുതൽ 31-7-2018 വരെ കാലയളവിലെ സെക്രട്ടറി തയ്യാറാക്കുന്ന അജണ്ട രജിസ്റ്റർ, തീരുമാനരജിസ്റ്റർ, സെക്രട്ടറി തയ്യാറാക്കിയ മിനിറ്റ്സിന്റെ നക്കൽ എന്നിവ കൂടി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല. തുടർച്ചയായ വർഷങ്ങളിൽ മിനിറ്റ്സ് ബുക്ക് നഷ്ടപ്പെട്ടിട്ടും നഗരസഭാ സെക്രട്ടറിയോ ഭരണസമിതിയോ അർഹിക്കുന്ന ഗൗരവത്തോടെ കൃത്യവിലോപം വീക്ഷിക്കുകയും ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-17 മഴക്കാലപൂർവ്വശുചീകരണം/ആരോഗ്യജാഗ്രത പരിപാടികൾ - നിർവഹണത്തിലെ അപാകതകൾ.

ഫയൽ നമ്പർ - എച്ച്1-3752/17

നഗരസഭയിലെ മഴക്കാലപൂർവ്വശുചീകരണം/ആരോഗ്യജാഗ്രത പരിപാടികൾക്കുവേണ്ടി ശുചിത്വമിഷനിൽ നിന്ന് 280000/- രൂപ (ചെക്ക് നമ്പർ - 227181/19.5.2018) ലഭിച്ചിരുന്നു. നഗരസഭയിലെ ഓരോ വാർഡിലെയും ശുചീകരണ പ്രവർത്തനങ്ങൾക്കായി 10000/-രൂപ വീതം ചെലവഴിക്കുന്നതിനാണ് ടി തുക അനുവദിച്ചിരുന്നത്. നഗരസഭയിലെ വിവിധ വാർഡുകളിലെ ശുചീകരണസമിതികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്കായി മുൻകൂറായി തുക നൽകേണ്ടിയിരുന്നുവെങ്കിലും 2019 മാർച്ച് മാസത്തിൽ മാത്രമാണ് തുക (വൗച്ചർ നമ്പർ – 21800846/29.3.2019 തുക- 140000/-) സമിതികൾക്ക് വാർഡ്ഒന്നിന് 5000/-രൂപ നിരക്കിൽ അനുവദിച്ചത്. എന്നാൽ വാർഡുതല സമിതികൾക്ക് അനുവദിച്ച മുൻകൂറിന്റെ വിനിയോഗ വിശദാംശങ്ങൾ നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ അവശേഷിക്കുന്ന തുക വിതരണം ചെയ്തിട്ടില്ല.

നഗരസഭയിലെ ആരോഗ്യജാഗ്രത പരിപാടികളുടെ ഭാഗമായി സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് ഐ വിഷൻ സ്റ്റുഡിയോ& ഇവന്റ്സ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും 13.7.2018ൽ മെഡിക്കൽ ക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ടി സ്ഥാപനം സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ 40500/-രൂപ (ചെക്ക് നമ്പർ- 26207/27.7.2018) നൽകുകയും ചെയ്തിട്ടുണ്ട്. മഴക്കാലപൂർവ്വശുചീകരണം/ ആരോഗ്യജാഗ്രത എന്ന പ്രോഗ്രാമിന്റെ ഭാഗമായി സർക്കാർ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തുന്നതിനോ ഏതെങ്കിലും സ്ഥാപനങ്ങളെ ഇത്തരം പ്രോഗ്രാമുകൾ നടത്തുന്നതിനോ ചുമതലപ്പെടുത്തുന്നതിനോ നിർദ്ദേശിച്ചിട്ടില്ല എന്നിരിക്കെ ഇപ്രകാരം പ്രോഗ്രാം നടത്തിയതിന്റെ കാരണം ഫയലിൽ വിശദീകരിച്ചിട്ടില്ല. മാത്രമല്ല, നിർവഹണോദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മെഡിക്കൽ ഓഫീസർ

(ആയുർവേദം), മെഡിക്കൽ ഓഫീസർ (ഹോമിയോ) ആരോഗ്യവിഭാഗം ജീവനക്കാർ എന്നിവർ നഗരസഭയുടെ കീഴിൽ ഉണ്ടായിരിക്കെയാണ് ഇത്തരം ഒരു സ്ഥാപനത്തെ ചുമതലപ്പെടുത്തിയത്.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 23/22.1.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ഹാജരാക്കിയില്ല. വാർഡുതല സമിതികൾക്ക് അനുവദിച്ച മുൻകൂറിന്റെ വിനിയോഗവിശദാംശങ്ങൾ നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് സ്വകാര്യസ്ഥാപനത്തെ എൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇത്തരം പരിപാടികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

## 1-18 സെക്രട്ടറിയുടെ ശമ്പളം/പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാരിലേയ്ക്ക് തുക ഒടുക്കുന്നില്ല.

1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 48(3), കേരളാ സർവ്വീസ് ചട്ടങ്ങൾ പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭാ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കുന്നതിനാൽ ടിയാന്റെ ശമ്പളവും പെൻഷൻ അംശദാനവും നഗരസഭയുടെ തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. 2018-2019 വർഷം സെക്രട്ടറിയുടെ ശമ്പളം ഇനത്തിൽ ആകെ 5,29,909/-രൂപ പിൻവലിച്ചതായി ട്രഷറി ബിൽബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തത്തുല്യമായ തുക ശമ്പളവിഹിതമിനത്തിലും സെക്രട്ടറിയുടെ പെൻഷൻ കോൺട്രിബ്യൂഷൻ (മൊത്തശമ്പളത്തിന്റെ 15% നിരക്കിൽ) ഇനത്തിലും നഗരസഭ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. മാത്രമല്ല, സെക്രട്ടറിയുടെ ശമ്പളം/പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതും നഗരസഭയ്ക്ക് ബാധ്യതയായതുമായ തുകയുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ബാദ്ധ്യതയായി ചേർത്തിട്ടുമില്ല. ആയതിനാൽ സെക്രട്ടറിയുടെ ശമ്പളം/പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നാളിതുവരെ ബാധ്യതയായിട്ടുള്ള തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതിനും തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 നഗരസഭാ കാര്യാലയത്തിലെ ഇലക്ട്രിക്കൽ വർക്കുകൾ - നിർവഹണത്തിലെ അപാകതകൾ

ഫയൽ നമ്പർ - ജി2-4981/18

നഗരസഭയിലെ സെർവർ റൂമിന്റെ വയറിംഗ് കാലപ്പഴക്കത്താൽ നശിച്ചതിനാൽ അപകടാവസ്ഥയിലാണെന്നും അടിയന്തിരമായി റിപ്പയർ ചെയ്യണമെന്നും ടെക്നിക്കൽ അസിസ്റ്റന്റ് റിപ്പോർട്ടുചെയ്തതിനെ തുടർന്ന് സ്റ്റാർ ഇലക്ട്രിക്കൽ & പ്ലംബിംഗ് വർക്സ്, ഈരാറ്റുപേട്ട എന്ന സ്ഥാപനം മുഖാന്തിരം പ്രവൃത്തി ചെയ്തതിന് 46,678/-രൂപ (ചെക്ക് നമ്പർ - 63918/23.8.2018) 2018-2019 വർഷം ചെലവഴിച്ചിരുന്നു. പ്രവൃത്തിയുടെ അടിയന്തിരസാഹചര്യം പരിഗണിച്ച് ലോക്കൽ പർച്ചേസ് നടത്തി പ്രവൃത്തി നടപ്പാക്കുന്നതിന് ചെയർമാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വയറിംഗ്/ മെയിന്റനൻസ് നിർവഹിച്ചത്. എന്നാൽ ടി പ്രവൃത്തിയുടെ തുടർച്ചയായി നഗരസഭാ കാര്യാലയത്തിലെ മറ്റുമുറികളിലെയും വയറിംഗ് സംബന്ധമായ പ്രവൃത്തി ക്വട്ടേഷൻ/ ടെൻഡർ ക്ഷണിക്കാതെ ടി സ്ഥാപനത്തെക്കൊണ്ടുതന്നെ നിർവഹിക്കുകയും ടിയിനത്തിൽ 68,857/-രൂപ (ചെക്ക് നമ്പർ 239795/6.10.2018) തനതുഫണ്ടിൽനിന്ന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭാ കാര്യാലയത്തിലെ ഇലക്ട്രിക്കൽ വർക്കുകൾ സംബന്ധിച്ച് കൃത്യമായ അവലോകനം നടത്തുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ വാർഷികപദ്ധതിയുടെ ഭാഗമായി പ്രോജക്ട് തയ്യാറാക്കുകയോ ചെയ്യാതെ ഇപ്രകാരം തുക ചെലവഴിച്ചതു സംബന്ധിച്ച് വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 25/22.1.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ സെർവർറൂമിലെ തകരാർ ജനന/മരണവിഭാഗം പ്രവർത്തിക്കുന്ന മുറിയെയും ബാധിച്ചതിനാലാണ് അപ്രകാരം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. ഇതേ പ്രവൃത്തിയ്ക്ക് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷനിൽനിന്ന് പരിശോധന നടത്തിയതായും ഏതാനും ഇനങ്ങൾക്ക് ഷെഡ്യൂൾ ഓഫ് റേറ്റ് ഇല്ലെന്നും പുതിയ റേറ്റ് സർക്കാരിൽനിന്ന് ലഭിക്കുന്നതിന് കാലതാമസമെടുക്കും എന്നതിനാലാണ് സ്റ്റാർ

ഇലക്ട്രിക്കൽസിനെക്കൊണ്ട് പ്രവൃത്തി ചെയ്യിച്ചതെന്നും ടി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നഗരസഭാ കാര്യാലയത്തിലെ മുകളിലത്തെ നിലയിലെ വയറിംഗും ചെയ്താൽ മാത്രമേ സെർവർ റൂമിലെ വയറിംഗ് പൂർത്തിയാക്കുവാൻ സാധിക്കുമായിരുന്നുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത്രയും ബൃഹത്തായ പ്രവൃത്തി നടപ്പാക്കുന്നതിന് ഒരു സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിനു പകരം ടെൻഡർ/ക്വട്ടേഷൻ ക്ഷണിച്ച് അടിയന്തിരമായി പ്രവൃത്തി നടപ്പാക്കുകയും വാർഷികപദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടിയിരുന്നു. നടപടിക്രമങ്ങളിലെ അപാകതകൾ മൂലം മറ്റ് മുറികളിലെ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കായി ചെലവഴിച്ച 68857/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നടപടിക്രമങ്ങളിലെ പിഴവ് ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഇ.പി.എഫ് വിഹിതം യഥാസമയം ഒടുക്കാതിരുന്നതിനാൽ നഗരസഭ പിഴ ഒടുക്കി.

ഫയൽ നമ്പർ - ജി-എ2-6455/16

1952ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് & മിസലേനിയസ് പ്രൊവിഷൻസ് ആക്ട് പ്രകാരം നഗരസഭ 1.11.2015 പ്രാബല്യത്തിൽ രജിസ്റ്റർ (പി.എഫ്.കോഡ് നമ്പർ കെ.ആർ/കെ.ടി.എം/1542180) ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ മാസവും 15-ാംതീയതിയ്ക്കു മുമ്പായി ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഈടാക്കിയ ഇ.പി.എഫ് വിഹിതവും നഗരസഭാ വിഹിതവും ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ്. യഥാസമയം ഒടുക്കാതിരുന്നതിനാൽ 2018-2019 വർഷം പിഴയിനത്തിൽ ആകെ 27997/-രൂപ (ഭരണസമിതി തീരുമാനം നമ്പർ 17/20.10.2017) ഒടുക്കേണ്ടിവന്നിട്ടുണ്ട്. കൂടാതെ, 3/2017 മുതൽ 12/2017 വരെയുള്ള ഇ.പി.എഫ്. വിഹിതം ഒടുക്കിയതിന്റെ ഇന്ററസ്റ്റ് ഡാമേജസ് ഇനത്തിൽ 75631/-രൂപ (ചെക്ക് നമ്പർ - 234757/6.11.2019) 2019-2020 വർഷം ഒടുക്കിയിട്ടുമുണ്ട്. ഇ.പി.എഫ് വിഹിതം യഥാസമയം ഒടുക്കാതെ പിഴ ഒടുക്കേണ്ടി വന്നത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 24/22.1.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ രൂപീകരിച്ചത് 01.11.2015 പ്രാബല്യത്തിൽ ആയതിനാൽ ഇ.പി.എഫ് രജിസ്ട്രേഷൻ നടത്തിയപ്പോൾ നിലവിൽ വന്ന തീയതി രേഖപ്പെടുത്തിയത് 01.11.2015 എന്നാണെന്നും എന്നാൽ പഞ്ചായത്ത് ജീവനക്കാരെ പിൻവലിച്ച് നഗരസഭാ ജീവനക്കാരെ പൂർണ്ണമായും വിന്യസിച്ചത് 2017 ഏപ്രിൽ മാസത്തിൽ ആയതിനാൽ ടി ജീവനക്കാർ വന്നതിനുശേഷമാണ് ഓൺലൈൻ രജിസ്ട്രേഷൻ നടത്തി തുക ഒടുക്കുവാൻ തുടങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. സാങ്കേതികപരിജ്ഞാനക്കുറവുമൂലം 3/2017 മുതൽ 12/2017 വരെയുള്ള തുക ഒടുക്കുവാൻ കാലതാമസം വരികയും ഇന്ററസ്റ്റ് ഡാമേജസ് ഇനത്തിൽ തുക ഒടുക്കേണ്ടി വന്നതായും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-21 പുത്തൻപള്ളി ജുമാമസ്ജിദ് ജംഗ്ഷനിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് - നഗരസഭയെ ഏൽപ്പിക്കാത്ത പ്രവൃത്തി നിർവഹിച്ചു.

ഫയൽ നമ്പർ - ജി2-613/18

നഗരസഭയിലെ പുത്തൻപള്ളി ജുമാമസ്ജിദ് ജംഗ്ഷനിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എം.പി.ഫണ്ടിൽനിന്ന് 5,00,000/-രൂപ അനുവദിച്ച് ജില്ലാ കളക്ടർ 754/17-18/ഡി.പി.ഒ/കെ.ടി.എം/ എ.പിഎൽഎഡിഎസ്(എഎ-22 തീയതി 20.1.2018) ഉത്തരവായിരുന്നു. ഈ ഉത്തരവ് ലഭിച്ചതിനെ തുടർന്ന് നഗരസഭ ഒഹാർ ഓയിൽഫീൽഡ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേന ടി പ്രവൃത്തി നടപ്പാക്കി. 475000/- രൂപയ്ക്കാണ് ടി സ്ഥാപനം പ്രവൃത്തി നിർവഹിച്ചത്. പ്രവൃത്തി പൂർത്തിയാക്കിയതിനാൽ തുക അനുവദിക്കുന്നതിന് നഗരസഭ കളക്ടർക്ക് കത്തുനൽകിയതിന് ടി പ്രവൃത്തിയുടെ നിർവഹണോദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയത് പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ആയിരുന്നതിനാൽ നഗരസഭയ്ക്ക് ഭരണാനുമതി നൽകാത്ത പ്രവൃത്തി നിർവഹിച്ചതിന്റെ വിശദീകരണം ഹാജരാക്കുന്നതിന് കളക്ടർ നഗരസഭയോട് ആവശ്യപ്പെടുകയാണ് ചെയ്തത്.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നഗരസഭ ടി പ്രവൃത്തി നിർവഹിക്കുന്നത് സംബന്ധിച്ച് ക്വട്ടേഷൻ/ ടെൻഡർ ക്ഷണിച്ചിരുന്നില്ലായെന്ന് കാണുന്നു. ഒഹാർ ഓയിൽഫീൽഡ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ 21.10.2019ലെ കത്തിൽ ക്വട്ടേഷൻ സമർപ്പിക്കുന്നതിന് നഗരസഭാധികൃതർ സ്ഥാപനത്തോട് വാക്കാൽ ആവശ്യപ്പെടുകയാണ് ചെയ്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ നിന്ന് വ്യത്യസ്തമായി പ്രവൃത്തി നടപ്പാക്കിയത് സംബന്ധിച്ച് ടി സ്ഥാപനത്തിൽനിന്ന് വിശദീകരണം ആവശ്യപ്പെട്ടതിന് അംഗീകൃത എസ്റ്റിമേറ്റിന്റെ പകർപ്പ് സ്ഥാപനത്തിന് നൽകിയിരുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയ്ക്ക് ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തി നിർവ്വഹിച്ചതിനും മറ്റ് അപാകതകൾക്കും വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 22/22.1.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ഹാജരാക്കിയില്ല. നാളിതുവരെ ടി പ്രവൃത്തിയ്ക്ക് എം.പി.ഫണ്ടിൽനിന്ന് തുക ലഭിക്കുകയോ സ്ഥാപനത്തിന് നഗരസഭ കരാർതുക കൈമാറുകയോ ചെയ്തിട്ടില്ല. നഗരസഭയെ ഏൽപ്പിക്കാത്ത പ്രവൃത്തി തിടുക്കപ്പെട്ട് ഏറ്റെടുത്തതുമൂലം നഗരസഭയ്ക്ക് ഋണബാധ്യത ഉണ്ടാകുന്ന സാഹചര്യമാണ് നിലവിൽ സംജാതമായിട്ടുള്ളത്. കൂടാതെ, അനാവശ്യമായ കോടതിവ്യവഹാരങ്ങൾക്കും ഇതുകാരണമാകും. പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ലൈബ്രറിസെസ് - ഒടുക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് 1088/L3/05/തസ്വഭവ/20.09.2005 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും 2018-19 വർഷം ടിയിനത്തിൽ തുക ഒടുക്കിയിരുന്നില്ല. ധനകാര്യപത്രികയുടെ ആർ.പി.29 ഷെഡ്യൂളിൽ ടിയിനത്തിൽ 2018-19 വർഷം 470776/-രൂപ വരവുള്ളതായും ബി9 ഷെഡ്യൂളിൽ 31.3.2019ൽ 1179476/-രൂപ നീക്കിയിരിപ്പ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക അടിയന്തിരമായി സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-23 ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിയ്ക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടതാണ്

വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിനായി സ്വച്ഛ് ഭാരത് മിഷനിൽ (നഗരം) നിന്നും നഗരസഭയ്ക്ക് 21,97,196/- രൂപ 2016-17 വർഷം ലഭിച്ചിരുന്നു. സംസ്ഥാന വിഹിതം 2667/- രൂപയും, കേന്ദ്ര വിഹിതം 4000/- രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതമായി 8733/-രൂപയുമുൾപ്പടെ ആകെ 15400/-രൂപയാണ് ഒരു ഗുണഭോക്താവിന് ലഭിക്കുന്നത്. ശുചിത്വമിഷൻ വിഹിതം നഗരസഭയുടെ എെ.സി.എെ.സി.എെ ബാങ്കിന്റെ ഈരാറ്റുപേട്ട ശാഖയിലുള്ള 094101000851എന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. 2016-17വർഷം ശൗചാലയ നിർമ്മാണത്തിനായി 794406/-രൂപയും, 2017-18ൽ 61036/-രൂപയുമുൾപ്പടെ 855442/-രൂപ ടി അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 855442/-രൂപയുടെ ചെലവ് തുകയിൽ 8733/-രൂപ തദ്ദേശ സ്വയംഭരണ വിഹിതമിനത്തിൽ നിന്നും തുക നൽകുന്നതിന് പകരം കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ 127 ശൗചാലയങ്ങൾക്കായി കേന്ദ്ര സംസ്ഥാന വിഹിതമിനത്തിൽ നിന്നും 846709/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 1350487/-രൂപ ചെലവഴിയ്ക്കാതെ അവശേഷിക്കുന്നു. ശുചിത്വമിഷന്റെ 17.9.19 ലെ 833/D1/2016 SM കത്ത് പ്രകാരം 23.9.19ന് മുൻപ് ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഗ്രാന്റ് തുകയിൽ ചെലവഴിയ്ക്കാതെ അവശേഷിക്കുന്ന തുക തിരികെ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ടി കത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.27/23.1.20 നൽകിയതിന് മറുപടിയായി ധനവിനിയോഗം സംബന്ധിച്ച കണക്കിൽ വന്ന അപാകത തിരുത്തി ലഭിക്കുന്നതിനായി ജില്ലാ മിഷൻ കോർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയതിന് സ്പഷ്ടീകരണം

ലഭിയ്ക്കുന്ന മുറയ്ക്ക് തുക തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിരുന്നു. ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിൽ നഗരസഭയുടെ അനാസ്ഥമൂലം സമയബന്ധിതമായി ചെലവഴിയ്ക്കാതെ അവശേഷിച്ച 13,50,487/-രൂപ ശുചിത്വമിഷനിലേക്ക് തിരികെ ഒടുക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ടി തുക തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല- വക്കീൽ ഫീസ് അനുവദിച്ചതിലെ അപാകതകൾ.

2018-2019 വർഷം നഗരസഭ കക്ഷിയായ 3 കേസുകളുടെ വക്കീൽ ഫീസിനത്തിൽ 45,000/-രൂപ (വൗച്ചർ നമ്പർ 21800810/26.3.2019, ചെക്ക് നമ്പർ 606885) അഡ്വ.ജോർജ്ജുകുട്ടി മാത്യുവിന് അനുവദിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കേസ് നമ്പർ | തുക | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| ഡബ്ല്യൂ.പി.(സി) 10678/18 | 15000/- | 21800810/ 26.3.2019 | 606885/ 27.2.2019 |
| ഡബ്ല്യൂ.പി.(സി) 18241/18 | 15000/- | | |
| ഡബ്ല്യൂ.പി.(സി) 33502/16 | 15000/- | | |

നഗരസഭ കക്ഷിയായ കേസുകളുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കോടതി കേസുകളുടെ നിലവിലെ സ്ഥിതി, വക്കീൽ ഫീസ് അനുവദിച്ചത്, തുടർനടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ബഹു.കേരള ഹൈക്കോടതിയിൽ നഗരസഭ ഫയൽചെയ്ത ഡബ്ല്യൂ.പി.(സി) 33502/16 നമ്പർ കേസിൽ അന്തിമവിധി പ്രസ്താവിച്ചത് 19.12.2016ൽ ആയിരുന്നു. എന്നാൽ സ്യൂട്ട് രജിസ്റ്ററിൽ യഥാവിധി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി കേസിന്റെ നടത്തിപ്പിനായി മുൻവർഷങ്ങളിൽ തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

കെ.എസ്.ആർ.ടി.സി, ആർടി.ഒ എന്നിവർക്ക് എതിരെ നഗരസഭ ഫയൽചെയ്ത കേസിൽ 19.12.2016ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ജില്ലാ കളക്ടർ ഉചിതമായ തീരുമാനം എടുക്കുന്നതിന് ഉത്തരവായിരുന്നുവെങ്കിലും ഇതു സംബന്ധിച്ച ഫയൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുടർനടപടികളുടെ വിശദാംശങ്ങൾ/നിലവിലെ സ്ഥിതി അറിയുവാൻ സാധിച്ചിട്ടില്ല.

ടി കേസിനായി തൻവർഷം തുക അനുവദിച്ചതു സംബന്ധിച്ച് വിശദീകരണവും തുടർനടപടികളുടെ വിവരങ്ങളും അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 45/25.1.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയില്ല. പ്രസ്തുത കേസ് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും വക്കീൽ ഫീസ് അനുവദിച്ചതിന്റെ ആധികാരികതയും അനുബന്ധരേഖകളും ലഭ്യമാകാത്തതിനാൽ വക്കീൽ ഫീസിനത്തിൽ ചെലവഴിച്ച 45000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 വാഹനപരിപാലനത്തിലെ അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട ഫയലുകൾ/രേഖകൾ/ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും ഖരമാലിന്യം പ്ലാന്റുകളിലേയ്ക്ക് എത്തിക്കുന്നതിന് ഉപയോഗിക്കുന്നതുമായ കെ.എൽ-35ജി-8570 നമ്പർ പിക് അപ് വാനിന്റെ ലോഗ് ബുക്ക് പ്രകാരം 19.3.2018 മുതൽ 24.1.2019 വരെ

വാഹനം ഉപയോഗിച്ചിരുന്നില്ല. ഈ കാലയളവിൽ പിക്അപ് വാൻ ഉപയോഗിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞതിന് 2018ലെ പ്രളയത്തിൽ വെള്ളം കയറി വാഹനം പ്രവർത്തനരഹിതം ആയതായും ക്വട്ടേഷൻ ക്ഷണിച്ച് വാഹനം റിപ്പയർ ചെയ്തതായും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2018 മാർച്ച് മാസം മുതൽ പ്രളയം നടന്നതുവരെയുള്ള കാലയളവിലും വാഹനം ഉപയോഗിച്ചിരുന്നില്ലെന്നതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. ഇക്കാലയളവിൽ വാഹനത്തിന്റെ ഇന്ധനചാർജിനത്തിൽ തുക ചെലവഴിച്ചിരുന്നില്ലെങ്കിലും ഡ്രൈവറുടെ ദിവസവേതനം അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. മാലിന്യം നീക്കംചെയ്യുന്നതിന് പുതിയ പിക്അപ് വാൻ ഉണ്ടായിരുന്നതിനാൽ ടി വാഹനത്തിന്റെ അഭാവം ഭരണസമിതിയുടെയോ പൊതുജനങ്ങളുടെയോ ശ്രദ്ധയിൽപ്പെട്ടില്ലെന്ന് കരുതേണ്ടിയിരിക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

2. ജി.ഒ (എം.എസ്) 170/2007/ ത.സ്വ.ഭ.വ തീയതി.30.6.2007 പ്രകാരം ആറുമാസത്തിൽ ഒരിക്കൽ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിക്കേണ്ടതും ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വാഹനങ്ങളുടെ ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ലോഗ് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല.
3. ലോക് സഭാ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ ഇ1-1579/19 നമ്പർ ഉത്തരവുപ്രകാരം കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഡിഫേസ്മെന്റ് സ്ക്വാഡിന്റെ ആവശ്യത്തിലേയ്ക്കായി 18.3.2019 മുതൽ 30.3.2019വരെ കെ.എൽ.35ജി-3107 നമ്പർ സൈലോ റവന്യൂ വകുപ്പിന് കൈമാറിയിരുന്നുവെങ്കിലും വാടക ഈടാക്കിയിരുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ഷൻ, റവന്യൂ റിക്കവറി എന്നീ ആവശ്യങ്ങൾക്ക് ഒഴികെ റവന്യൂവകുപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ കൈമാറുന്നതിന് സർക്കാർ നിരക്കിൽ വാടക അനുവദിക്കുന്നതിന് ജി.ഒ(എം.എസ്) 82/08/ആർ.ഡി തീയതി 7.4.2008ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പിൽനിന്ന് വാടക ലഭിച്ചിട്ടില്ല. ഇന്ധനം നിറച്ചിരുന്നത് റവന്യൂ വകുപ്പ് തന്നെ ആയിരുന്നതിനാൽ വാടക ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്.
4. കെ.എൽ.35എച്ച്-6377 ഡസ്റ്ററിന്റെ ഇൻഷ്വറൻസിനത്തിൽ 19800/-രൂപ (ചെക്ക് നമ്പർ- 411701/4.2.2019) റോയൽ സുന്ദരം ജനറൽ ഇൻഷ്വറൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ ഒടുക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇൻഷ്വറൻസ് വകുപ്പിൽ തുക ഒടുക്കുന്നതിനുപകരം സ്വകാര്യകമ്പനിയിൽ ഒടുക്കിയതിന്റെ കാരണം വ്യക്തമല്ല. വാഹനം വാങ്ങിയ സമയത്ത് ടി കമ്പനിയുടെ ഇൻഷ്വറൻസ് എടുത്തതിനാലാണ് ടി സ്ഥാപനത്തിൽ തുക ഒടുക്കിയതെന്നും ഇൻഷ്വറൻസ് സംസ്ഥാന സർക്കാരിന്റെ ഇൻഷ്വറൻസ് വകുപ്പിലേയ്ക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 44/25.1.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ഹാജരാക്കിയ മറുപടി മേൽ വിവരിച്ച കാരണങ്ങളാൽ തൃപ്തികരമല്ല. ഓഡിറ്റ് നിരീക്ഷണങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഭക്ഷണത്തിന് തുക ചെലവഴിച്ചത് - അനുബന്ധരേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

2016-2017 വർഷം വിവിധ പരിപാടികൾക്കായി ഭക്ഷണം വാങ്ങിയ ഇനത്തിൽ ആകെ 46354/-രൂപ (വൗച്ചർ നമ്പർ- 21800420/, ചെക്ക് നമ്പർ- 408692/4.10.2018) ചെലവഴിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 31.8.2018ലെ 8-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക ചെലവഴിച്ചത്. എന്നാൽ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ ജോലിചെയ്തിരുന്ന കാലഘട്ടത്തിലെ ബില്ലായതിനാലും പ്രസ്തുത ജീവനക്കാർ ഇതു സംബന്ധിച്ച ഫയൽ നഗരസഭയിലെ ജീവനക്കാർക്ക് കൈമാറിയിട്ടില്ലാത്തതിനാലും ടി ചെലവ് അംഗീകരിക്കാവുന്നതല്ലെന്ന് സെക്രട്ടറി കമ്മിറ്റിയിൽ റിപ്പോർട്ടുചെയ്തിരുന്നു. സെക്രട്ടറിയുടെ വാദത്തെ എതിർത്തുകൊണ്ടും ടിയിനത്തിൽ മുൻവർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താതെയും ഭരണസമിതി കൈക്കൊണ്ട തീരുമാനം അനുബന്ധ രേഖകളുടെ അഭാവത്തിൽ അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 46354/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പത്താഴപ്പടി പുതിയ ജലസേചന പദ്ധതിക്ക് പൈപ്പും മോട്ടോറും വാങ്ങൽ - ചെലവഴിച്ച തുക ഫലപ്രദമായില്ല

പ്രോജക്ട് നം. 215/2018-19

പ്രോജക്ട് - പത്താഴപ്പടി ജലസേചന പദ്ധതിക്ക് പൈപ്പും മോട്ടോറും വാങ്ങൽ

അടങ്കൽ – 450000/- രൂപ (വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി മുഹമ്മദ് അസ്ലം എന്ന കരാറുകാരൻ ഏറ്റെടുക്കുകയും 448757/- രൂപ ചെലവിൽ (ബിൽ നം. 03/18-19 തീ24-05-2018) 765 മീറ്റർ നീളം 75 എം എം HDPE പൈപ്പ് 453/- രൂപ/മീ നിരക്കിൽ സ്ഥാപിക്കുകയും 102212/- രൂപയുടെ മോട്ടോർ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിലും എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിലും ശ്രദ്ധയിൽപ്പെട്ട വിവരം തുടർന്ന് ചേർക്കുന്നു.

അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും 346545/- രൂപ ചെലവിൽ സ്ഥാപിച്ചതുമായ 75 എം എം പൈപ്പ് (എക്സ്റ്റേണൽ വർക്ക്) പ്രാദേശിക പരിശോധനയിൽ കണ്ടെത്താനായില്ല. വാർഡ് കൗൺസിലർ കാണിച്ചതനുസരിച്ച് 90എം എം പൈപ്പ് സ്ഥാപിച്ചിട്ടുള്ളതായും ആയത് നിലവിൽ ജലവിതരണത്തിന് ഉപയോഗിക്കുന്നില്ല എന്നും കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം PE 100/10kG ഗുണനിലവാരം പുലർത്തുന്ന പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. അംഗീകൃത കമ്പനികൾ നിർമ്മിക്കുന്നതും മേൽ സൂചിപ്പിച്ച ഗുണനിലവാരം പുലർത്തുന്നതുമായ പൈപ്പുകളിൽ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കും. എന്നാൽ ഇത്തരം രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ഗുണനിലവാരവും വിലയും കുറഞ്ഞ പൈപ്പുകളാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വിലയിരുത്തുന്നു.

അളവുരേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറും, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അളവു പുസ്തകത്തിൽ 75 എം എം പൈപ്പ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള പൈപ്പാണ് സ്ഥാപിച്ചത് എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല. കൂടാതെ 102212/- രൂപയുടെ മോട്ടോർ നിലവിലുള്ള പഴയ പത്താഴപ്പടി ജലസേചന പദ്ധതിക്ക് ഉപയോഗിക്കുന്നതായി വാർഡ് കൗൺസിലർ അറിയിച്ചു (ആസ്തി രജിസ്റ്റർ ഇല്ലാത്തതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതി നഗരസഭയുടെ ഉടമസ്ഥതയിലുള്ളതാണ് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല).പുതിയ ജലസേചന പദ്ധതിക്ക് വാങ്ങിയ മോട്ടോർ നിലവിൽ പ്രവർത്തിക്കുന്ന ഗുണഭോക്തൃസമിതിക്ക് കൈമാറുവാനും നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിന് ഉപയോഗിക്കാൻ അനുമതി നല്കിയതിനും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ ഇനം പൈപ്പ് ഉപയോഗിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 3/21.01.2020 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിന് ചെലവഴിച്ച 448757/-രൂപ തടസ്സത്തിൽ വക്കുന്നു.

വിദഗ്ധ സമിതി പരിശോധന നടത്തി നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും പ്രോജക്ട് ആസൂത്രണം ചെയ്തിരുന്ന രീതിയിൽ പൂർത്തീകരിച്ച് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ചെലവഴിച്ച തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-28 കംഫർട്ട് സ്റ്റേഷൻ നിർമ്മാണം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

2017-18 വർഷം 13 ലക്ഷം രൂപ അടങ്കലിൽ ആസൂത്രണം ചെയ്ത് 2018-19ൽ നടപ്പിലാക്കിയതാണ് അരുവിത്തുറ പാലത്തിന് സമീപം കംഫർട്ട് സ്റ്റേഷൻ എന്ന പ്രോജക്ട് . പി.എസ് സുനിൽ എന്ന കരാറുകാരൻ 12-4-2017 ൽ കരാർ വച്ച് 26-3-2018 ൽ പൂർത്തിയാക്കിയ പ്രോജക്ടിന് 12,21,841/- രൂപ ചെലവ് വന്നിട്ടുണ്ട് . ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ചത്(രൂപ) | ബിൽ നമ്പർ/തീയതി |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 106859.00 | 69497.00 | 18/18-19 തീ24-05-2018 |
| ലോകബാങ്ക് സഹായം | 1152344.00 | 1152344.00 | 133/18-19തീ 26-03-2019 |
| | | | |

| | | | |
|---|---|---|---|
| തനത് ഫണ്ട് | 40797.00 | 00 | |
| ആകെ | 130000.00 | 1221841.00 | |

12/4/2017ലെ കരാർ അടിസ്ഥാനത്തിൽ അരുവിത്തുറ പാലത്തിന് സമീപം കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ ഭൂമിയുടെ കാര്യത്തിൽ തർക്കം ഉണ്ടാകുകയും 8/8/2017 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോപ് മെമ്മോ നല്കുകയും ചെയ്തു. തുടർന്ന് പ്രാഥമികാരോഗ്യകേന്ദ്രംവക സ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തു. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2003 പ്രകാരം 100% തടസ്സരഹിതമായി ഭൂമി ലഭിച്ചാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാവൂ എന്നിരിക്കെ ഭൂമി ലഭ്യത ഉറപ്പാക്കാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.

അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി വാർഡ് സഭ അംഗീകരിച്ച്, വെറ്റിംഗ് ഓഫീസർ, ജില്ലാ ആസൂത്രണസമിതി എന്നിവയുടെ അംഗീകാരവും വാങ്ങി പൊതുജനങ്ങൾക്കായി കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിശ്ചയിച്ച സ്ഥലത്ത് നിർമ്മാണം നടത്താൻ കഴിയാതെ വന്നപ്പോൾ ഭരണസമിതിയുടെ മാത്രം അംഗീകാരത്തോടെ നിർമ്മാണ സ്ഥലം പ്രാഥമിക ആരോഗ്യകേന്ദ്രം വക സ്ഥലത്തേക്ക് മാറ്റി. ആയത് നിയമാനുസൃതമല്ല.എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ നിർമ്മാണം ഭാഗികവും തുടർ പ്രവർത്തനം നിർത്തിവെച്ച അവസ്ഥയിലുമാണ്. അംഗീകാരം



ലഭിച്ച രൂപരേഖയിൽ നിന്നും വ്യത്യസ്തമായും ആവശ്യമായ അനുമതികൾ ലഭിക്കാതെയും 12.21 ലക്ഷം രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/21.01.2020) മറുപടി നല്കിയില്ല. നിയമാനുസൃതമല്ലാതെ പ്രോജക്ട് സൈറ്റ് മാറിയതിനാലും നിർമ്മാണം കഴിഞ്ഞ് 2 വർഷം പിന്നിട്ടിട്ടും തുടർ നടപടികൾ നടത്തി കംഫർട്ട് സ്റ്റേഷൻ പ്രവർത്തന ക്ഷമമാക്കാത്തതിനാലും ചെലവഴിച്ച തുക 12,21,841/-രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള അധികാരസ്ഥാനങ്ങളിൽ നിന്നും പ്രോജക്ട് സൈറ്റ് മാറിയതിന് അനുമതി വാങ്ങിയും, തുടർ പ്രവൃത്തികൾ നടത്തി കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദികളായവരിൽ നിന്നും ചെലവ് തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-29 ഭരണസമിതിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച - ആസ്തിവികസനഫണ്ട് 80 ലക്ഷം രൂപ നഗരസഭക്ക് നഷ്ടപ്പെട്ടു

2017-18 ൽ പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് ആസ്തി വികസനത്തിനായി ഇതേ വർഷം 1 കോടി രൂപ വികസനഫണ്ട് പ്രത്യേകമായി അനുവദിച്ചിരുന്നു. ഈ ഫണ്ടിൽ നിന്നും 80 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും ഉൾപ്പെടെ 85ലക്ഷം രൂപ വകയിരുത്തി മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 438/18 നമ്പരായി (260/18-19 സ്പിൽ ഓവർ) പ്രോജക്ട് തയ്യാറാക്കുകയും 29/3/2018 ഇ-ടെണ്ടർ നടത്തുകയും ചെയ്തു. 2 ടെണ്ടറുകൾ ലഭിച്ചതിൽ കുറവു തുക രേഖപ്പെടുത്തിയത് ജോമി മാത്യു എന്ന കരാറുകാരനായിരുന്നു. 19/4/2018ൽ ചേർന്ന കൗൺസിൽ ടെണ്ടർ നിരസിക്കുകയും റീ ടെണ്ടർ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ റീടെണ്ടർ നടപടികൾക്ക് മുൻപ് കുറവു തുക രേഖപ്പെടുത്തിയ കരാറുകാരൻ കോടതിയെ സമീപിച്ച് സ്റ്റേ ഓർഡർ സമ്പാദിച്ചെങ്കിലും അവസാന ഉത്തരവിൽ കരാർ റദ്ദാക്കിയ നഗരസഭയുടെ നടപടി അംഗീകരിക്കുകയാണ് ചെയ്തത്. സാമ്പത്തിക വർഷം അവസാനിക്കുന്നതോടെ ഫണ്ട് ലാപ്സാകുമെന്നതിനാൽ കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരന് തന്നെ വർക്ക് ഓർഡർ നല്കുന്നതിന് ഭരണസമിതി 12/09/2018ൽ തീരുമാനിക്കുകയും 01/10/2018ൽ കരാർ വക്കുകയും ചെയ്തു.

19/3/2019ൽ സൈറ്റ് കൈമാറുകയും തുടർന്ന് 309767/-രൂപയുടെ പ്രവൃത്തി (കെട്ടിടത്തിന്റെ തൂണുകളുടെ നിർമ്മാണം) നിർവ്വഹിക്കുകയും, സാമ്പത്തിക വർഷം അവസാനിച്ചതിനാൽ 31/03/2019 ൽ ലഭ്യമായ തുക 80ലക്ഷം ലാപ്സാകുകയും ചെയ്തു (തനത്ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന തുകയിൽ നിന്നും 309767/-രൂപ 2019-20ൽ പ്രോജക്ടിനായി ചെലവഴിക്കുകയും ആയത് പാഴ്ചെലവായി മാറുകയും ചെയ്തു). നിലവിൽ പ്രോജക്ട് അവസാനിപ്പിച്ച നിലയിലും നഗരസഭാകാര്യാലയം മറ്റൊരു സ്ഥലത്തേക്ക് മാറ്റാനുള്ള നടപടികളിലുമാണ്.



19/4/2018 ൽ ഭരണസമിതി നിരാകരിച്ച കരാറുകാരനെ 12/09/2018 ൽ അംഗീകരിച്ചതിൽ നിന്നും വ്യക്തമായ കാരണങ്ങൾ ഇല്ലാതെയാണ് ഭരണസമിതി ടെണ്ടർ നിരസിച്ചത് എന്ന് കണക്കാക്കേണ്ടിയിരിക്കുന്നു. ഭരണസമിതിയുടെ 12/9/2018 ലെ തീരുമാനത്തിൽ 12 അംഗങ്ങൾ വിയോജനം രേഖപ്പെടുത്തുകയും വിവരം തദ്ദേശവകുപ്പിനെ അറിയിക്കുകയും സർക്കാർ തീരുമാനം വരുന്നതു വരെ തുടർ നടപടികൾ പാടില്ലെന്ന് തദ്ദേശവകുപ്പ് അസിസ്റ്റന്റ് ചീഫ് സെക്രട്ടറി നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.ചുരുങ്ങിയ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല എങ്കിൽ ലഭിച്ച തുക നഷ്ടപ്പെടും എന്ന് ബോധ്യമുണ്ടായിരുന്നിട്ടും സമയ ബന്ധിതമായി പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനോ ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ ഭരണസമിതിക്ക് കഴിഞ്ഞില്ല. കെട്ടിടം പണിയുടെ നിലവിലെ അവസ്ഥ, പൂർത്തീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, 309767/-രൂപയുടെ പ്രവൃത്തി നിർവ്വഹിച്ച ശേഷം നഗരസഭാകാര്യാലയം മറ്റൊരു സ്ഥലത്തേക്ക് മാറ്റാനുള്ള തീരുമാനം എടുത്തതിനുള്ള കാരണം, 19-4-2018 ൽ ടെണ്ടർ നിരസിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിനുള്ള കാരണം (മിനിറ്റ്സ് ലഭിച്ചിട്ടില്ല) എന്നിവ രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/21.01.2020) മറുപടി നല്കിയില്ല. വ്യക്തമായ ആസൂത്രണമില്ലാതെ പ്രോജക്ട് ഏറ്റെടുത്തതും തുടർ നടപടികളിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയും നഗരസഭക്ക് ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായി. ഭരണസമിതി കാര്യക്ഷമമായ ഇടപെടലുകൾ നടത്തി നഷ്ടം വന്ന തുക തിരികെ ലഭ്യമാക്കുന്നതിനും ഭാഗികമായി ചെയ്ത പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - മാർക്കറ്റ് നിരക്ക് നിർണ്ണയത്തിൽ നടപടിക്രമം പാലിച്ചില്ല

നഗരസഭയുടെ 13,14 വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിച്ച് വെള്ളം വിതരണം കാര്യക്ഷമമാക്കുന്നതിന് സ്ഥലം എം.പി.യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും 5 ലക്ഷം രൂപ കൊല്ലംപറമ്പിൽ കുടിവെള്ള പദ്ധതിക്ക് അനുവദിക്കുകയും സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി വഴി നഗരസഭ പ്രോജക്ട് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. 14-2-2018 ൽ സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തിക്ക് 1130 മീറ്റർ നീളം 75മി.മി HDPE പൈപ്പ് സ്ഥാപിക്കുകയും ഗ്രാനൈറ്റിൽ നെയിംബോർഡ് സ്ഥാപിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. അളവുപുസ്തക പ്രകാരം 1130 മീ നീളം 430.21 രൂപ നിരക്കിൽ 486137.30 രൂപയ്ക്ക് പൈപ്പ് ലൈനും 3257.25 രൂപക്ക് നെയിംബോർഡും സ്ഥാപിച്ചിട്ടുണ്ട്. ആകെ വേലമൂല്യം 489395/- രൂപ. 24-01-2020 ൽ ഭൗതിക പരിശോധന നടത്തിയതിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നതിൽ നിന്നും വ്യത്യസ്തമായി 90എം എം പൈപ്പ് സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. അളവുരേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറും, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അളവു പുസ്തകത്തിൽ 75 എം എം പൈപ്പ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പ്രോജക്ട് പ്രകാരമുള്ള പൈപ്പാണ് സ്ഥാപിച്ചത് എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല. എസ്റ്റിമേറ്റ് പ്രകാരം PE 100/10kG ഗുണനിലവാരം

പുലർത്തുന്ന പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. അംഗീകൃത കമ്പനികൾ നിർമ്മിക്കുന്നതും മേൽ സൂചിപ്പിച്ച ഗുണനിലവാരം പുലർത്തുന്നതുമായ പൈപ്പുകളിൽ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കും. എന്നാൽ ഇത്തരം രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ഗുണനിലവാരവും വിലയും കുറഞ്ഞ പൈപ്പുകളാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വിലയിരുത്തുന്നു. നിലവിലുള്ള മാർക്കറ്റ് നിരക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരമാണ് പൈപ്പ് ലൈനിന് 430.21 രൂപ നിശ്ചയിച്ചിട്ടുള്ളത്.

19-1-2017 ലെ ചീഫ് എഞ്ചിനീയറുടെ CE/Admin/IT/Price/16-17 സർക്കുലർ പ്രകാരം PWD കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓരോ പാദവർഷത്തേക്കും ലോക്കൽ മാർക്കറ്റ് റേറ്റ് തയ്യാറാക്കി പ്രൈസ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ കാലയളവിൽ 75മി.മി HDPE പൈപ്പിന് ഇത്തരത്തിൽ ലോക്കൽ മാർക്കറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പൊതുമാർക്കറ്റിൽ നിന്നും ക്വട്ടേഷൻ വിളിച്ച് ലഭിക്കുന്നതിൽ കുറഞ്ഞ നിരക്ക് മാർക്കറ്റ് വിലയായി കണക്കാക്കി ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കുകയായിരുന്നു വേണ്ടത്. എന്നാൽ ഇത്തരം നടപടി ക്രമങ്ങൾ പാലിക്കാതെ 360 രൂപ മീറ്ററിന് (മാർക്കറ്റ് നിരക്ക്)നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല (1-7-18 മുതൽ 30-09-2018 വരെയുള്ള കാലയളവിൽ ലോക്കൽ മാർക്കറ്റ് നിരക്ക് 253 മാത്രമാണ്). കൂടാതെ ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ പ്രോജക്ടിന് യഥാർത്ഥ ചെലവ് വൗച്ചറുകൾ ഹാജരാക്കാതെ പേയ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.35/24.01.2020) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിന് ചെലവഴിച്ച 4,54,358/- രൂപ തടസ്സപ്പെടുത്തുന്നു. (10-10-2019 ലെ 2860605 നമ്പർ ചെക്ക് പ്രകാരം നികുതികൾ കിഴിച്ച് 440012/- രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്. വാറ്റ് കിഴിച്ച് 454358/- രൂപയാണ് കളക്ടർ നഗരസഭയ്ക്ക് നല്കിയത്).

വിദഗ്ധ സമിതി പരിശോധന നടത്തി നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടില്ല എന്നും പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ കുറവ് വന്നിട്ടില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവഴിച്ച തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-31 വാർഷികപദ്ധതിയിൽപെടുത്തി അംഗീകാരം ലഭ്യമാക്കാത്ത പ്രോജക്ടിന് തനത് ഫണ്ടിൽ നിന്നും തുക നല്കി

നഗരസഭ ഉടമസ്ഥതയിലുള്ള ബഡ്സ് സ്കൂളിന് 2013-14 വർഷം ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 3 നിലക്കെട്ടിടത്തിനുള്ള സ്ട്രക്ചർ തയ്യാറാക്കുകയും തുടർന്ന് ആദ്യ നില ഉപയോഗപ്രദമാക്കുന്നതിന് പഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ച് (ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തായിരുന്ന കാലഘട്ടം) പ്രോജക്ട് തയ്യാറാക്കി ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുകയും 28-12-2016ൽ പൂർത്തിയായ പ്രവൃത്തിക്ക് പാർട്ട് ബില്ലായി 979204/- രൂപ ചെലവഴിക്കുകയും ചെയ്തു. 13,15,938/- രൂപ ആകെ വേലമൂല്യമുള്ള പ്രവൃത്തിക്ക് ബാക്കി തുക നല്കുന്നതിന് 2016-17, 2017-18 വർഷങ്ങളിൽ സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കിയെങ്കിലും ചെലവ് നടന്നിരുന്നില്ല. 2018-19ൽ ഈ പ്രവൃത്തിക്ക് സ്പിൽഓവറാക്കി അംഗീകാരം ലഭിച്ചതായി കാണുന്നില്ല. എന്നാൽ 20-04-2018ൽ നഗരസഭാ ചെയർമാന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 466522/-രൂപ 17-5-18ലെ 2683812 നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നല്കിയിട്ടുണ്ട്. പൂർത്തിയായ പ്രവൃത്തിക്ക് തുടർവർഷങ്ങളിൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കാതെ സ്പിൽ ഓവർ പ്രോജക്ടുകളാക്കിയതിനും 2018-19 പ്രോജക്ടിന് സ്പിൽ ഓവറായി അംഗീകാരം ലഭ്യമാക്കാതെ തുക നല്കിയതിനുമുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 30/23.01.2020) മറുപടി നല്കിയില്ല. 2018-19 വർഷം നടത്തിയ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരമില്ലാത്ത 4,66,522/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതയിൽ വിശദീകരണം നല്കിയും ചെലവ് തുകയ്ക്ക് ജില്ലാ ആസൂത്രണസമിതിയിൽ നിന്നും സാധൂകരണം വാങ്ങിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 അളവുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തൽ നടത്തി- നഗരസഭക്ക് നഷ്ടവും ഗുണനിലവാരത്തിൽ കുറവും

ബഡ്സ് സ്കൂൾ വാൻ ഷെഡ് നിർമ്മാണം എന്ന 237/2018 നമ്പർ പ്രോജക്ട് (206/18-19 സ്പിൽഓവർ പ്രോജക്ട്) മുഹമ്മദ് അസ്ലം എന്നയാൾ കരാറെടുക്കുകയും 99833/- രൂപ ചെലവിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 25000 | 25000 | 2/18-19 തീ24-5-2018 |
| വികസനഫണ്ട് (ധന.ഗ്രാന്റ്) | 75000 | 74833 | 10/18-19 തീ24-5-2018 |
| ആകെ | 100000 | 99833 | |

ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ് വർക്കിന് മുകളിൽ 0.35 എം എം, ജി.ഐ ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുകയായിരുന്നു പ്രോജക്ട്. അളവുപുസ്തകപ്രകാരം ഇനം 2(2)ആയി ചെയ്തിട്ടുള്ളത് 70x30x2.9 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയും ഇനം 2 (3)ആയി ചെയ്തിട്ടുള്ളത് 25x25x2.6എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയും ആണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ചതിൽ ഇനം 2 (2)ആയി ചെയ്തിട്ടുള്ളത് 80x40x1.2 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് (പൈപ്പിൽ ആയത് വ്യക്തമായി പ്രിന്റ് ചെയ്തിട്ടുണ്ട്). എന്നാൽ ഇനം 2 (3)ആയി ചെയ്തിട്ടുള്ള 25x25x2.6എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ള പൈപ്പിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഉപയോഗിച്ച സാധനങ്ങൾ പുന:പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നല്കണമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ (നം.7/21.01.2020) ആവശ്യപ്പെട്ടെങ്കിലും എഞ്ചിനീയറിംഗ് വിഭാഗം പ്രതികരിച്ചിട്ടില്ല. അളവുപുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നല്കിയതിലൂടെ നഗരസഭയ്ക്ക് ധനനഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

അളവുപുസ്തകപ്രകാരം ഇനം 2 (2)ആയി ചെയ്ത 70x30x2.9 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 46.2 മീറ്റർ പൈപ്പിന് മീറ്ററിന് 4.12 കി.ഗ്രാം പ്രകാരം 190.34 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 18539/-രൂപ കരാറുകാരന് നല്കി. എന്നാൽ യഥാർത്ഥത്തിൽ ചെയ്ത 80x40x1.2 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 46.2 മീറ്റർ പൈപ്പിന് മീറ്ററിന് 2.22 കി.ഗ്രാം പ്രകാരം (പൈപ്പ് വെയിറ്റ് ചാർട്ട് പ്രകാരം) 102.56 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 9989/-രൂപ കരാറുകാരന് നല്കിയാൽ മതിയാകും. ഈ ഇനത്തിൽ 8550/- രൂപ കരാറുകാരന് അധികം നല്കി.

അളവുപുസ്തകപ്രകാരം ഇനം 2 (3)ആയി ചെയ്ത 25x25x2.6 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 75.2 മീറ്റർ പൈപ്പിന് മീറ്ററിന് 2.98 കി.ഗ്രാം പ്രകാരം 224.09 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 21826/-രൂപ കരാറുകാരന് നല്കി. എന്നാൽ യഥാർത്ഥത്തിൽ 25x25x2.6 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 75.2 മീറ്റർ പൈപ്പിന് മീറ്ററിന് 1.69 കി.ഗ്രാം പ്രകാരം( പൈപ്പ് വെയിറ്റ് ചാർട്ട് പ്രകാരം) 127.08 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 12378/-രൂപ കരാറുകാരൻ നല്കിയാൽ മതിയാകും. ഈ ഇനത്തിൽ 9448/- രൂപ കരാറുകാരന് അധികം നല്കി.(25x25x2.6 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി പുനപരിശോധിച്ച് കനത്തിൽ കുറവുണ്ടെങ്കിൽ ആയതു കൂടി പരിഗണിക്കേണ്ടതാണ്).

ഇനം 1 പ്രകാരമുള്ള നഷ്ടം 8550/- രൂപ അളവുപുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതോടൊപ്പം കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതിന് വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇനം 2 പ്രകാരമുള്ള നഷ്ടം 9448/- രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അളവുപുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ വിഷയത്തിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി പ്രവൃത്തി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-33 ആധുനിക മത്സ്യ/മാംസ മാർക്കറ്റ് നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവകരിച്ചിട്ടില്ല

ആധുനിക മത്സ്യ/മാംസ മാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 501750/- രൂപ ഓഡിറ്റ് വർഷം പിൻവലിച്ച് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നല്കിയിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 21800118/2-5-2018 | 2933595/2-5-2018(ട്രഷറി) | 300000 |
| 21800119/3-5-2018 | 2933595/2-5-2018(ട്രഷറി) | 201750 |
| | ആകെ | 501750 |

4-3-2017 ൽ സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാർ വച്ച പ്രവൃത്തിക്ക് 16-8-2017 ലെ പുതുക്കിയ സാങ്കേതിക അനുമതി പ്രകാരം ഖര/ദ്രവ മാലിന്യ സംസ്കരണ സംവിധാനത്തിനുൾപ്പെടെ 1,19,80,000/- രൂപയുടെ ചെലവിനാണ് അനുമതിയുള്ളത്. എന്നാൽ അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി ഖര /ദ്രവ മാലിന്യ സംസ്കരണ സംവിധാനമില്ലാതെ കെട്ടിട നിർമ്മാണത്തിന് മാത്രമായി 1,19,79,384/-രൂപ ചെലവഴിച്ചു (ലോകബാങ്ക് ധനസഹായത്തോടെ ആസൂത്രണം ചെയ്ത രണ്ട് പ്രോജക്ടുകൾ പ്രകാരം കെട്ടിട നിർമ്മാണത്തിന് 1,13,69,500/- രൂപയും ഖര/ദ്രവ മാലിന്യ സംസ്കരണ സംവിധാനത്തിന് 86,30,200/- രൂപയും ആണ് ചെലവഴിക്കാവുന്നത് (ആകെ 2കോടി രൂപ)).

1കോടി 19 ലക്ഷം രൂപ മുടക്കി നിർമ്മിച്ച കെട്ടിടം വാടകക്ക് നല്കി വരുമാനദായകമാക്കുന്നതിന് 2 വർഷം പിന്നിട്ടിട്ടും കഴിഞ്ഞിട്ടില്ല. ഇലക്ട്രിഫിക്കേഷൻ/പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി വാടകയ്ക്ക് നല്കി നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വരവ് നഷ്ടം ഒഴിവാക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളിൽ നിരീക്ഷണകാലം (5 വർഷം) കഴിഞ്ഞ് മാത്രം 5% തുക ഏജൻസിക്ക് നല്കിയാൽ മതിയാകും (പെർഫോമൻസ് ഗ്യാരന്റിയായി സൂക്ഷിക്കണം)എന്ന് ജി.ഒ(പി)311/14/ഫിൻ തീ 30/07/2014ൽ വ്യവസ്ഥ ഉള്ളപ്പോൾ ആയതു പോലും പരിഗണിക്കാതെ മുഴുവൻ തുകയും നിർമ്മിതി കേന്ദ്രത്തിന് നല്കി.

ജി.ഒ(പി)311/14 ഫിൻ തീ 30/07/2014 പ്രകാരം തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ കരാറുകാരന്റെ ലാഭം ഇല്ലാതെയുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നിക്ഷേപ പ്രവൃത്തിയായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നല്കാമെങ്കിലും, സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുള്ള നഗരസഭ കരാറുകാരന്റെ ലാഭം ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ പ്രവൃത്തി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നല്കുന്നതിന് അനുമതി ഇല്ല. മേൽപ്പറഞ്ഞ ഉത്തരവിൽ ക്രമ നം. 5 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് 75 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികൾ മാത്രമേ ടെണ്ടർ നടപടികൾ ഇല്ലാതെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നല്കാൻ കഴിയുകയുള്ളൂ. 1കോടിക്ക് മേൽ അടങ്കലുള്ള പ്രവൃത്തി ടെണ്ടർ നടപടികൾ ഇല്ലാതെയും ഡെപ്പോസിറ്റ് പ്രവൃത്തിയാണോ, പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റ് ആയാണോ എന്ന് വ്യക്തത വരുത്താതെയും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചത് ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചയാണ്.

തുക നിർമ്മിതി കേന്ദ്രത്തിന് നേരിട്ട് നല്കിയിട്ടുള്ളതിനാലും നിർമ്മിതി കേന്ദ്രം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും ഡെപ്പോസിറ്റ് വർക്കായാണ് നിർവ്വഹണം നടത്തിയത് എന്ന് കണക്കാക്കുന്നു (പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റ് ആയുള്ള പ്രവൃത്തികളിൽ തുക കരാറുകാരന് നഗരസഭ നേരിട്ട് നല്കണം). ടെണ്ടർ നടന്നിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക്, എന്നിവ രേഖാമൂലം അറിയിക്കണമെന്ന് 6/21.01.2020 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി നല്കിയില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭം ഇല്ലാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ 7.5% കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതു മൂലം നിർമ്മിതി കേന്ദ്രത്തിന് 8,35,771/- രൂപ അധികം നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർമ്മിതി കേന്ദ്രത്തിന് നല്കിയ തുക | 1,19,79,384/- |
| 7.5% കുറച്ച് നല്കാവുന്ന തുക(11979384x100/107.5) | 1,11,43,613/- |
| അധികം നല്കിയത് | 8,35,771/ |

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അധികം നല്കിയ 8,35,771/- രൂപ തിരികെ ഈടാക്കുകയോ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കിയപ്പോൾ കരാറുകാരനുള്ള ലാഭം കുറവുചെയ്യാതിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-34 റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഭവനപുനരുദ്ധാരണം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം

റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ തനത് ആസ്തികളുടെയും അവയ്ക്ക് കൈമാറിക്കിട്ടിയ ആസ്തികളുടെയും മെയിന്റനൻസിനായി വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിവിധ സർക്കുലറുകളിലും ഭവനപുനരുദ്ധാരണത്തിന് വിനിയോഗിക്കാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ നഗരസഭയിൽ പ്രോജക്ട് നം. 19/19 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ജനറൽ വിഭാഗത്തിൽ ഭവനപുനരുദ്ധാരണം എന്ന പ്രോജക്ടിനായി 8,50,000/- രൂപ വികസനഫണ്ടിൽ നിന്നും 5,25,000/-രൂപ റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിരുന്നു. റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ഭവനപുനരുദ്ധാരണത്തിന് തുക ചെലവഴിച്ചതിന്റെ വിശദീകരണം ആരാഞ്ഞുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 45/25-1-2020) മറുപടി ലഭിച്ചിരുന്നില്ല. വിവിധ സർക്കാർ ഉത്തരവുകളിലും സർക്കുലറിലും നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്കല്ലാതെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നത് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നതിന് തുല്യമാണ്. പ്രസ്തുത വിഷയത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കാത്ത പക്ഷം റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 525000/-രൂപ പ്രോജക്ട് തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെയും വെറ്റിംഗ് നടത്തിയ റീജണൽ ജോയിന്റ് ഡയറക്ടറുടെയും ബാദ്ധ്യതയായി മാറുന്നതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച 5,25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 സംയോജിത മുട്ടഗ്രാമം -വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു-നടപടി ക്രമവിരുദ്ധം

പ്രോജക്ട് നം. 202/19 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി സംയോജിത മുട്ടഗ്രാമം എന്ന പ്രോജക്ടിനായി 2,29,360/-രൂപ (ബിൽ നം36/7-1-19) വികസനഫണ്ടിൽ നിന്നും പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ 14-1-19 ൽ (അക്കൗണ്ട് നം.40545100002199)ക്രെഡിറ്റ് ചെയ്തിരുന്നു. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1ൽ 2015-16 വർഷം നടപ്പാക്കിയ പ്രോജക്ടിന് 2017-18 വർഷം സബ്സിഡി നൽകിയത് ക്രമപ്രകാരമല്ലായെന്നും ആയതിനാൽ 2017-18ൽ നൽകിയതുക അംഗീകരിക്കുന്നില്ലായെന്നും പരാമർശമുണ്ടായിരുന്നു. എന്നാൽ പ്രസ്തുത പരാമർശം നിലനിൽക്കെ 2018-19 വർഷം 229360/- രൂപ വീണ്ടും പ്രസ്തുത ആവശ്യത്തിനായി സിഡിഎസ് അക്കൗണ്ടിലേക്ക് മാറിനൽകിയത് ക്രമപ്രകാരമല്ല. സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെലവഴിക്കാൻ സാധിക്കാത്തതുമായ പ്രസ്തുത തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.46/25-1-20) മറുപടി ലഭ്യമായില്ല. വികസനഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. ടി തുക സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ ടിയിനത്തിൽ ചെലവഴിച്ച 2,29,360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 തയ്യൽ മെഷീൻ വിതരണം - പ്രോജക്ട് സർക്കാർ ഉത്തരവിന് വിരുദ്ധം

**എ)** നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന രണ്ടു പ്രോജക്ടുകൾ പ്രകാരം നഗരസഭ തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്തിരുന്നു. ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത വരിക്കാനിക്കൽ ഏജൻസീസ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നായിരുന്നു രണ്ടു പ്രോജക്ടുകൾക്കും വാങ്ങൽ നടത്തിയത്.

1. പ്രോജക്ട് നം. 142/19 പട്ടികജാതി വനിതകൾക്ക് തയ്യൽമെഷീൻ വാങ്ങിനൽകൽ എന്ന പ്രോജക്ടിൽപ്പെടുത്തി നഗരസഭ തയ്യാറാക്കിയ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 വനിതകൾക്ക് 6000/- രൂപ നിരക്കിലുള്ള തയ്യൽമെഷീനുകൾ 60000/-രൂപ (ബിൽ നം 74/26-3-19) ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തിരുന്നു.

2)പ്രോജക്ട് നം.143/19 പട്ടികവർഗ്ഗ വനിതകൾക്ക് തയ്യൽമെഷീനുകൾ വാങ്ങിനൽകൽ എന്ന പ്രോജക്ടിൽപ്പെടുത്തി നഗരസഭ തയ്യാറാക്കിയ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5വനിതകൾക്ക് 6000/- രൂപ നിരക്കിലുള്ള തയ്യൽമെഷീനുകൾ 30000/-രൂപ (ബിൽ നം. 73/28-3-19) ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തിരുന്നു.

സർക്കാർ ഉത്തരവ് (കൈ) നം 22/2018 തസ്വഭവ തീയതി 14-2-2018 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തയ്യൽമെഷീനുകൾ വാങ്ങി വിതരണം ചെയ്യുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി രണ്ടുപ്രോജക്ടിനും കൂടി 90000/-രൂപ ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/21-1-2019) മറുപടി ലഭ്യമായില്ല. പ്രോജക്ട് നിയമാനുസൃതമാണെന്നും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത് എന്നും ഉറപ്പുവരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ കർത്തവ്യമായിരുന്നു. ഇത്തരത്തിൽ മാർഗരേഖയ്ക്ക് വിരുദ്ധമായി തയ്യാറാക്കിയ പ്രോജക്ടിന് വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനും അംഗീകാരം നൽകിയിരുന്നു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്ത് സാമ്പത്തികനഷ്ടം വരുത്തിയതിന് നിർവ്വഹണോദ്യോഗസ്ഥയായിരുന്ന സെക്രട്ടറി ശ്രീമതി കവിത എസ്.കുമാർ, വെറ്റിംഗ് നടത്തിയ റീജണൽ ജോയിന്റ് ഡയറക്ടറുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. രാജു വി.റ്റി. എന്നിവർക്ക് തുല്യ ഉത്തരവാദിത്വമുള്ളതാണ്.

**ബി) <u>ഊരുകൂട്ടം അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി</u>**

പ്രോജക്ട് നം. 143/19 പ്രകാരം 5 പട്ടികവർഗ്ഗവനിതകൾക്ക് തയ്യൽമെഷീൻ വിതരണം ചെയ്തിരുന്നു. ഇതിൽ 3പേർ മാത്രമാണ് ജാതി തെളിയിക്കുന്ന സർട്ടിഫിക്കേറ്റ് ഹാജരാക്കിയിരുന്നുള്ളൂ. ഊരുകൂട്ടം പ്രസ്തുത പ്രോജക്ടിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ശ്രീമതി മോളി ദേവസ്യ, ശ്രീമതി അൻസിയ പി.എസ്, പുളിമൂട്ടിൽ എന്നിവർ ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടിരുന്നില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തതിനും 2പേർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/23-1-20)മറുപടി ലഭ്യമായിരുന്നില്ല. ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടിട്ടില്ലാത്തതും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുമായ ശ്രീമതി മോളി ദേവസ്യ, ശ്രീമതി അൻസിയ.പി.എസ്., പുളിമൂട്ടിൽ എന്നിവർക്ക് നൽകിയ തയ്യൽമെഷീനുകളുടെ വിലയായ 6000x2=12000/- വിതരണം ചെയ്ത നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ.സാനന്ദസിംഗിൽ നിന്നും ഈടാക്കേണ്ടതാണ്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ലഭ്യമാക്കാത്തപക്ഷം പ്രസ്തുത രണ്ട് പ്രോജക്ടുകൾക്കുമായി ആകെ ചെലവഴിച്ച 90000/- രൂപയിൽ 12000/- കിഴിച്ച് ബാക്കി തുകയായ 78000/- രൂപ പ്രോജക്ട് തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥയായ ശ്രീമതി കവിതാ എസ്.കുമാർ, വെറ്റിംഗ് ഓഫീസർ ശ്രീ. രാജു വി.റ്റി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# 1-37 പിവിസി വാട്ടർടാങ്ക് വാങ്ങി നൽകൽ -സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിൽ അധികം തുക ചെലവഴിച്ചു

(എ)

| | |
|---|---|
| പ്രൊ.നം 22/19 പട്ടികജാതി വിഭാഗം ആളുകൾക്ക് പിവിസി വാട്ടർടാങ്ക് | 12 പേർക്ക് ടാങ്ക് ഒന്നിന് 5000/- രൂപ നിരക്കിൽ ചെലവഴിച്ച തുക= 60000(ബിൽനം 71/26-3-19)--SCP ഫണ്ട് |
| പ്രൊ.നം 156/19 പട്ടികവർഗ്ഗ വിഭാഗം ആളുകൾക്ക് പിവിസി വാട്ടർടാങ്ക് | 5 പേർക്ക് ടാങ്ക് ഒന്നിന് 5000/- രൂപ നിരക്കിൽ ചെലവഴിച്ച തുക= 25000(ബിൽനം 78/28-3-19)--TSP ഫണ്ട് |

മേൽപറഞ്ഞ രണ്ടു പ്രോജക്ടുകൾക്കുമായി പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത കളപ്പുരയ്ക്കൽ ഇലക്ട്രിക്കൽസ്, അരുവിത്തുറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുകയും ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് (കൈ) നം 22/2018 തസ്വഭവ തീയതി 14-2-2018 പ്രകാരം നഗരസഭയ്ക്ക് സബ്സിഡിയായി നൽകാവുന്നത് വാട്ടർടാങ്കിന്റെ വിലയുടെ 75% മാത്രമാണ് (പരമാവധി 3000/-രൂപ). കൂടാതെ ടാങ്കിന്റെ വിലയുടെ 25% തുക ഗുണഭോക്തൃവിഹിതം നഗരസഭയിൽ ഒടുക്കേണ്ടിയുമിരുന്നു. എന്നാൽ നഗരസഭ ഗുണഭോക്തൃവിഹിതം ശേഖരിച്ചിരുന്നില്ല. മേൽ രണ്ടു പ്രോജക്ടിനുമായി 17പേർക്ക് വാട്ടർടാങ്ക് വാങ്ങി നൽകുന്നതിനായി നഗരസഭയ്ക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 3000x17=51000/-രൂപ മാത്രമാണ്. എന്നാൽ രണ്ടുപ്രോജക്ടിനുമായി 60000+25000=85000/-രൂപ ചെലവഴിക്കുക വഴി അധികമായി 34000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം15/21-1-19) )മറുപടി ലഭ്യമായിരുന്നില്ല. അധികം നൽകിയ തുകയായ 34000/-രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീ.സാനന്ദസിംഗിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

**(ബി) ഊരുകൂട്ടം അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി**

നഗരസഭയിൽ പ്രോജക്ട് നം.156/19 ആയി തയ്യാറാക്കിയ പട്ടികവർഗ്ഗവനിതകൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ എന്ന പ്രോജക്ടിനായി ഗുണഭോക്താക്കളെ 2018-19 വർഷത്തേയ്ക്കുള്ള ഊരുകൂട്ടയോഗം ചേർന്ന് തെരഞ്ഞെടുത്തിരുന്നില്ല. ഊരുകൂട്ടയോഗം തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രോജക്ട് പ്രകാരം 5 വാട്ടർ ടാങ്ക് വാങ്ങിയതിൽ 4എണ്ണം മാത്രമേ വിതരണം ചെയ്തതായി ഫയലിൽ ചേർത്തിട്ടുള്ളൂ. ഒരു വാട്ടർ ടാങ്ക് വിതരണം ചെയ്യാതിരുന്നതും വിശദീകരിക്കേണ്ടതുമാണ്. ഊരുകൂട്ടയോഗം വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ ആനുകൂല്യം നൽകിയതിനാൽ ആകെ ചെലവഴിച്ച 85000/-രൂപയിൽ നിരാകരിച്ച 34000/- കിഴിച്ചുള്ള ചെലവ് തുകയായ 51000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമായില്ല

ഫയൽ നം.G2-3488/18

നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.119/19 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ എന്ന പ്രോജക്ട് പ്രകാരം PHC യിലെ താത്ക്കാലിക ജീവനക്കാരുടെ അധികവേതനം (HMC യിലെ മാസവരുമാനത്തിന്റെ 50% ൽ കവിഞ്ഞതുക) നഗരസഭാ അക്കൗണ്ടിൽ നിന്നും നൽകിയിരുന്നതിനാൽ ബിൽ തുക മാറി നഗരസഭാ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. റോഡിതരമെയിന്റനൻസ് ഗ്രാന്റ് 2.5 ലക്ഷം രൂപ ബിൽ നം 54/28-2-19 പ്രകാരമാണ് മാറിയത്. താത്ക്കാലിക ജീവനക്കാർക്ക് നൽകിയ അധികവേതനം എത്രയെന്നും HMCഅക്കൗണ്ടിൽ എത്രതുക ശേഷിക്കുന്നു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.43/25.01.2020) മറുപടി ലഭ്യമായിരുന്നില്ല. താത്ക്കാലിക ജീവനക്കാർക്ക് ഏത് അക്കൗണ്ടിൽ നിന്നാണ് തുക നൽകിയത് എന്നതിലും വ്യക്തതയില്ല. ആവശ്യമായ വിവരങ്ങളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 2.5 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 വാർഷികപദ്ധതി രൂപീകരണം -ചെലവ് രേഖകളിൽ അവ്യക്തത

പ്രോജക്ട് നം. 10/19 പദ്ധതി നിർവ്വഹണ മോണിറ്ററിങ്ങ് ചെലവുകൾക്കായി 95024/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. പ്രസ്തുത ചെലവുകളിൽ താഴെപറയുന്ന അപാകത കാണുന്നു.

1) നഗരസഭയിൽ ടെൻഡർ ഫോം, വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷ എന്നിവ പ്രിന്റ് ചെയ്യതിന് മീഡിയ ഓഫ് സെറ്റ് പ്രിന്റേഴ്സ്, എന്ന സ്ഥാപനത്തിന് ബിൽ നം. 23/16-11-18 പ്രകാരം 24908/- രൂപയും 41/23-1-19 പ്രകാരം 20216/-രൂപയുമുൾപ്പടെ 45124/- രൂപ നൽകിയിരുന്നു. എന്നാൽ നഗരസഭയിലെ പ്രിന്റിങ്ങ് ജോലികൾ നിർവ്വഹിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് പ്രിന്റിങ്ങ് സ്ഥാപനത്തെ തെരഞ്ഞെടുത്തതായി കാണുന്നില്ല. നഗരസഭയിലെ മറ്റ് പ്രിന്റിങ്ങ് ജോലികളും ക്വട്ടേഷൻ ക്ഷണിച്ചായിരുന്നില്ല നടപ്പാക്കിയത്.

2) പ്രസ്തുത പ്രോജക്ടിൽപ്പെടുത്തി ബിൽ നം.41/23-1-19 പ്രകാരം 35500/-രൂപ ഭക്ഷണചെലവിനായി ശ്രീമതി സഫൂറാ ഹബീബ് എന്നയാൾക്ക് നൽകിയതായി കാണുന്നു. വർക്കിങ്ങ് ഗ്രൂപ്പ്, ആസൂത്രണസമിതി യോഗങ്ങളിൽ പങ്കെടുത്ത 300 പേർക്ക് നൽകിയ ഭക്ഷണചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വർക്കിങ്ങ് ഗ്രൂപ്പ്, ആസൂത്രണസമിതി യോഗങ്ങളുടെ മിനിറ്റ്സ് ബുക്ക് ഹാജരാക്കിയതിൽ 2016-17 ന് ശേഷം വർക്കിങ്ങ് ഗ്രൂപ്പ് പുനസംഘടിപ്പിച്ചിരുന്നില്ലായെന്ന് കാണുന്നു. കൂടാതെ ആസൂത്രണസമിതി യോഗത്തിന്റെ മിനിറ്റ്സ്ബുക്ക് പ്രകാരം 20 ൽ താഴെ മാത്രം ആൾക്കാരാണ് ടി യോഗത്തിൽ പങ്കെടുത്തതായി കാണുന്നത്. ഇതിന് പുറമെ 14400/- രൂപ വികസനസെമിനാറിൽ പങ്കെടുത്തവർക്ക് ഭക്ഷണം നൽകിയ ഇനത്തിൽ ടിയാൾക്ക് നൽകിയിരുന്നു.

മേൽപറഞ്ഞ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (43/25-1-20) മറുപടി ലഭ്യമായിരുന്നില്ല. ആയതിനാൽ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ പ്രിന്റിങ്ങിനായി ചെലവഴിച്ച 45124/-രൂപയും ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും യോഗം ചേരാത്ത വർക്കിങ്ങ് ഗ്രൂപ്പുകൾക്കായി ചെലവഴിച്ച ഭക്ഷണത്തിന്റെ ചെലവ് തുകയായ 35500/-രൂപയുമുൾപ്പടെ 80624/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ശ്രവണസഹായികൾ വാങ്ങൽ - രേഖകൾ ലഭ്യമായില്ല

ഫയൽ നം. 534/19

നഗരസഭയിലെ കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ശ്രവണസഹായികൾ നൽകുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രോജക്ട് (നം. 194/19) പ്രകാരം വികസനഫണ്ടിൽ നിന്നും 1,00,000/- രൂപ (ബിൽ നം59/25-3-2019) ചെലവഴിച്ചിരുന്നു. താഴെപറയുന്ന 4കുട്ടികളുടെ രക്ഷിതാക്കളുടെ അക്കൗണ്ടിലേക്ക് 25000/-രൂപ വീതമാണ് നൽകിയത്.

1)നിദ ഫാത്തിമ

2)നുസ്രിമോൾ

3)ഫാറൂഖ്.പി.എസ്

4)ഇമ്രാൻ അലി

ഇതിൽ ഇമ്രാൻ അലി എന്ന കുട്ടിയുടെ ശ്രവണസഹായികൾ വാങ്ങിയതിന്റെ ബില്ല് മാത്രമാണ് ഹാജരാക്കിയിരുന്നത്. മറ്റ് കുട്ടികളുടെ ശ്രവണവൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ ഫയലിലുണ്ടായിരുന്നുവെങ്കിലും ശ്രവണസഹായികൾ വാങ്ങിയതിന്റെ ബില്ലോ മറ്റ് രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. കൂടാതെ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം ശ്രവണസഹായികൾ വാങ്ങി നൽകണമെന്ന സർക്കാർ നിർദ്ദേശവും പാലിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/22-1-20)മറുപടി ലഭിച്ചില്ല. ബില്ലുകളും അനുബന്ധവിവരങ്ങളും ഹാജരാക്കാത്തതിനാൽ 3പേർക്ക് ശ്രവണസഹായിയ്ക്കായി നൽകിയ 75000/- (25000x3)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

നഗരസഭാ ഓഫീസിൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.229/19 പ്രകാരം 10,00,000/-രൂപ ചെലവഴിച്ചിരുന്നു. ചെലവ്

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| കെൽട്രോണിന് നൽകിയ തുക | 8,55,041/-(ബിൽ നം 1/28-5-18, 8/4-9-18) |
| ഓക്സോ ഡിജിറ്റൽ സിസ്റ്റം | 1,44,959/-(ബിൽ നം 22/13-12-18) |

ഇതിൽ 22 കമ്പ്യൂട്ടറുകളും 12 പ്രിന്ററുകളും വാങ്ങുന്നതിനായി 8,55,041/- രൂപ കെൽട്രോണിന്റെയും IT മിഷന്റെയും സംയുക്തമായുള്ള cprcs ൽ നിന്നും ഓൺലൈൻ വാങ്ങുന്നതിനായി നൽകിയിരുന്നു. കെൽട്രോണിൽ നിന്നും ടി കമ്പ്യൂട്ടറുകളും പ്രിന്ററുകളും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/23-1-20) മറുപടി ലഭ്യമാക്കിയിരുന്നില്ല. കമ്പ്യൂട്ടറുകളും പ്രിന്ററുകളും ലഭിച്ചത് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയവ ലഭിച്ചതിന്റെ ബില്ലും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രേഖപ്പെടുത്തുന്നതു സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരമുള്ള ഹാർഡ്‌വെയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കൂടാതെ പ്രസ്തുത പ്രോജക്ടിൽപ്പെടുത്തി 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ഓക്സോ ഡിജിറ്റൽ സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുകയും 1,44,959/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജിഒ(പി)നം 259/2010/തസ്വഭവ തീയതി 8-11-2010) പ്രകാരം 1,00,000/- രൂപയ്ക്ക് മുകളിൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് മതിയായ പരസ്യം പത്രങ്ങളിൽ നൽകി മത്സരാധിഷ്ഠിത ഓപ്പൺ ടെൻഡറായി നടത്തേണ്ടിയിരുന്നു. ടെൻഡർ നടപടികൾ സ്വീകരിക്കാതെ കമ്പ്യൂട്ടർ വാങ്ങിയ നടപടി വിശദീകരിക്കപ്പെട്ടില്ല.

മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 പൊതു വിദ്യാഭ്യാസ സംരക്ഷണം -പഠന നിലവാരം മെച്ചപ്പെടുത്തൽ-അപാകതകൾ

എച്ച്.എം നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ടി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0128/19(ജനറൽ)<br>എസ് 0175/19(പട്ടികജാതി)<br>എസ് 0176/19(പട്ടിക വർഗം) |
| പ്രോജക്ട് | പൊതു വിദ്യാഭ്യാസ സംരക്ഷണം -പഠന നിലവാരം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 203000(ജനറൽ)മെയിന്റനൻസ് ഫണ്ട് റോഡിതരം<br>25000(എസ്.റ്റി) റ്റി എസ്.പി ഫണ്ട്<br>25000(എസ്.സി) എസ്.സി.പി ഫണ്ട് |
| ചെലവ് | 203000(ബിൽ നം-1/18-19/18.-01.19)<br>203000(ബിൽ നം-2/18-19/27-03.19) |

വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുക, കുട്ടികൾ, മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർക്ക് ബോധവൽക്കരണ പരിപാടികൾ, കുട്ടികളുടെ ശാരീരിക, മാനസിക ,ആരോഗ്യസംരക്ഷണം എന്നിങ്ങനെയുള്ള പരിപാടികളാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യം വെച്ചിരുന്നത്. ടി പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി ആക്ടീവ് മൈൻഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് പ്രോജക്ടുകളും

നടപ്പിലാക്കിയിട്ടുണ്ട്. പൊതു വിഭാഗത്തിൽ ടി പദ്ധതി നടപ്പിലാക്കിയതിന് 203000/- രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (രസീത് നം-337 തീയതി ഇല്ല ). എസ്.റ്റി വിഭാഗത്തിലേക്ക് ടി പ്രോജക്ട് നടപ്പിലാക്കിയതിന് ഇൻവോയ്സ് നം.524//07.01.19 പ്രകാരം 25000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വിഭാഗത്തിലേക്ക് ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും 2018-19 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ മൂന്ന് വിഭാഗത്തിലേക്ക് പ്രത്യേകം പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.2/20.01.2020) ജനറൽ വിഭാഗത്തിനും എസ്.സി,എസ്.റ്റി വിഭാഗത്തിനുമായി പ്രത്യേകം മോട്ടിവേഷണൽക്ലാസ്സ് സംഘടിപ്പിക്കാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും വേർതിരിച്ച് ക്ലാസ്സ് നടത്തുന്നത് കുട്ടികൾക്ക് മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കും എന്നതു കൊണ്ട് ജനറൽ വിഭാഗം കുട്ടികളുടെയൊപ്പം തന്നെയാണ് എസ്.സി-എസ്.റ്റി കുട്ടികൾക്കും മോട്ടിവേഷണൽ ക്ലാസ്സ് സംഘടിപ്പിച്ചത് എന്നുമാണ് മറുപടി നൽകിയത്. എന്നാൽ സ്കൂളുകളിൽ ഇത്തരത്തിലുള്ള മോട്ടിവേഷണൽ ക്ലാസ്സുകൾക്ക് വേണ്ടി ജനറൽ, എസ്.സി,എസ്.റ്റി വിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേകം പ്രോജക്ടുകൾ വെക്കേണ്ടതിന്റെ സാഹചര്യം വ്യക്തമല്ല. മൂന്ന് പ്രോജക്ടുകൾ വെക്കുകയും ഓരോന്നിനും ആക്റ്റീവ് മൈന്റ് എന്ന സ്ഥാപനത്തിന് പ്രത്യേകം പേമെന്റ് നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഒറ്റ പ്രോജക്ടായാണ് നടപ്പിലാക്കിയതെന്ന് മറുപടിയിൽ വ്യക്തമാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ എസ്.ടി.വിഭാഗത്തിനായി ചെലവഴിച്ച 25,000/- രൂപ അധികച്ചെലവാണ്. ഇത്തരം പ്രോജക്ടുകൾ ശരിയായ രീതിയിൽ വിശകലനം നടത്തി, പ്രായോഗികസമീപനത്തോടെ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 ദേശീയ നഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം)

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയം തൊഴിൽ ഘടക പദ്ധതി പ്രകാരം നഗരസഭകൾ വഴി നഗര ദരിദ്രർക്ക് തങ്ങളുടെ താൽപര്യങ്ങൾക്കും, അഭിരുചിക്കും അനുയോജ്യമായ രീതിയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നൽകുന്നതിനും, ടി പ്രവർത്തനങ്ങളിലൂടെ ദരിദ്രരെ സ്വയം പര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇവയ്ക്കു പുറമെ വ്യക്തിഗത സംരംഭങ്ങൾ, സ്വയം സഹായ സംഘങ്ങൾ തെരുവ് കച്ചവടക്കാർ എന്നിവർക്ക് സാങ്കേതിക വിദ്യകൾ , വിപണന സേവനങ്ങൾ ലഭ്യമാക്കുകയെന്നതും ഈ ഘടകത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ആണ്. ദേശീയ നഗര ഉപജീവനമിഷൻ കേരളത്തിലെ എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ സി.ഡി.എസ്സു കളെ റിസോഴ്സ് ഓർഗനൈസേഷനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

അയൽക്കൂട്ടങ്ങൾക്കുള്ള ലിങ്കേജ് ലോൺ സബ്സിഡി കുടുംബശ്രീ സി.ഡി.എസ്സിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. വ്യക്തിഗത സംരംഭങ്ങൾക്കും ഗ്രൂപ്പ് സംരംഭങ്ങൾക്കും ബാങ്കിൽ നിന്നും മൂലധനം ഒരുക്കി പലിശ ഇളവും അനുവദിക്കുന്നു. 7%ത്തിനു മുകളിൽ ബാങ്ക് ഈടാക്കിയ പലിശയാണ് പലിശ സബ്സിഡിയായി നൽകുന്നത്. തൻവർഷം പലിശ സബ്സിഡിയിനത്തിൽ 290728/-രൂപ ചെലവഴിച്ചിട്ടുണ്ട്. 20 ADS കൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കാനായി ലഭിച്ച 1000000/-രൂപയിൽ 850,000/- രൂപ മാത്രമേ തൻവർഷം ADSകൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. 150,000/-രൂപ സി.ഡി.എസിന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക എ.ഡി.എസുകൾക്ക് വിതരണം ചെയ്ത് റിവോൾവിംഗ് ഫണ്ട് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടെന്നും ഗ്രൂപ്പുകൾക്ക് നൽകിയ തുക റിവോൾവ് ചെയ്യപ്പെടുന്നുണ്ടെന്നും നഗരസഭയിലെ എൻ.യു.എൽ.എം.മിഷൻ ഉറപ്പു വരുത്തേണ്ടതാണ്.

നഗരസഭയുടെ എൻ.യു.എൽ.എം അക്കൗണ്ട് കേരള ഗ്രാമീൺ ബാങ്ക് ഈരാറ്റുപേട്ട ശാഖയിലുള്ള അക്കൗണ്ടിലാണ് (A/c No.40545101020436). പ്രസ്തുത അക്കൗണ്ടിന്റെ തൻവർഷത്തെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 97234 |
| വരവ് | 2782202 |
| പലിശ | 21693 |
| ആകെ | 2901129 |
| ചെലവ് | 2639615 |
| നീക്കിയിരുപ്പ് | 261514 |

# 1-44 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിലെ അപാകതകൾ

നഗരസഭയിൽ 2018-19 വർഷം ടെണ്ടർ വഴി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിൽ അപാകതകൾ കാണുന്നു. ടെണ്ടർ ലഭിക്കുമ്പോൾ ആകെ രണ്ടു ടെണ്ടറുകൾ ലഭിച്ചതിൽ 5മുതൽ 10% വരെ കുറവ് തുക ക്വാട്ട് ചെയ്യാത്തതിനാൽ ടെണ്ടർ തള്ളി റീ ടെണ്ടർ ക്ഷണിക്കുന്നു.റീ ടെണ്ടറിൽ ആദ്യ ടെണ്ടറിൽ പങ്കെടുത്ത ഒരാൾ മാത്രം പങ്കെടുക്കുകയും, പ്രസ്തുത റീ ടെണ്ടറും 5% മുതൽ 10% വരെ കുറവ് രേഖപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ തള്ളുകയും ചെയ്യുന്നു. പിന്നീട് ക്വട്ടേഷൻ ക്ഷണിക്കുകയും ക്വട്ടേഷനിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ആദ്യ ടെണ്ടറിൽ ക്വോട്ട് ചെയ്ത തുകയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്ത് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്യുന്ന പ്രവണതയാണ് നഗരസഭയിൽ നിലനിൽക്കുന്നത്. തൻവർഷം നടപ്പിലാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും ഇപ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത്.

റീ ടെണ്ടറിൽ മതിയായ എണ്ണം ടെണ്ടർ ലഭിച്ചില്ലെങ്കിലോ സമർപ്പിച്ച ടെണ്ടർ സ്വീകാര്യമല്ലെങ്കിലോ നഗരസഭയുടെ സമ്മതത്തോടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് കരാറുകാരനോട് നെഗോഷ്യേറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ നഗരസഭയിൽ പാലിച്ചു കാണുന്നില്ല. ഇത്തരത്തിൽ നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ടെണ്ടറിൽ പങ്കെടുത്തവർ, ക്വോട്ട് ചെയ്ത തുക | റീടെണ്ടറിൽ പങ്കെടുത്തവർ ക്വോട്ട് ചെയ്ത തുക | ക്വട്ടേഷനിൽ പങ്കെടുത്തയാൾ ക്വോട്ട് ചെയ്ത തുക |
|---|---|---|---|---|
| മാതാക്കൽ തോട് ഹാൻഡ് റെയിൽ വാർഡ് 5 , 30/19 | 50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ബിന ജോർജ് മണ്ഡപത്തിൽ , പൂഞ്ഞാർ-49937<br>ജോമി മാത്യു , പ്ലാത്തോട്ടത്തിൽ -49918 | ജോമി മാത്യു-49838 | ജോമി മാത്യു-49938 |
| ശിഹാബ് തങ്ങൾ മുണ്ടക്കപ്പറമ്പ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് 39/19 | 149,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | മൻസൂർ പി.എ. പുത്തൻ പറമ്പിൽ , ഈരാറ്റുപേട്ട-148785.28<br>സുനിൽ പി.എസ്, പാണ്ടൻകല്ലുങ്കൽ ,തലനാട് -148934.38 | മൻസൂർ പി.എ.-148934 | മൻസൂർ പി.എ.-148934 |
| പാറത്തോട് റോഡ് പുനരുദ്ധാരണം വാർഡ് 2 , 6/19 | 125,000 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ജോമി മാത്യു-124317<br>ബിനജോർജ് -124553 | ജോമി മാത്യു-120774 | ജോമി മാത്യു-12454 |
| വട്ടക്കയം വാഴമറ്റം റോഡിൽ മുത്തുക്കോലി ഭാഗത്ത് സംരക്ഷണ ഭിത്തി വാർഡ് 5,28/19 | 100,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ബിനജോർജ് ജോർജ് -99827<br>ജോമി മാത്യു- 99768 | ജോമി മാത്യു--96832 | ജോമി മാത്യു--99827 |
| ആസാദ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 21, 92/19 | 75000/- | അബ്ദുൾ ഫെയിസി,പഴയിടത്ത് -74902.87 | അബ്ദുൾ ഫെയിസി -74908 | അബ്ദുൾ ഫെയിസി -74908 |

| | | | | |
|---|---|---|---|---|
| | | മുഹമ്മദ് അസ്യാം -74907.92 | | |
| തടവനാൽ തൈപ്പറമ്പ് റോഡ് , 91/19 | 100,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | അബ്ദുൾ ഫെയിസി -99874.45<br>മുഹമ്മദ് അസ്യാം-99877.22 | അബ്ദുൾ ഫെയിസി -99877 | അബ്ദുൾ ഫെയിസി -99877 |
| കരീത്ര റോഡ് കോൺക്രീറ്റിംഗ് – വാർഡ് 28,113/99 | 50,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | അബ്ദുൾ ഫെയിസി -49910<br>മുഹമ്മദ് അസ്യാം-49913 | അബ്ദുൾ ഫെയിസി-49913 | അബ്ദുൾ ഫെയിസി-49913 |
| പൊന്തനാൽ പറമ്പ് ചായി പറമ്പ് റോഡ് കോൺക്രീറ്റിംഗ്-41/19 | 100,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | സുനിൽ പി.എസ് -99877.22<br>മൻസൂർ പി.എ -99775.46 | മൻസൂർ പി.എ-99877 | മൻസൂർ പി.എ-99877 |
| മാർക്കറ്റ് റോഡ് വഞ്ചാങ്കൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ്-89/19 | 50,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | ബിനുജോർജ് -49992<br>ജോമിമാത്യു -49653 | ജോമിമാത്യു-49878 | ജോമിമാത്യു-49978 |
| മാതാക്കൽ തോട് ഹാൻഡ് റെയിൽ വാർഡ് 5 -30/19 | 50,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | ബിനുജോർജ്-49937<br>ജോമിമാത്യു-49918 | ജോമിമാത്യു-49838 | ജോമിമാത്യു-49938 |

ഇപ്രകാരം ടെണ്ടർ നടപടിക്രമങ്ങളിൽ പാലിക്കേണ്ട ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.13/22.01.2020) നൽകിയതിന് മറുപടി ഹാജരാക്കിയിട്ടില്ല. ഭൂരിഭാഗവും ആദ്യ ടെണ്ടറിലും കൂടിയ തുകയ്ക്കാണ് ക്വട്ടേഷൻ പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. ഇപ്രകാരം പ്രവൃത്തികൾ ഏറ്റെടുത്തതുമൂലം നഗരഭയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സമയ നഷ്ടവും, റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾക്കായി പത്രപ്പരസ്യം, നോട്ടീസ് ചാർജ് എന്നീയിനങ്ങളിൽ അധിക ചെലവുമാണ് ഉണ്ടായിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങൾ പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചുകൊണ്ട് തന്നെ നടപ്പിലാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതും, ഇത്തരം വിഷയങ്ങളിൽ കൗൺസിലിന് ആവശ്യമായ ഉപദേശങ്ങൾ നൽകാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതുമാണ്.

## 1-45 ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കി -കൺവീനർക്ക് അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ -മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് നം.SO214/19
പ്രോജക്ടിന്റെ പേര് -ലക്ഷം വീട് കോളനി റോഡ് പുനരുദ്ധാരണം

അടങ്കൽ -100,000വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

കൺവീനർ – മുഹമ്മദ് ഷിജാസ് ,പാറത്താഴയിൽ ,അരുവിത്തുറ

എം.ബുക്ക് നം.150/2017-18,എഗ്രിമെന്റ് നം.50/ME/2016-17 തീ 7.2.2017

ബിൽ നം.9/18-19 തീ 24.5.18

നഗരസഭ പ്രസ്തുത മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ് ചാർജ്

ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&pwB2/266/2016-Fin കത്ത്, തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.5.17 ലെ ഡിബി 3/6512(B)/ 13/CE / ത.സ്വ.ഭ.വ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്നപ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചാൽ മതിയെന്ന നിർദ്ദേശമുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ബിൽ തുകയിൽ നിന്നും ഓവർഹെഡ് ചാർജിനത്തിൽ അധികമായി 2.5% തുക കൂടി കൺവീനർക്ക് നൽകാനിടയായി. കൂടാതെ സർക്കുലർ നം.DB3-9058/17/CE/LSGD തീ.16.3.18 പ്രകാരം 1.7.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം കുറവ് ചെയ്യാതെയാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്.

ആകെ വേലമൂല്യം – 97103/-

7.5% കുറവ് ചെയ്യേണ്ടതിനാൽ നൽകാവുന്ന തുക -97103x1.025/1.10 =90482

അധികം നൽകിയ തുക- 97103-90482 =6621

കൺവീനർക്ക് അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.26/23.01.2020)യ്ക്ക് മറുപടി ഹാജരാക്കിയില്ല. കൺവീനർക്ക് അധികം നൽകിയ തുക മുനിസിപ്പൽ എഞ്ചിനീയറിൽനിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-46 പി.എം.എ.വൈ ലൈഫ് മിഷൻ ഭവനപദ്ധതി

നഗരസഭകളിൽ നടപ്പിലാക്കികൊണ്ടിരുന്ന പി.എം.എ.വൈ ഭവനപദ്ധതി സ.ഉ.(സാധാ) നം.1804/2018/ ത.സ്വ.ഭ.വ തീ 2.7.18 ഉത്തരവ് പ്രകാരം പി.എം.എ.വൈ ലൈഫ് മിഷൻ എന്ന പേരിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചു. പി.എം.എ.വൈ ഭവനപദ്ധതിയ്ക്കായി നഗരസഭ യൂണിയൻ ബാങ്ക് ഈരാറ്റുപേട്ട ശാഖയിലുള്ള 720102010002777നമ്പർ അക്കൗണ്ടിലാണ് കേന്ദ്ര-സംസ്ഥാന വിഹിതം ക്രെഡിറ്റ് ചെയ്യുന്നത്. 2018-19 വർഷം ഭവനനിർമ്മാണത്തിനായി 580,80,000/-രൂപയും, സർവേ, ഡി.പി.ആർ തയ്യാറാക്കൽ എന്നീയിനങ്ങൾക്കായി 63899/- രൂപയുമുൾപ്പടെ തൻവർഷം കേന്ദ്ര വിഹിതമിനത്തിൽ 581,43,899/-രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. തൻവർഷം പി.എം.എ.വൈ ലൈഫ് ഭവനനിർമ്മാണത്തിനായി നഗരസഭാ വിഹിതം ജനറൽ വിഭാഗത്തിനായി 34,54,400/-രൂപയും,എസ്.സി.പി വിഭാഗത്തിന് 192,600/-രൂപയും ടി.എസ്.പി.വിഭാഗത്തിനായി 132600/- രൂപയും പി.എം.എ.വൈ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി ഹഡ്കോയിൽ നിന്നും 230,00,000/-രൂപ വായ്പ എടുത്തത് 20.2.19ൽ നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ടി തുക നഗരസഭയുടെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ടി തുക 115 ഗുണഭോക്താക്കൾക്കായി 4-ാം ഗഡു 2,00,000/-രൂപ വീതം നൽകി പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ടി.എസ്.പി.വിഭാഗത്തിൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട ആളുകൾ ഇല്ലാതിരുന്നതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ടി.എസ്.പി വിഭാഗത്തിന് ഭവനനിർമ്മാണത്തിനായി നഗരസഭയിൽ നിന്നും നൽകിയ തുക ചെലവഴിയ്ക്കാൻ സാധിക്കാത്ത പക്ഷം ടി തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

പി.എം.എ.വൈ ലൈഫ് ഭവനപദ്ധതിയ്ക്കായി 2018-19 വർഷം ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| കേന്ദ്ര-സംസ്ഥാന വിഹിതം | 580,80,000 | 54540000 |
| പദ്ധതി വിഹിതം (2017-18 ലെ നീക്കിയിരുപ്പ് ഉൾപ്പടെ) | 4925350 | 4770000 |
| ഹഡ്കോ വായ്പ | 230,00,000 | 230,00,000 |
| ആകെ | 86005350 | 82310000 |

പി.എം.എ.വൈ. ലൈഫ് ഭവനപദ്ധതിയ്ക്കായി ആദ്യ ഗഡു കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുകകളുടെ /തീയതി |
|---|---|
| | |

| | |
|---|---|
| ഫൈസൽ,ചാത്തുകം പറമ്പിൽ | 30,000/17.12.18 |
| ഹബീബ ജലാൽ ,വലിയ വീട്ടിൽ | 30,000/17.12.18 |
| മിനിമോൾ സി.കെ,നീണ്ടുകുന്നേൽ | 30,000/28.11.18 |
| ലൈല സലീം,പുഴക്കര | 30,000/17.2.19 |
| കെ.സുലൈഖ,പാളയം പറമ്പിൽ | 30,000/28.11.18 |
| എൈഷ സലീം,കൊരണ്ടിപ്പറമ്പിൽ | 30,000/15.12.19 |
| സുലൈഖ കെ കല്ലോലിൽ | 30,000/17.2.19 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ആദ്യ ഗഡുവായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-47 വിവിധ ഫോമുകളുടെ വിതരണം-രജിസ്റ്റർ സൂക്ഷിക്കുകയോ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല

നഗരസഭയിൽ നിന്നും ലഭിക്കേണ്ട വിവിധ സേവനങ്ങളുടെയും സർട്ടിഫിക്കറ്റുകളുടെയും ആവശ്യത്തിലേക്കായി ഫോമുകൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്തു വരുന്നുണ്ട്. ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ജനന-മരണ സർട്ടിഫിക്കറ്റുകൾ, ജനന മരണ സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ, ഉടമസ്ഥവകാശ മാറ്റത്തിനുള്ള സർട്ടിഫിക്കറ്റ്, വിവിധ ലൈസൻസുകൾക്കുള്ള ഫോമുകൾ, വിവാഹ സർട്ടിഫിക്കറ്റ് മുതലായവയുള്ള ഫോം 10 രൂപ നിരക്കിലാണ് നൽകി വരുന്നത്. എന്നാൽ ഫോമുകളിൽ സീരിയൽ നമ്പരുകൾ രേഖപ്പെടുത്താതെയാണ് വിതരണം ചെയ്യുന്നത്. കൂടാതെ ഫോമുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. 21.1.2020 ൽ നടത്തിയ കാഷ് വേരിഫിക്കേഷനിൽ ഡേ ബുക്ക് പ്രകാരം 18606 രൂപയും ഫിസിക്കൽ വേരിഫിക്കേഷനിൽ 18728 രൂപയും നീക്കിയിരുപ്പ് കണ്ടെത്തി. ഫോമുകളുടെ തുകയും ഉൾപ്പെട്ടതിനാലാണ് തുകയിൽ വ്യത്യാസം വന്നതെന്നും കാഷ് ക്ലോസ് ചെയ്യുമ്പോൾ വ്യത്യാസമുള്ള തുക സെയിൽ ഓഫ് ഫോംസ് എന്ന പേരിൽ രസീതാക്കുകയുമാണ് ചെയ്തു വരുന്നതെന്നുമാണ് മറുപടി ലഭിച്ചത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഫോമുകളുടെ വിതരണത്തിനായി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും ക്രമ നമ്പർ രേഖപ്പെടുത്തി ഫോമുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണം ചെയ്യുന്ന ഫോമുകളുടെ എണ്ണം കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും ഓരോ ദിവസവും വരവു വരുന്ന തുക കണക്കാക്കി നഗരസഭാ ഫണ്ടിൽ അടവാക്കി രസീത് രജിസ്റ്ററിൽ പതിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-48 ദുരിതാശ്വാസനിധി രൂപീകരിച്ചിരുന്നില്ല

1994 -ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും 2003 ലെ കേരളാ മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ നഗരസഭയിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭ പ്രദേശത്ത് ജീവിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>ഭാഗം -2</u>**

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 തയ്യൽ മെഷീൻ വിതരണം - പ്രോജക്ട് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം

എ) നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന രണ്ടു പ്രോജക്ടുകൾ പ്രകാരം നഗരസഭ തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്തിരുന്നു. ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത വരിക്കാനിക്കൽ ഏജൻസീസ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നായിരുന്നു രണ്ടു പ്രോജക്ടുകൾക്കും വാങ്ങൽ നടത്തിയത്.

1. പ്രോജക്ട് നം 142/19 പട്ടികജാതി വനിതകൾക്ക് തയ്യൽമെഷീൻ വാങ്ങിനൽകൽ എന്ന പ്രോജക്ടിൽപ്പെടുത്തി നഗരസഭ തയ്യാറാക്കിയ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10വനിതകൾക്ക് 6000/- രൂപ നിരക്കിലുള്ള തയ്യൽമെഷീനുകൾ 60000/-രൂപ (ബിൽ നം. 74/26-3-19) ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തിരുന്നു.

2)Proj No 143/19 പട്ടികവർഗ്ഗ വനിതകൾക്ക് തയ്യൽമെഷീനുകൾ വാങ്ങിനൽകൽ എന്ന പ്രോജക്ടിൽപ്പെടുത്തി നഗരസഭ തയ്യാറാക്കിയ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5വനിതകൾക്ക് 6000/- രൂപ നിരക്കിലുള്ള തയ്യൽമെഷീനുകൾ 30000/-രൂപ (ബിൽ നം73/28-3-19) ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തിരുന്നു.

സർക്കാർ ഉത്തരവ് (കൈ) നം 22/2018 തസ്വഭവ തീയതി 14-2-2018 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തയ്യൽമെഷീനുകൾ വാങ്ങി വിതരണം ചെയ്യുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി രണ്ടുപ്രോജക്ടിനും കൂടി 90000/-രൂപ ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/21-1-2019) മറുപടി ലഭ്യമായില്ല. പ്രോജക്ട് നിയമാനുസൃതമാണെന്നും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും ഉറപ്പുവരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ കർത്തവ്യമാണ്. ഇത്തരത്തിൽ മാർഗരേഖയ്ക്ക് വിരുദ്ധമായി തയ്യാറാക്കിയ പ്രോജക്ടിന് വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനും അംഗീകാരം നൽകിയിരുന്നു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്ത് സർക്കാർ ഫണ്ടിന് അധികചെലവ് വരുത്തിവച്ചതിൽ നിർവ്വഹണോദ്യോഗസ്ഥയായിരുന്ന സെക്രട്ടറി ശ്രീമതി കവിത എസ്.കുമാർ, വെറ്റിംഗ് നടത്തിയ റീജണൽ ജോയിന്റ് ഡയറക്ടറുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. രാജു വി.റ്റി എന്നിവർക്ക് തുല്യ

ഉത്തരവാദിത്വമുള്ളതാണ്.

**ബി) ഊരുകൂട്ടം അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി**

പ്രോജക്ട് നം 143/19 പ്രകാരം 5 പട്ടികവർഗ്ഗവനിതകൾക്ക് തയ്യൽമെഷീൻ വിതരണം ചെയ്തിരുന്നു. ഇതിൽ 3പേർ മാത്രമാണ് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നുള്ളൂ. ഊരുകൂട്ടം പ്രസ്തുത പ്രോജക്ടിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ശ്രീമതി മോളി ദേവസ്യ, ശ്രീമതി അൻസിയ.പി.എസ്, പുളിമൂട്ടിൽ എന്നിവർ ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടിരുന്നില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തതിനും 2പേർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം32/23-1-20)മറുപടി ലഭ്യമായിരുന്നില്ല. ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടിട്ടില്ലാത്തതും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുമായ ശ്രീമതി മോളി ദേവസ്യ, ശ്രീമതി അൻസിയ.പി.എസ്, പുളിമൂട്ടിൽ എന്നിവർക്ക് നൽകിയ തയ്യൽമെഷീനുകളുടെ വിലയായ 6000x2=12000/- വിതരണം ചെയ്ത നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ.സാനന്ദസിംഗിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രസ്തുത രണ്ട് പ്രോജക്ടുകൾക്കുമായി ആകെ ചെലവഴിച്ച 90000/- രൂപയിൽ 12000/- കിഴിച്ച് ബാക്കി തുകയായ 78000/- രൂപ പദ്ധതി തയ്യാറാക്കിയും വെറ്റിംഗ് നടത്തിയതുമായ ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീമതി.കവിതാ.എസ്.കുമാർ, ശ്രീ. രാജു .വി.റ്റി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# 3-2 പിവിസി വാട്ടർടാങ്ക് വാങ്ങി നൽകൽ -സബ്സിഡി മാർഗരേഖപ്രകാരം അനുവദനീയമായതിൽ അധികം തുക ചെലവഴിച്ചു

(എ)

| | |
|---|---|
| പ്രൊ.നം 22/19 പട്ടികജാതി വിഭാഗം ആളുകൾക്ക് പിവിസി വാട്ടർടാങ്ക് | 12 പേർക്ക് ടാങ്ക് ഒന്നിന് 5000/- രൂപ നിരക്കിൽ ചെലവഴിച്ച തുക= 60000(ബിൽനം 71/26-3-19)--SCP ഫണ്ട് |
| പ്രൊ.നം 156/19 പട്ടികവർഗ്ഗ വിഭാഗം ആളുകൾക്ക് പിവിസി വാട്ടർടാങ്ക് | 5 പേർക്ക് ടാങ്ക് ഒന്നിന് 5000/- രൂപ നിരക്കിൽചെലവഴിച്ച തുക= 25000(ബിൽനം 78/28-3-19)--TSP ഫണ്ട് |

മേൽപറഞ്ഞ രണ്ടുപ്രോജക്ടുകൾക്കുമായി പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കളപ്പുരയ്ക്കൽ ഇലക്ട്രിക്കൽസ്, അരുവിത്തുറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുകയും ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് (കൈ) നം 22/2018 തസ്വഭവ തീയതി 14-2-2018 പ്രകാരം നഗരസഭയ്ക്ക് സബ്സിഡിയായി നൽകാവുന്നത് വാട്ടർടാങ്കിന്റെ വിലയുടെ 75% മാത്രമാണ്(പരമാവധി 3000/-രൂപ). കൂടാതെ ടാങ്കിന്റെ വിലയുടെ 25% തുക ഗുണഭോക്തൃവിഹിതം നഗരസഭയിൽ ഒടുക്കേണ്ടിയുമിരുന്നു. എന്നാൽ നഗരസഭ ഗുണഭോക്തൃവിഹിതം ശേഖരിച്ചിരുന്നില്ല. മേൽ രണ്ടു പ്രോജക്ടിനുമായി 17പേർക്ക് വാട്ടർടാങ്ക് വാങ്ങിനൽകുന്നതിനായി നഗരസഭയ്ക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 3000x17=51000/-രൂപ മാത്രമാണ്. എന്നാൽ രണ്ടുപ്രോജക്ടിനുമായി 60000+25000=85000/-രൂപ ചെലവഴിക്കുക വഴി അധികമായി 34000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം15/21-1-19) മറുപടി ലഭ്യമായിരുന്നില്ല. അധികം നൽകിയ തുകയായ 34000/-രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീ.സാനന്ദസിംഗിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

# 3-3 ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി റേറ്റ്

# തയ്യാറാക്കിയതിനാൽ -കൺവീനർക്ക് അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ -മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്ട് നം.S0214/19പ്രോജക്ടിന്റെ പേര് -ലക്ഷം വീട് കോളനി റോഡ് പുനരുദ്ധാരണം

അടങ്കൽ -100,000വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

കൺവീനർ-മുഹമ്മദ് ഷിജാസ് ,പാറത്താഴയിൽ ,അരുവിത്തുറ

എം.ബുക്ക് നം.150/2017-18,എഗ്രിമെന്റ് നം.50/ME/2016-17 തീ 7.2.2017

ബിൽ നം.9/18-19 തീ 24.5.18

നഗരസഭ പ്രസ്തുത മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നിർമ്മാണം നടത്തിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&pwB2/266/2016-Fin കത്ത്, തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.5.17 ലെ ഡിബി 3/6512(B)/13/CE / ത.സ്വ.ഭ.വ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്നപ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചാൽ മതിയെന്ന നിർദ്ദേശമുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ബിൽ തുകയിൽ നിന്നും ഓവർഹെഡ് ചാർജിനത്തിൽ അധികമായി 2.5% തുകയിൽ കൂടി കൺവീനർക്ക് നൽകാനിടയായി.കൂടാതെ സർക്കുലർ നം.DB3-9058/17/CE/LSGD തീ.16.3.18 പ്രകാരം 1.7.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഗുണസമിതി വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം കുറവ് ചെയ്യാതെയാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്.

ആകെ വേലമൂല്യം -97103

7.5% കുറവ് ചെയ്യേണ്ടതിനാൽ നൽകാവുന്ന തുക -97103x1.025/1.10 =90482

അധികം നൽകിയ തുക- 97103-90482 =6621

കൺവീനർക്ക് അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/23.01.2020ക്ക് മറുപടി ഹാജരാക്കിയില്ല. കൺവീനർക്ക് അധികം നൽകിയ 6621/- രൂപ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ.സതീഷ് കുമാർ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

# 3-4 അളവുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തൽ നടത്തി-നഗരസഭക്ക് നഷ്ടവും ഗുണനിലവാരത്തിൽ കുറവും

ബഡ്സ് സ്കൂൾ വാൻ ഷെഡ് നിർമ്മാണം എന്ന 237/2018 നമ്പർ പ്രോജക്ട് (206/18-19 സ്പിൽഓവർ പ്രോജക്ട്) മുഹമ്മദ് അസ്ലം എന്നയാൾ കരാറെടുക്കുകയും 99833/- രൂപ ചെലവിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 25000 | 25000 | 2/18-19 തീ24-5-2018 |
| വികസനഫണ്ട്(ധന.ഗ്രാന്റ്) | 75000 | 74833 | 10/18-19 തീ24-5-2018 |
| ആകെ | 100000 | 99833 | |

ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ് വർക്കിന് മുകളിൽ 0.35 എം എം, ജി.ഐ ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുകയായിരുന്നു പ്രോജക്ട്. അളവുപുസ്തകപ്രകാരം ഇനം 2 (2)ആയി ചെയ്തിട്ടുള്ളത് 70x30x2.9 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയും ഇനം 2 (3)ആയി ചെയ്തിട്ടുള്ളത് 25x25x2.6എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയും ആണ്.എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ചതിൽ ഇനം 2 (2)ആയി ചെയ്തിട്ടുള്ളത് 80x40x1.2 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്(പൈപ്പിൽ ആയത് വ്യക്തമായി പ്രിന്റ് ചെയ്തിട്ടുണ്ട്).എന്നാൽ ഇനം 2 (3)ആയി ചെയ്തിട്ടുള്ള

25x25x2.6എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ള പൈപ്പിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഉപയോഗിച്ച സാധനങ്ങൾ പുനപരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകണമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ആവശ്യപ്പെട്ടെങ്കിലും എഞ്ചിനീയറിംഗ് വിഭാഗം പ്രതികരിച്ചിട്ടില്ല.അളവുപുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകിയതിലൂടെ നഗരസഭയ്ക്ക് ധനനഷ്ടം വന്നിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

അളവുപുസ്തകപ്രകാരം ഇനം 2 (2)ആയി ചെയ്ത 70x30x2.9 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 46.2 മീറ്റർ പൈപ്പിന് മീറ്ററിന് 4.12 കി.ഗ്രാം പ്രകാരം 190.34 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 18539/-രൂപ കരാറുകാരൻ നൽകി. എന്നാൽ യഥാർത്ഥത്തിൽ ചെയ്ത 80x40x1.2 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 46.2 മീറ്റർ പൈപ്പിന് മീറ്ററിന് 2.22 കി.ഗ്രാം പ്രകാരം( പൈപ്പ് വെയിറ്റ് ചാർട്ട് പ്രകാരം) 102.56 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 9989/-രൂപ കരാറുകാരന് നല്കിയാൽ മതിയാകും. ഈ ഇനത്തിൽ 8550/- രൂപ കരാറുകാരൻ അധികം നൽകി.

അളവുപുസ്തകപ്രകാരം ഇനം 2 (3)ആയി ചെയ്ത 25x25x2.6 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 75.2 മീറ്റർ പൈപ്പിന് മീറ്ററിന് 2.98 കി.ഗ്രാം പ്രകാരം 224.09 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 21826/-രൂപ കരാറുകാരന് നല്കി. എന്നാൽ യഥാർത്ഥത്തിൽ 25x25x2.6 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി 75.2 മീറ്റർ പൈപ്പിന് മീറ്ററിന് 1.69 കി.ഗ്രാം പ്രകാരം( പൈപ്പ് വെയിറ്റ് ചാർട്ട് പ്രകാരം) 127.08 കി.ഗ്രാം കണക്കാക്കി കി.ഗ്രാമിന് 97.4 രൂപ നിരക്കിൽ 12378/-രൂപ കരാറുകാരൻ നൽകിയാൽ മതിയാകും. ഈ ഇനത്തിൽ 9448/- രൂപ കരാറുകാരന് അധികം നൽകി.(25x25x2.6 എം എം പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തി പുന:പരിശോധിച്ച് കനത്തിൽ കുറവുണ്ടെങ്കിൽ ആയതു കൂടി പരിഗണിക്കേണ്ടതാണ്).

ഇനം 1 പ്രകാരമുള്ള നഷ്ടം 8550/- രൂപ അളവുപുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതോടൊപ്പം കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതിന് വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇനം 2 പ്രകാരമുള്ള നഷ്ടം 9448/- രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അളവുപുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ വിഷയത്തിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി പ്രവൃത്തി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.09.2019-22.09.2019 | കെ എസ് എ കെ ടി എം പി-17/1323/ 2019, 29.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

സംയുക്തപ്രോജക്ടുകൾക്ക് ഫണ്ട് ലഭിച്ചിട്ടില്ല

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വഞ്ചാങ്കൽ കോളനി റോഡ്- | 17273/- | - | 17273/- |

| | | | | |
|---|---|---|---|---|
| | വൈദ്യുതപോസ്റ്റ് മാറ്റുന്നതിന് | | | |
| | കണിയംകുന്ന് റോഡ്- വൈദ്യുതപോസ്റ്റ് മാറ്റുന്നതിന് | 13849/- | | 13849/- |
| | അതിർത്തി റോഡ് -വൈദ്യുതപോസ്റ്റ് മാറ്റൽ | 41951/- | | 41951/- |
| | തേവരുപാറ മാലിന്യപ്ലാന്റിന് ത്രീഫേസ് കണക്ഷൻ | 134661/- | | 134661/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 230,00,000/- രൂപ വരവുണ്ട്. ഹഡ്കോയിൽ നിന്നും പി.എം.എ.വൈ ലൈഫ് ഭവനപദ്ധതിയ്ക്കായി തൻവർഷം വായ്പ എടുത്ത ടി തുക തൻവർഷം തന്നെ ഗുണഭോക്താക്കൾ വിതരണം ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)നം. 68/2018/ ത.സ്വ.ഭ.വ തീ.18.5.18 | 230,00,000 | --- | -- | -- | 230,00,000 |

നഗരസഭയുടെ വാർഷിക കണക്കിൽ ഹഡ്കോയിൽ നിന്നും ലഭിച്ച വായ്പാതുക വരവായി ഉൾപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ പി.എഫ്.വായ്പയിനത്തിൽ നൽകാൻ അവശേഷിക്കുന്ന തുകയാണ് B5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# 4-6 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

സ്ഥിരനിക്ഷേപമായി ക്ലീൻ കേരള കമ്പനിയുടെ 1000 രൂപ മൂല്യമുള്ള 2000 ഷെയറുകൾ (ആകെ മൂല്യം 20 ലക്ഷം രൂപ) നഗരസഭ വാങ്ങിയിട്ടുണ്ട്.

# 4-7 ഓഡിറ്റ് റിക്കവറി

നഗരസഭയിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ 2018-19 വർഷം വരവില്ല. വാർഷികധനകാര്യ പത്രികയിൽ 350200125 ഓഡിറ്റ് റിക്കവറി എന്ന ശീർഷകത്തിൽ 196216 /- രൂപ വരവ് ചേർത്തിരുന്നുവെങ്കിലും ആയത് യഥാർത്ഥത്തിൽ ഓഡിറ്റ് റിക്കവറിയിനത്തിലെ വരവല്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഈരാറ്റുപേട്ട നഗരസഭയുടെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടില്ല.

# 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ

# വിവരം

ഇപ്രകാരം തുകകൾ ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 161805508(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 138095506 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 148619 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5027673 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12000 | ശ്രീ.സാനന്ദ് സിംഗ്, സെക്രട്ടറി |
| | | 78000 | ശ്രീമതി കവിത എസ്.കുമാർ,സെക്രട്ടറി |
| 3-2 | | 34000 | ശ്രീ.സാനന്ദ് സിംഗ്, സെക്രട്ടറി |
| 3-3 | | 6621 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ(ഇൻചാർജ്) |
| 3-4 | | 4275 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ(ഇൻചാർജ്) |
| | | 4275 | ശ്രീ.ബിജു കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 4724 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ(ഇൻചാർജ്) |
| | | 4724 | ശ്രീ.ബിജു കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| **ആകെ** | | 148619 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,40,000 | ശ്രീ.സാനന്ദ് സിംഗ്, സെക്രട്ടറി |
| 1-19 | 68857 | ശ്രീമതി രാജശ്രീ.പി.നായർ, സെക്രട്ടറി |
| 1-24 | 45000 | ശ്രീമതി.മിനി.പി.എ(സൂപ്രണ്ട്)ഇൻചാർജ് സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-26 | 46354 | ശ്രീമതി രാജശ്രീ.പി.നായർ, സെക്രട്ടറി |
| 1-27 | 448757 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ(ഇൻചാർജ്) |
| 1-28 | 69497 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ(ഇൻചാർജ്) |
| | 1152344 | ശ്രീമതി. അതുല്യ.എ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-30 | 454358 | ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ(ഇൻചാർജ്) |
| 1-31 | 466522 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 1-34 | 525000 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| 1-35 | 229360 | ശ്രീമതി.മിനി.പി.എ(സൂപ്രണ്ട്)ഇൻചാർജ് സെക്രട്ടറി |
| 1-37 | 51000 | ശ്രീ.സാനന്ദ് സിംഗ്, സെക്രട്ടറി |
| 1-38 | 250000 | ശ്രീമതി.മിനി.പി.എ(സൂപ്രണ്ട്)ഇൻചാർജ് സെക്രട്ടറി |
| 1-39 | 80624 | ശ്രീമതി.മിനി.പി.എ(സൂപ്രണ്ട്)ഇൻചാർജ് സെക്രട്ടറി |
| 1-41 | 855041 | ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി |
| | 144959 | ശ്രീമതി മിനി.പി.എ(സൂപ്രണ്ട്)ഇൻചാർജ് സെക്രട്ടറി |
| **ആകെ** | 5027673 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കവിത എസ്.കുമാർ, സെക്രട്ടറി | നഗരസഭാ സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ | ഗംഗ നിവാസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗിന് സമീപം, മൂവാറ്റുപുഴ പി.ഒ. |
| ശ്രീ.സതീഷ്കുമാർ, മുനിസിപ്പൽ എഞ്ചിനീയർ (ഇൻചാർജ്) | ഓവർസിയർ,ഈരാറ്റുപേട്ട നഗരസഭ | കരിങ്ങാട്ടിൽ വീട്, കൈപ്പുഴ നോർത്ത്, കുളനട പി.ഒ., പന്തളം-689503 |
| ശ്രീ.സാനന്ദ സിംഗ്, സെക്രട്ടറി | സെക്രട്ടറി, ഈരാറ്റുപേട്ട നഗരസഭ | റ്റോഷ് വില്ല പാമ്പാട്ടുംകുഴി, പാലൂർകോണം പാറശാല പി.ഒ., തിരുവനന്തപുരം |
| ശ്രീ.ബിജു കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എം.ജി.എസ്.വൈ. ജില്ലാ പഞ്ചായത്ത് കെട്ടിടം, ആലപ്പുഴ | വിസ്ഡം ഗാർഡൻ, മണ്ണന്തല, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 01.11.2015 മുതൽ 31.03.2016 വരെയുള്ള കാലയളവിലെ | നം.കെ.എസ്.എ-കെ.ടി.എം.പി8/91/2017 | 42 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി17/1517/2017/19.2.18 | 26 |
| 2017-18 | നം.കെ.എസ്.എ-കെ.ടി.എം.പി17/191/2019/21-3-19 | 39 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി17/108/2020** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 07.05.2020**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി

നിയമത്തിലെ 295-(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും **കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭയുടെ 2018-19** വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ ഉള്ളതിനാൽ **ഈരാറ്റുപേട്ട നഗരസഭയുടെ 2018-19** വർഷത്തെ ധനകാര്യ പത്രിക നഗരസഭയുടെ വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയില്ല.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**